# വിദ്യാഭിവർദ്ധിനി.

ഒരു ഉൽകൃഷ്ടപത്രഗ്രന്ഥം.

പുസ്തകം 2 | ലക്കം 12



ഉപവാസയജ്ഞം.

ഹിന്ദു-മുസ്ലീം ഐക്യം സാധിക്കാൻ മഹാത്മജി 1948 ജനവരി 13 ാംനു- പകൽ 11 മണിക്ക് നിരാഹാരവ്രതം ആരംഭിച്ചിരിക്കുന്നു.

1947 DECEMBER

As/8

# വിഷയവിവരം.

1 പ്രാഥമികവിദ്യാലയങ്ങളിലെ ഷിഫ്റ്റുസിസ്റ്റം — G. P.
2 സർദാർ പട്ടേൽ — പി. കെ. വാസുദേവൻ നായർ B. A.
3 ജീവിതയാത്ര — തെരുവത്തു രാമൻ
4 പെൻഷൻ (ചെറുകഥ) — ജഗതി, എൻ. കെ. ആചാരി B. Sc.
5 ജയിൽപ്പുള്ളി — എൻ. രവീന്ദ്രനാഥൻനായർ B. A. B. L.
6 സി. വി. യുടെ ജീവചരിത്രം — കുടപ്പനാട്ടു മാധവൻപിള്ള B. A.
7 ജ്യോതിഷപംക്തി:— സംശയങ്ങളും വാദപ്രതിവാദങ്ങളും.
8 ശാസ്ത്രപംക്തി:— റേഡിയം — എം. കെ. രാമകൃഷ്ണൻനായർ B. A. L. T.
9 സിനിമാപംക്തി:— ചലച്ചിത്രചുംബനം — D R. N.
10 പലതിൽചിലത്.
11 സംഗീതപംക്തി: — പാശ്ചാത്യസംഗീതവും ഭാരതീയസംഗീതശാഖകളും — റ്റി. കെ. ശങ്കരൻനായർ B. A B. L.
12 ഗ്രന്ഥാവലോകനം: —
 1 ജീവകാഹളം
 2 അടിമ.
13 സുപ്രസിദ്ധ ചിത്രകാരനായ നിക്കോളസ് റോറിക്ക്.
14 മംഗളവചനങ്ങൾ — ഡി. ശ്രീമാൻനമ്പൂതിരി.
15 ശ്രീ ശാരദോപാഖ്യാനം — ലേഡീവിദ്വാൻ, മുതുകുളം പാർവതിഅമ്മ.

## വരിസംഖ്യ.

"വിദ്യാഭിവർദ്ധിനി" രണ്ടാംപുസ്തകം 12-ാമത്തെ ലക്കവും പുറത്തായിരിക്കുന്നു. അടുത്തു പുറപ്പെടുന്നതു് മൂന്നാംപുസ്തകം 1-ാം ലക്കമാണു്. മുൻകൂർ വരിസംഖ്യ അടച്ചു് ഞങ്ങളെ സഹായിച്ചവർ പലരും ഉണ്ടു്. ഒരു വർഷമായിട്ടും വരിസംഖ്യ തരാതെ കഴിഞ്ഞുകൂടുന്നവരും ഇല്ലാതില്ല. അടുത്ത ലക്കം പുറപ്പെടുന്നതിനു മുൻപു്, കുടിശ്ശികക്കാർ അവരവരുടെ കുടിശ്ശിക വരിസംഖ്യ മണിയോർഡറായി അയച്ചുതന്നു് ഞങ്ങളെ സഹായിക്കണമെന്നു് അപേക്ഷ.

മാനേജർ.

വാങ്ങുവിൻ! വായിപ്പിൻ!

തിരുവല്ലാ മഹാക്ഷേത്രത്തിന്റെ
സ്ഥലപുരാണം ആസ്പദമാക്കി
സ്വതന്ത്രമായി രചിച്ചിട്ടുള്ള

**ശ്രീവല്ലഭചരിതം**

ലഘുകാവ്യം.

വില രൂപാ ഒന്നുമാത്രം.

വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി,
M. R. A. S. തുകലശ്ശേരി,
തിരുവല്ലാ A.O. & P. O.

**കർഷകബന്ധു അഥവാ കന്നുകാലിരോഗചികിത്സ**

കന്നുകാലികൾക്കു നേരിടുന്ന സകല രോഗങ്ങളുടെയും നിദാനങ്ങളും ചികിത്സകളും അടങ്ങിയതു്.

വില അണ 12

മാനേജർ, വി വി. പ്രെസ്സ്, കൊല്ലം

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൨. { ൧൧൦൨ വൃശ്ചികം. } ലക്കം ൧൨.


## * പ്രാഥമികവിദ്യാലയങ്ങളിലെ ഷിഫ്റ്റുസിസ്റ്റം.

(G. P.)

നമ്മുടെ ഗവൺമെൻറ് സമീപകാലത്തു് വിദ്യാഭ്യാസപരിഷ്കരണത്തിനു രണ്ടുകമ്മററികൾ രൂപവൽക്കരിച്ചു. സ്റ്റാത്താം കമ്മററി തിരുവിതാംകൂർമുഴുവൻ ചുററി സ്ക്കൂളുകളിലെ കണക്കുകൾ ശേഖരിച്ചു് ഒരു റിപ്പോർട്ട പരസ്യപ്പെടുത്തി. നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള സൌകര്യത്തെ പുരസ്കരിച്ചു കമ്മററി വൈസ് പ്രസിഡണ്ടിനെ ഡയറക്ടറാക്കി. പലനിർദ്ദേശങ്ങളും പ്രായോഗികങ്ങളല്ലാതെ പരാജയപ്പെട്ടത നശേഷമാണു വീണ്ടും വിദ്യാഭ്യാസപരിഷ്കരണാർത്ഥം 'പാപ്പുവത്തുകമ്മററി'യുണ്ടായതു്. പാപ്പുവത്തുകമ്മററി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന റിപ്പോർട്ട വിലയേറിയ പല വിദ്യാഭ്യാസാദർശങ്ങളേയും ഉൾക്കൊള്ളുന്നു. ആ റിപ്പോർട്ട് നടപ്പിൽവരുത്തുന്നതിനു ചുമതലപ്പെട്ടിരിക്കുന്നതു തിരുവിതാംകൂറിൽ പലവിദ്യാഭ്യാസശാഖകളിലും സേവനമനുഷ്ഠിച്ചിട്ടുള്ള ഒരു മഹാനാണു്. വിദ്യാഭ്യാസപരമായ പ്രത്യേകപാശ്ചാത്യ ഡിപ്ലോമയും സംസ്കാരവും അദ്ദേഹം നേടിയിട്ടുണ്ടു. സർവോപരി അക്ഷീണമായപരിശ്രമം അദ്ദേഹത്തിൻെറ പ്രത്യേക ഗുണമാണു്. പോരെങ്കിൽ വിദ്യാഭ്യാസസെക്രട്ടറി, കമ്മററിയുടെ സെക്രട്ടറിയായിരുന്ന മി: കൈനിക്കരയും ആണു്. ഇത്രയും സജ്ജീകരണങ്ങളോടും പാമ്പോത്തോടുമാണു് ഇതേത്തറിപ്പോർട്ട് പ്രവൃത്തിപഥത്തിൽ ഇറങ്ങിയിട്ടുള്ളതു്.

നമുക്കു ആദ്യം പ്രാഥമിക വിദ്യാഭ്യാസത്തെപ്പററിനോക്കാം. സൌജന്യപരവും സാർവത്രികവും നിർബന്ധിതവുമായ പ്രാഥമിക പദ്ധതി ഇനിവരാനിരിക്കുന്ന നാഷണൽഗവൺമെൻറിനും അഭിമാനംചെയ്യുന്ന ഒന്നാണു്. വാർദ്ധാ വിദ്യാഭ്യാസപദ്ധതി, ഈ രീതിയിലുള്ള പ്രാഥമികവിദ്യാഭ്യാസത്തെപ്പററി ചർച്ചചെയ്തശേഷം ഇൻഡ്യയിൽ ആതു സാർവത്രികമാക്കാനുള്ള സാദ്ധ്യതകളിൽ അവഗാഹപ്പെടുന്നു. ക്ഷേത്രപ്രവേശനവിളംബരത്തെയോ, അഡൾട്ടുഫ്രാൻചൈസിനേയോപോലെ വളരെ ആദരണീയമായ ഒന്നാണു ഈ പ്രൈമറിവിദ്യാഭ്യാസപരിഷ്കാരം.

പ്രൈമറിവിദ്യാഭ്യാസം നിയമംകൊണ്ടു നിർബന്ധിതമാക്കുമ്പോൾ പലപ്രയാസങ്ങളും ചിന്താവിഷയമാകുന്നു. അതിലൊന്നു കൂലിവേലകൊണ്ടു നിത്യതകഴിക്കുന്ന ബഹുഭൂരിപക്ഷം

ആളുകളും അഞ്ചുവയസ്സിനുമേൽ പ്രായമുള്ള കുട്ടികളെ പത്തുവയസ്സുവരെ പള്ളിക്കൂടങ്ങളിൽ "കളിക്കാൻ" അയയ്ക്കുന്നതാണ്. കൃഷിക്കാരനും കൂലിവേലക്കാരനും അവരുടെ കുട്ടികളുടെ സഹായം അവരുടെ തൊഴിലുകൾക്കു ഒഴിച്ചുകൂടാവുന്നതല്ല. പാടത്തിൽ വളംകൊണ്ടുപോവുക, കൂലിക്കാരനു ആഹാരംകൊണ്ടുപോവുക, കന്നുകാലികളെ മേയ്ക്കുക തുടങ്ങി കൃഷീവലന്റെ കുട്ടിക്കു ജോലികാണും. ആശാരിക്കും കൊല്ലനും അവന്റെ കുട്ടികൾ തൊഴിൽശാലയിൽ ഇരുന്നു ജോലിചെയ്യുന്നതു വളരെ സഹായമാണ്. കഴിഞ്ഞുവന്നതിക്കു നാലുകൊല്ലം പഠിച്ചു നാലാം ക്ലാസ്സ് ജയിച്ചു ഇവരെല്ലാം വീട്ടിൽനിന്നാൽ ജോലിചെയ്യാൻ വൈമുഖ്യമുണ്ടാക്കാമെന്നതിൽ കവിഞ്ഞു എന്താണു പ്രയോജനം? നിയമം ഇങ്ങനെ ഒരു വൈഷമ്യം വരുത്തിവയ്ക്കാമോ? അഞ്ചിനും പത്തിനുമിടയ്ക്കുള്ള കുട്ടികളെല്ലാം, പത്തിനും നാലിനുമിടയ്ക്കു നമ്മുടെ തൊഴിൽരംഗത്തുനിന്നും മാറുന്നു എന്നു സങ്കല്പിക്കണം. കയറുവ്യവസായികൾ ചക്രം കറക്കാൻ ആളില്ലാതെ അതിലേയ്ക്കു കൂടുതൽകൂലികൊടുത്തു പ്രായമായവരെ ആശ്രയിക്കേണ്ടിവരും. മററു പല തൊഴിലാളികളും അവരുടെ ഏററവും പ്രയോജനപ്രദമായ ഒരു അവയവമില്ലാതെ പോയതുപോലെ വിഷമിക്കും കുട്ടികൾചെയ്യുന്ന ജോലി അത്രമാത്രമുണ്ടു. നിർബന്ധിതവിദ്യാഭ്യാസത്തിന്റെ രണ്ടാമത്തെ പ്രയാസം വിദ്യാഭ്യാസം സാധാരണേ, തൊഴിലുകളിൽ വിരസതയാണു ഉണ്ടാക്കാറുള്ളതെന്നാണ്. പഠിക്കാത്തവനേക്കാൾ നാലാംക്ലാസ്സ് ജയിച്ചവനു തൊഴിൽ ചെയ്യാൻ മടി, നാലാംക്ലാസ്സുകാരനെക്കാൾ ഏഴാം ക്ലാസ്സുകാരനു തൊഴിലിനു അറപ്പു, ഹയറോ സ്കൂൾഫൈനലോ ആയാൽ മററെല്ലാനിവൃത്തിമാർഗ്ഗങ്ങളും നശിച്ചെങ്കിലേ അവൻ തൊഴിലിനുപോകാറുള്ളു. പട്ടിണികിടന്നു ചത്താലും ബി. എ. ക്കാരനു തൊഴിൽ പൊരുത്തപ്പെടുന്നുമില്ല. വിദ്യാഭ്യാസം തൊഴിൽമനഃസ്ഥിതിയിൽനിന്നും നമ്മെ അകററുന്നു. അതിനാൽ ഈ വിദ്യാഭ്യാസത്തിനു നിയമം നിർബന്ധിക്കുന്നതു തൊഴിലിനെ നിയമംമൂലമില്ലാതാക്കുകയായിരിക്കും. നിയമംമൂലം എല്ലാക്കുട്ടികളും പഠിക്കണമെന്നുവച്ചാൽ ആഹാരം വസ്ത്രം പുസ്തകം മുതലായി അത്യാവശ്യമായ പലതും കൊടുക്കാൻ പ്രയാസപ്പെടുന്ന രക്ഷകർത്താക്കളെ നിയമം ശ്വാസംമുട്ടിക്കുന്നുവെന്നാണർത്ഥം.

ഇങ്ങിനെ പലപ്രയാസങ്ങളും വിദ്യാഭ്യാസനിയമം രംഗപ്രവേശം ചെയ്യുമ്പോളുണ്ടാകും. നിർബന്ധവിദ്യാഭ്യാസത്തിനു നിയമംകൂടാതെയും സാദ്ധ്യമല്ല. ഈ സ്ഥിതിയിൽ എന്താണു കരണീയം?

പ്രഥമ പ്രശ്നമാണ് ഏററവും പ്രധാനം. കുട്ടികളെ നല്ലപ്രായത്തിൽ (5-നും 10-നും ഇടയ്ക്കു) അവരുടെ രക്ഷകർത്താക്കന്മാരുടെ തൊഴിലുകളിൽ ഭാഗഭാക്കുകളാകാനിടകൊടുക്കാതെ മാററിനിറുത്തുന്നതു അപരാധമാണ്. അദ്ധ്യയനസമയം 7-മുതൽ 11-വരെയാക്കി ശനിയാഴ്ചയും അദ്ധ്യയനംവേണമെന്നു് സ്റ്റാത്താം റിപ്പോർട്ട് അഭിപ്രായപ്പെട്ടതിനു ഒരു കാരണമിതായിരിക്കാം. കുട്ടികൾക്കു 11-നുശേഷം രക്ഷകർത്താക്കളെ സഹായിക്കാൻ ധാരാളം സമയമുണ്ടാകുമല്ലോ. വണ്ടിയെ കുതിരയുടെ മുമ്പിലാക്കുന്ന ഏർപ്പാടു നമുക്കു് അട്ടിപ്പേറാണ്. പ്രൈമറി വിദ്യാലയങ്ങൾ ധാരാളമുണ്ടായി എല്ലാക്കുട്ടികൾക്കും പോയിവരുന്നതിനു അടുത്തുതന്നെ വിദ്യാലയങ്ങൾ വന്നുകഴിഞ്ഞിട്ടും പ്രൈമറി വിദ്യാലയങ്ങളിൽ 7-11-ഏർപ്പാടുനടപ്പിലാക്കാൻ ശ്രമിക്കാതെ ഹൈസ്കൂളിലും മിഡിൽസ്കൂളിലുമെല്ലാം ഈ പുതിയ ഏർപ്പാടു പരീക്ഷണാർത്ഥം നടത്തിനോക്കി. ചിലക്കു പുതുമയിൽ ഭ്രമം, മററുചിലക്കു ഡയറക്ടറുടെ പ്രീതി ഇങ്ങനെ പലകാരണങ്ങളുംകൊണ്ടു് 7-11-ഏർപ്പാടു പരീക്ഷിച്ചു. 5-0-6-0-മൈൽ നടന്നു് വിദ്യാഭ്യാസം നിർവഹിച്ചുവന്ന പലരും ചൂട്ടുംകെട്ടി സ്കൂളിൽവന്നു. അദ്ധ്യാപകന്മാരുടെ വിശേഷിച്ചും വിദേശങ്ങളിൽ കഴിയേണ്ടിവന്ന അദ്ധ്യാപകന്മാരുടെ പരാതി വർദ്ധിച്ചു. പത്രങ്ങളും നാട്ടുകാരും നിലവിളികൂട്ടി. അപ്ലാസു കിട്ടുമെന്നു വിചാരിച്ചു് രംഗപ്രവേശം ചെയ്ത നടൻ "കൂക്കപിടിച്ചു" അണിയറയ്ക്കുപോകുന്നതുപോലെ "ചരി വേണ്ട പുളിക്കും" എന്ന റിമാർക്കോടുകൂടി 7-11-ഏർപ്പാടു രംഗത്തുനിന്നും മറഞ്ഞു.

ഇന്നത്തെ ഷിഫ്റ്റുസിസ്റ്റം 7-11-ഏ

ർപ്പാടിന്റെ ഒരു പുതിയ പതിപ്പാണ്. അതിൽ ചില കൂടുതൽ ഗുണങ്ങൾ പ്രവർത്തകർ ഉദ്ദേശിച്ചിട്ടുണ്ട് (1) നിർബന്ധിത വിദ്യാഭ്യാസം നടപ്പിൽവരുന്നസ്ഥലങ്ങളിൽ ഉടനടി വിദ്യാലയങ്ങളും ഉപകരണങ്ങളും അദ്ധ്യാപകന്മാരും ആവശ്യത്തിനുമതിയാകാതെ വരുമെന്നതിനാൽ ഷിഫ്റ്റ് ഏർപ്പാട് ആവശ്യമായി (2) ഉച്ചയ്ക്കു ആഹാരത്തിനു സൗകര്യമില്ലാതെ പല കൊച്ചുകുട്ടികളും ആരോഗ്യം നശിപ്പിക്കുന്നു. അതിന്റെ പരിഹാരത്തിനും "ഷിഫ്റ്റ്" പ്രയോജനപ്പെട്ടു (3) കൊച്ചുകുട്ടികളെ കൂടുതൽ സമയം ക്ലാസിൽ ഇരുത്തി പഠിപ്പിക്കുന്നതുകൊണ്ടു അദ്ധ്യയനതത്വങ്ങൾ അനുസരിച്ച് കുട്ടികൾക്കു പ്രയോജനത്തെക്കാൾ പ്രയാസങ്ങളാണുണ്ടാകാറുള്ളതു്. ഷിഫ്റ്റ് ഇതു പരിഹരിക്കുന്നു. (4) നിയമംമൂലം നിർബന്ധിതമാക്കപ്പെടുന്ന സ്ഥലങ്ങളിൽ രക്ഷകർത്താക്കന്മാരിൽനിന്നും കുട്ടികളെ നിർബന്ധം പ്രയോഗിച്ചു പകൽ മുഴുവൻ അകററിനിറുത്തുന്ന ഏർപ്പാടിനു ഷിഫ്റ്റ് പ്രതിവിധിയാകുന്നു. ഈ കാരണങ്ങൾ അർത്ഥശൂന്യങ്ങളല്ലെന്നു പ്രഥമദൃഷ്ടിയിൽതന്നെ ബോദ്ധ്യപ്പെടാം. എങ്കിലും ഷിഫ്റ്റ് വളരെ പരാതികൾക്കിടയാക്കുന്നു.

ഇനി എന്താണു മറുവശമെന്നു നോക്കാം. പിന്നീടാണല്ലോ പരിഹാരമാർഗ്ഗങ്ങൾ ആരായുക.

അദ്ധ്യാപകവൃത്തി ആരാദ്ധ്യമായ തൊഴിലാണെന്നു കണ്ടു് അതിൽ പ്രവേശിക്കുന്നവരാരും തന്നെയില്ല. ജീവിതമാർഗ്ഗമായി സ്വീകരിക്കുന്നവർ അതിനെ മററു സർക്കാർ ഉദ്യോഗങ്ങളുമായി എപ്പോഴും താരതമ്യപ്പെടുത്തുന്നതു സ്വാഭാവികംമാത്രമാണ്.

മററുള്ളവരുടെ കുട്ടികളെ ജീവിതായോധനത്തിനു് ഒരുക്കുന്ന അദ്ധ്യാപകന്മാർ ആ തൊഴിൽകൊണ്ടു് സ്വന്തം കുട്ടികളുടെ ശവക്കല്ലറ പണിയുകയാണെങ്കിൽ അതിൽ എങ്ങിനെ സന്തോഷിക്കും. ജോലിയിൽ വ്യാപൃതരായിരിക്കുമ്പോൾ ദാരിദ്ര്യം, ജോലിവിട്ടാൽ നിത്യദാരിദ്ര്യം ഈ സാമ്പത്തികവൈഷമ്യം അദ്ധ്യാപകനെ സദാ ആവരണംചെയ്യുന്നു. ഇതിനെ ഭേദിച്ചു് ഒരു പരിഷ്കാരത്തിന്റെ പ്രചോദനത്തിനും അദ്ധ്യാപകന്റെ ആത്മാർത്ഥതയിൽ എത്താൻ കഴിയുന്നില്ല. സ്വദേശത്തു് ഉദ്യോഗംകിട്ടാത്ത ഭാഗ്യദോഷി സ്വന്തം കുടുംബവുമായി ഒന്നിച്ചു ജീവിക്കുന്നതു എന്നാണ്. അല്പശമ്പളം വാങ്ങി ക്ലബ്ബിൽകൊടുത്തിട്ടു എന്തിനാണ് അവൻ വീട്ടിൽപോകുന്നതു്?

വിദ്യാർത്ഥികളുടെ ആവശ്യത്തിനു നൽകപ്പെടുന്ന വെക്കേഷൻ അദ്ധ്യാപകനു ആവശ്യമില്ല അദ്ധ്യാപകന്റെ ആവശ്യങ്ങൾക്കു അവധി എടുത്താൽ ശമ്പളത്തിന്റെ പകുതിയെ കിട്ടുകയുള്ളൂ. കൈക്കൂലിയെ അമർച്ചവരുത്തണമെന്നു പ്രസംഗിക്കുന്നതിനും,—കൈക്കൂലി നടമാടുന്ന ഇക്കാലത്തു—മററു യാതൊരുതരവും ചിന്തിക്കാൻകൂടി അദ്ധ്യാപകനു അവകാശമില്ല. സാധാരണ ത്യാഗങ്ങളോടു ചേർന്നാണ് മാന്യതകൾ ഉണ്ടാകാറുള്ളതു് എന്നാൽ അദ്ധ്യാപകന്റെ മഹത്തായ ത്യാഗത്തിനു കിട്ടുന്ന പ്രതിഫലം അവഹേളനംമാത്രം.

ഈ സ്ഥിതിയിൽ അദ്ധ്യാപകനു എങ്ങിനെയാണു ആത്മാർത്ഥതയുണ്ടാവുക. ഒരു പരിഷ്കാരത്തിനും അദ്ധ്യാപകന്റെ ആത്മാർത്ഥതകൂടാതെ വിജയിക്കാൻ സാദ്ധ്യമല്ല. നിയമങ്ങൾക്കു അദ്ധ്യയനത്തിന്റെ ബാഹ്യമായ ചടങ്ങുകളിൽ അദ്ധ്യാപകനെ പ്രവർത്തിപ്പിക്കാം. പക്ഷെ ജീവനില്ലാത്ത ജഡംപോലെ കാലാന്തരത്തിൽ പരിഷ്കാരം പതിരായിത്തീരും.

ഏതു പ്രയാസങ്ങൾക്കും ഒരു പരിഹാരമുണ്ടാകാതെ തരമില്ല. വിശേഷിച്ചും വിദ്യാഭ്യാസം മാററിവെക്കാവുന്ന ഒരു സംഗതിയുമല്ല.

ശമ്പളത്തെപ്പററിയുള്ള മുറവിളി ന്യായംമാത്രമാണ്. എന്നാലും ഈ വിഷയത്തിൽ ചില സംഗതികൾ നാം മനസ്സിലാക്കണം. ഇന്നു് ഒരദ്ധ്യാപകനു് 37+6 രൂപാലഭിക്കുന്നു. ഇന്നത്തെ നിലയ്ക്കു് ഇതു് വളരെ കുറവാണെങ്കിലും 10-രൂപാമാത്രം വേതനം ലഭിക്കുന്നവരായി അദ്ധ്യയനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എത്രയോ "ഗ്രാന്റസ്കൂൾ" അദ്ധ്യാപകന്മാർ ഈ 37+6-ന്റെ ലക്ഷ്യപ്രാപ്തിക്കു ആഗ്രഹിക്കുന്നവരാണ്. അവരുടെ 37+6-നു ശേഷം ന

മ്മുടേതു 50 എന്നായാൽ നന്നായിരിക്കും. മിഡിൽസ്കൂൾ ക്ലാസുകളിൽ വളരെക്കാലം സർവീസായ അദ്ധ്യാപകന്മാർ ഇന്നു് 22-28 ശമ്പളത്തിൽ ഇരിക്കുന്നു. അവരുടെ കൂട്ടുകാരായി അതേ ജോലിചെയ്യുന്ന ഇംഗ്ലീഷു സ്കൂൾ അദ്ധ്യാപകന്മാർ 30-60- സ്കെയിലിൽ നിരാശരായി കഴിയുന്നു. 85-വാങ്ങിയ ഇംഗ്ലീഷു സ്കൂൾ അദ്ധ്യാപകൻ 155-ലേക്കു കുതിച്ചുയർന്നപ്പോൾ 175-എങ്കിലും ഉയർന്നി വേണമെന്നു് മെമ്മോറിയൽ സമർപ്പിക്കുന്നു. ഇതിനെ നോക്കിയാൽ തൃപ്തി അവർക്കു വന്നില്ലെന്നു കാണാം. ദൈവത്തിനു കണ്ണുണ്ടെങ്കിൽ ഗ്രാൻറു സ്കൂൾ അദ്ധ്യാപകൻെറ അവശതയിലായിരിക്കും അതു പതിയുന്നതു്. തൽക്കാലം 37+6-കാരൻ ഒന്നു ക്ഷമിക്കണം. മണിക്കൂർ കണക്കു കൂട്ടിശമ്പളക്കൂട്ടലിനെ തരംതാഴ്ത്തി ഷിഫ്റ്റു ഏർപ്പാടിൻെറ നേരെ കല്ലെറിയുവാനല്ലാതില്ല. ഡിപ്പാർട്ടുമെൻറിൻെറ നയബുദ്ധി കൊണ്ടു് ഇപ്പോൾ 9-മുതൽ 11ൽ വരെയും 1ൽ മുതൽ 4 വരെയും ആക്കി അദ്ധ്യയനസമയം മാറീട്ടുണ്ടു്. മററു സമയങ്ങൾ പ്രഥമാദ്ധ്യാപകൻ എന്ന ഭാഗ്യദോഷിക്കായി മാററിവെച്ചിരിക്കുന്നു. ഇതു് എപ്പോഴും സർവ്വത്ര പാലിക്കുമെന്നു വിശ്വസിക്കാം. തല്ക്കാലം ശനിയാഴ്ചകൂടി അനദ്ധ്യായദിവസമാക്കി കിട്ടിയാൽ ഷിഫ്റ്റു നടത്തപ്പെടുന്നതിൽ പരിഭവം കുറയുമായിരിക്കാം. കഴിയുന്നതും സ്വദേശങ്ങളിൽ സ്ഥലംമാററം കൊടുക്കണമെന്നു് സർക്കാർ പുറപ്പെട്ടാലും അതിനുള്ള സാദ്ധ്യതകൾ അടഞ്ഞിരിക്കുന്ന ഈ ഘട്ടത്തിൽ ആറുദിവസത്തെ തുടരെയുള്ള അദ്ധ്യയനം പ്രയാസമേറിയതാണു്. മററു സർക്കാർജീവനക്കാർക്കൊപ്പം അദ്ധ്യാപകന ആറുദിവസം തുടരെ ജോലിചെയ്തു വളരെദിവസം ജീവിക്കുക സാദ്ധ്യമല്ല. താരതമ്യം എപ്പോഴും നിരാശയ്ക്കുള്ള പ്രേരണയാണു് ശമ്പളത്താരതമ്യംപോലെയാണു് ജോലിത്താരതമ്യവും. ഇന്നു മിക്ക പ്രൈമറി വിദ്യാലയങ്ങളും മിഡിൽസ്കൂളുകളും ഒരേ കെട്ടിടത്തിൽ രണ്ടു സ്ഥാപനങ്ങളായി കഴിയുകയാണു്. ഒരുകൂട്ടക്കു് 10-മണിക്കുവന്നാൽ 4 നു പോകാം. അതേസമയംതന്നെ മറെറാരുകൂട്ടർ 9-നു വരണം 4-നു പോകാമെന്നിരുന്നാലും ശനിയാഴ്ചയും ജോലിചെയ്യണം. പ്രൈമറിവിദ്യാലയങ്ങൾ പ്രത്യേകമാക്കി മാററുന്നതുവരെ ഈ അസമത്വചിന്ത പ്രൈമറി അദ്ധ്യാപകന്മാരെ അലട്ടുകതന്നെചെയ്യും.

പ്രോത്സാഹനം കൃത്യനിർവഹണത്തിനു വലുതായ പ്രചോദനം നൽകുന്നു. Two yards of blue ribbon എന്നു ഗോൾസ്മിത്തു് കളിയാക്കാറുണ്ടു്. സ്ഥാനലബ്ധികൾക്കായി എത്ര വ്യക്തികളാണു് ജീവിതകാലംമുഴുവൻ പണിയപ്പെട്ടിട്ടുള്ളതു് താൻ സഹിക്കുന്ന ക്ലേശങ്ങൾ മേലുദ്യോഗസ്ഥൻ മനസ്സിലാക്കുന്നുണ്ടെന്നു വന്നാൽ മാത്രംമതി. ക്ലേശംസഹിക്കാമെന്നുള്ളവർ അദ്ധ്യാപകന്മാരിലും ധാരാളം പേരുണ്ടു്. ഇന്നു് പരിശോധനാഉദ്യോഗസ്ഥന്മാർ വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ വളരെയാണു് പ്രധാന ഇൻസ്പെക്ടറന്മാർ സബ്ജക്ററു് ഇൻസ്പെക്ടറന്മാർ അസിസ്റ്റൻറു് ഇൻസ്പെക്ടറന്മാർ സബ് ഇൻസ്പെക്ടറന്മാർ എന്ന പല ഗ്രേഡുകളിലായി വളരെപ്പേർ ഇന്നു പരിശോധനാഉദ്യോഗസ്ഥന്മാരാണു്. വിദ്യാഭ്യാസപരിഷ്കാരത്തിൻെറ പ്രയോജനങ്ങളെപ്പററി അതു നിർവഹിക്കേണ്ട അദ്ധ്യാപകന്മാക്കും അതിനോടു സഹകരിക്കേണ്ട രക്ഷാകർത്താക്കന്മാർക്കും വേണ്ട പ്രചോദനം കൊടുത്തു അവരുടെ സഹകരണം സമ്പാദിക്കുന്നതിനോ, പത്രങ്ങളിൽ പേരുവച്ചു് പ്രസിദ്ധീകരണങ്ങൾ നടത്തി പരിഷ്കാരനടപടികളെ ത്വരിപ്പിക്കുന്നതിനോ, നാട്ടുകാരിൽ പ്രാദേശികക്കമ്മററികൾ രൂപവൽക്കരിച്ചു് പ്രയാസങ്ങളെ ആരംഭത്തിൽതന്നെ നിർമ്മാർജ്ജനം ചെയ്യുന്നതിനോ യാതൊരുശ്രമവുമില്ല.

പാതിരിയുടെ ഇംഗ്ലീഷ്പ്രസംഗത്തെ കല്ലുറുകൊണ്ടു് സ്വാഗതംചെയ്ത ജനക്കൂട്ടത്തോടു തർജ്ജിമക്കാരൻ "എറിവിൻ എറിവിൻ സായിപ്പിനെ എറിവിൻ! ഞാൻ വയററിപ്പിഴപ്പിനു നടക്കുന്നവനാണു്" എന്നുചെയ്ത പരിഭാഷപോലെ വിദ്യാഭ്യാസപരിഷ്കാരത്തെ അപലപിച്ചു് പരിശോധനാഉദ്യോഗസ്ഥൻമാരോടു പറത്തിപ്പെട്ടാലുണ്ടാകുന്ന ഉത്തരങ്ങൾ പലപ്പോഴും നിരാശത്തിൻെറ സൂചനമാണു്. ദീർഘകാലത്തെ നിരന്തരശ്രമഫലമായി സ്വാതന്ത്ര്യം

ജനഹസ്തങ്ങളിലേക്കു മാററപ്പെട്ടിരിക്കുന്ന ഇക്കാലത്ത് എല്ലാ പ്രക്ഷോഭണങ്ങളും മാററിവെച്ച് സൃഷ്ടിപരമായ നിർദ്ദേശങ്ങളും എല്ലാ പ്രസ്ഥാനങ്ങളുടേയും വിജയത്തിന്നാവശ്യമായ സഹകരണങ്ങളുംകൊണ്ടു നാം മുമ്പോട്ടു വരണം. വിദ്യാഭ്യാസപരിഷ്കാരം ജനകീയഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടുവെന്നും സാമ്പത്തികമായ അവശതകൾ പരിഹരിക്കുന്നതിന്നു തീവ്രയത്നം നടക്കുമെന്നും നമുക്കു സമാധാനിക്കാം. ഏതായാലും ഷിഫ്റ്റുസിസ്റ്റം ഇന്നത്തെ പരിതസ്ഥിതിക്കു അത്യാവശ്യമെന്നു മാത്രമല്ല ഒഴിച്ചുകൂടാവുന്നതുമല്ല. ശനിയാഴ്ചകൂടി അദ്ധ്യാപകൎക്ക് അനദ്ധ്യായദിവസമാക്കിക്കൊടുക്കയും ഗ്രാൻറുസ്ക്കൂളദ്ധ്യാപകരുടെയും മലയാളം മിഡിൽസ്ക്കൂൾ അദ്ധ്യാപകരുടേയും അവശതകൾ പരിഹൃതമാക്കുകയും ചെയ്ത് അദ്ധ്യാപകരിൽ സമാധാനം പുനഃസ്ഥാപിക്കണം. പരിശോധനാഉദ്യോഗസ്ഥന്മാർ ജനസാമാന്യത്തിലും അദ്ധ്യാപകന്മാരിലും വിദ്യാഭ്യാസപരിഷ്ക്കാരത്തെപ്പററിയുള്ള ആദർശങ്ങളും സാദ്ധ്യതകളും പ്രചരിപ്പിച്ചു ഈ പരിഷ്ക്കാരം നടപ്പിൽ വരുത്തിക്കൊണ്ടിരിക്കണം. ഈ ഘട്ടത്തിൽ അതിന്റെ നടത്തിപ്പിന്നു പ്രതികൂല്യങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കയും വേണം.

---

* ൯ മുതൽ ൧൧ൻ വരെയും ൧ൻ മുതൽ നാലുവരെയും എന്നു കാണുന്നതു ൯ൻ മുതൽ ൧൨ൻ വരെയും ൧ൻ-മുതൽ ൭ വരെയും അല്ലയോ. ഇപ്പോൾ നടപ്പിൽ ഇരിക്കുന്നതു്.

വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് പരിഷ്ക്കാരം തൽക്കാലം ഉപേക്ഷിക്കുന്നതിനാൽ സബ്ബ് ഇൻസ്പെക്ടർമാരുടെ നിയമനം കാണുകയില്ലല്ലോ?


## അസ്ഥിസ്രാവത്തിന്നു 'സ്രാവാമൃതം.'

അസ്ഥിസ്രാവം, വെള്ളംപോക്ക്, ശുക്ലസ്രാവം, തൽസംബന്ധമായി വയറുകത്തൽ, തണ്ടൽകഴപ്പ്, കൈകാൽ തളർച്ച, നെഞ്ചിടിപ്പ്, വിളർച്ച, തലച്ചുററൽ, രാത്രിജ്വരം മുടങ്ങിയ ഉപദ്രവങ്ങളാൽ ശരീരം ശോഷിച്ചു ആരോഗ്യം നശിച്ചു യൌവ്വനം കഴിഞ്ഞു കവിളൊട്ടി വികൃതരൂപികളായി ജീവിതം തള്ളിനീക്കുന്നതു എന്തിനു? സ്ത്രീപുരുഷന്മാർ ഒന്നുപോലെ ആശ്വാസപ്രദമായ സ്രാവാമൃതം സേവിച്ചു രോഗവിമുക്തരാകുവിൻ.

ഈ സിദ്ധൌഷധത്തിന്നു റാത്തൽ 1-ക്ക് 5 ക. മാത്രം.

രജഃപ്രവൎത്തിനി. ഇതു് സ്ത്രീകൾക്കു ഒരു അനുഗ്രഹമാണ്. അല്പമായും ഭയങ്കര വേദനയോടും ഋതുകാലം തെററിയും ഉണ്ടാകുന്ന ആൎത്തവത്തെ ക്രമപ്പെടുത്തി ശരീരത്തിന്നുള്ള വിളർച്ച, അടിവയററിൽ വലി, വയററിൽ വേദന, ഗുന്മം മുതലായവയെ ക്ഷണനേരത്തിൽ മാററുന്നതിന്നുള്ള ഒരു ദിവ്യൌഷധം. മൂന്നുമാസത്തെ ഉപയോഗത്തിന്നു 4 രൂപാ 8 അണ.

N. B. ഈ മരുന്ന് ഗർഭിണികൾ ഒരിക്കലും ഉപയോഗിക്കരുതു്.

ഊക്കൻസ്, എ. എസ്സ് പൽപൊടി.

പല്ലിലും ഊനിലും ഉണ്ടാകുന്ന എല്ലാരോഗങ്ങളെയും മാററി പല്ലിന്നു ഉറപ്പും വായ്ക്കു നല്ല രുചിയും ഉണ്ടാക്കും.

പോക്കററ് 2 അണ കച്ചവടക്കാൎക്കു ഗ്രോസിന്നു 12 ക.

എഴുത്തുകൾ പോസ്റ്റാപ്പീസ്സുമുഖേന അയയ്ക്കേണ്ടതാണ്.

പാക്കിംഗും തപാലും പുറമെ.

സെൻറ് ജോസഫ് ഔഷധശാല.

P. O. മുല്ലശ്ശേരി S. മലബാർ.

# സർദാർ പട്ടേൽ.

(പി. കെ. വാസുദേവൻനായർ ബി. ഏ.)

ഇക്കഴിഞ്ഞ അക്ടോബർ 31-ാംതീയതിയായിരുന്നു ഇന്ത്യാഗവൺമെന്റിന്റെ ഡെപ്യൂട്ടി പ്രധാനമന്ത്രിയായ സർദാർ വല്ലഭായിപട്ടേലിന്റെ 72-ാമത്തു ജന്മദിനം. ഇന്ത്യൻരാഷ്ട്രീയരംഗത്തിൽ അതിപ്രധാനമായ ഒരു നിലയാണ് അദ്ദേഹത്തിനു സിദ്ധിച്ചിരിക്കുന്നത്. വിദേശീയമേധാവിത്വത്തെ മുട്ടുകുത്തിക്കുന്നതിനു പട്ടേലിനെപ്പോലെ സുശക്തവും സുധീരവുമായവിധം പോരാടിയിട്ടുള്ളവരും വിരളമാണ്. മഹാത്മാഗാന്ധി നിർദ്ദേശിക്കുന്ന ഏതൊരു സൃഷ്ടിപരിപാടിയും പട്ടേലാണ് ഏററവും ഭംഗിയായി നിർവ്വഹിക്കുന്നതും. അനന്യസാധാരണവും അസുലഭവുമായ സംഘടനാശക്തിയുമുള്ള അദ്ദേഹത്തിനു തന്റെ ലക്ഷ്യങ്ങളും അഭിലാഷങ്ങളും നേടുന്നതിനുവേണ്ടി എന്തെല്ലാം ത്യാഗങ്ങളും ക്ലേശങ്ങളും സഹിക്കുന്നതിനും സന്നദ്ധനാണ്. അസഹിഷ്ണുതയും, പ്രതിരോധമനോഭാവവും സംഘടനാകുശലതയും അദ്ദേഹത്തിന്റെ സ്വഭാവത്തിന്റെ പ്രധാനഘടകങ്ങളാണ്.

സംഘട്ടനങ്ങളുടേയും എതിർപ്പുകളുടേയും ഒരു ആകത്തുകയാണ് പട്ടേലിന്റെ ജീവിതം. ധൈര്യവും നിശ്ചഞ്ചലതയും അതിന്റെ പ്രത്യേകതകളും. അനുയായികളുടെമേൽ തന്റെ സ്വാധീനശക്തി ചെലുത്തുന്നതിനു അദ്ദേഹത്തിനുള്ള കഴിവു വിസ്മയാവഹമാണ്. ചോദ്യംകൂടാത്ത അനുസരണമാണ് അദ്ദേഹം അവരിൽനിന്നു പ്രതീക്ഷിക്കുന്നത്. പ്രതിയോഗികളെ നിർദ്ദയം അടിച്ചമർത്തുന്നതിനാണു ആ ഉഗ്രസ്വഭാവൻ വെമ്പൽ പ്രകടിപ്പിക്കുന്നത്. പട്ടേലിന്റെ നാമശ്രവണത്തിൽ ശത്രുക്കൾ നടുങ്ങുന്നതും സഹജമാണ്. ഒരു സമരമനോഭാവമാണ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രദ്യോതിപ്പിക്കുന്നത്. ഭാരതത്തിന്റെ ഭൗതികാഭിവൃദ്ധിക്കുവേണ്ടി പട്ടേലിനെപ്പോലെ നിഷ്കളങ്കസേവനങ്ങൾ നിർവഹിച്ചിട്ടുള്ളവർ അധികമുണ്ടെന്നു തോന്നുന്നില്ല. വൈഷമ്യമേറിയ രാഷ്ട്രീയപ്രശ്നങ്ങളെ അഭിമുഖീകരിക്കാനാണ് അദ്ദേഹം കൂടുതൽ ഇഷ്ടപ്പെടുന്നതും. പ്രൗഢിയേയും പ്രതാപത്തേയും അദ്ദേഹം വെറുക്കുന്നുവെന്നു മാത്രമല്ല സ്വേച്ഛാപ്രഭുക്കളായ ധനികവർഗ്ഗത്തെ അദ്ദേഹം സൗകര്യം ലഭിക്കുമ്പോഴെല്ലാം എതിർക്കാറുമുണ്ട്. ഏതെങ്കിലും സംഘടനയെയോ, പ്രസ്ഥാനത്തെയോ, നയത്തെയോ എതിർക്കുമ്പോഴാണ് പട്ടേലിന്റെ സ്വഭാവം ശരിക്കു വ്യക്തമാകുന്നത്. അദ്ദേഹത്തിന്റെ ഊർജ്ജസ്വലതയ്ക്കും ഉഗ്രപ്രാഭവത്തിനും തീക്ഷ്ണബുദ്ധിക്കും മൂർച്ചവർദ്ധിക്കുന്നത്. പട്ടേൽ കേവലം ഒരു ആദർശഭ്രാന്തനല്ല. കടുത്ത യാഥാർത്ഥ്യങ്ങളുമായി മല്ലടിച്ചു വിജയം വരിക്കുന്ന ഒരു വിജിഗീഷുവാണ് അദ്ദേഹം.

പട്ടേലിന്റെ ജീവിതത്തിലേക്കു ഒന്നു പിൻതിരിഞ്ഞു നോക്കുന്നത് രസാവഹമാണ്. വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ അദ്ധ്യാപകന്മാരെ എതിർക്കുന്നതും അപഹസിക്കുന്നതും അദ്ദേഹത്തിന്റെ ഒരു സാധാരണ സ്വഭാവമായിരുന്നു. ഈ ദുസ്സ്വഭാവംനിമിത്തം പല സ്കൂളുകളിലും മാറിമാറി അഭ്യസനം നടത്തേണ്ട പരിതസ്ഥിതികളും അദ്ദേഹം സൃഷ്ടിച്ചിട്ടുണ്ട്. "ഇന്ത്യയിലെ വിദ്യാഭ്യാസത്തിനുശേഷം പട്ടേൽ ബാരിസ്റ്റർ പരീക്ഷയ്ക്ക് ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. ബാരിസ്റ്റർ പരീക്ഷയ്ക്കു ഒന്നാം ക്ലാസ്സിൽ ഒന്നാമനായി പാസ്സായതിനുശേഷം അദ്ദേഹം ഇന്ത്യയിലേക്കു മടങ്ങിവന്നു. ഒരു അഭിഭാഷകനെന്ന നിലയ്ക്കു പ്രശസ്തനായിത്തീരുന്നതിനു പട്ടേലിനു അധികം സമയം വേണ്ടിവന്നില്ല. വൻപിച്ച തുകകൾ പ്രതിഫലം ലഭിക്കുന്ന കേസ്സുകൾ മാത്രമാണ് അദ്ദേഹം സ്വീകരിച്ചിരുന്നതും. ക്രിമിനൽകേസ്സുകളിലായിരുന്നു പട്ടേൽ കൂടുതൽ വൈദഗ്ദ്ധ്യം പ്രകടിപ്പിച്ചിരുന്നതും. പട്ടേലിനു വക്കാലത്തുകൊടുത്താൽ ഏതു ക്രിമിനൽകേസ്സും വിജയിക്കാമെന്ന വിശ്വാസവും ജനങ്ങളിൽ വേരു

ന്നിക്കൊണ്ടിരുന്നു. കൊലപാതകം, ഭവനഭേദനം, തീവെട്ടിക്കൊള്ള മുതലായ കേസ്സുകളിൽ കുടുങ്ങിയിട്ടുള്ള പ്രതികളേപ്പോലും പട്ടേലിന്റെ വാദഗതികൾകൊണ്ടു നിരപരാധികളാക്കിയിട്ടുണ്ടു്. അതോടുകൂടി ന്യായാധിപന്മാർക്കു പോലും അദ്ദേഹത്തെ ഭയമായിരുന്നു. അഹമ്മദബാദിലായിരുന്നു ദീർഘകാലം പട്ടേൽ പ്രാക്ടീസു് നടത്തിക്കൊണ്ടിരുന്നതും.

പട്ടേലിന്റെ ജീവിതത്തിൽ ഒരു പരിവർത്തനം സംഭവിച്ചതു് മഹാത്മജിയുമായുള്ള സാമീപ്യംകൊണ്ടു മാത്രമായിരുന്നു. മഹാത്മജിയും അന്നു് അഹമ്മദബാദിലെ വക്കീലന്മാരുടെ ക്ലബ്ബിലെ ഒരംഗമായിരുന്നു. അഹിംസയും അക്രമരാഹിത്യവുംകൊണ്ടു് സാമ്രാജ്യദുഷ്പ്രഭുത്വത്തെ പരാജയപ്പെടുത്താമെന്ന പുതിയ രാഷ്ട്രീയവേദാന്തവുമായി മഹാത്മാഗാന്ധി രാഷ്ട്രീയരംഗത്തേക്കു പ്രവേശിച്ചു. അന്നു് മഹാത്മജിയുടെ അഭിപ്രായങ്ങളേയും ആദർശങ്ങളേയും മററാരെക്കാളും ശക്തിയായി എതിർത്തിരുന്നതും പട്ടേലായിരുന്നു. ഒരു ദിവസം പ്രസ്തുതക്ലബ്ബിൽവെച്ചു് സത്യാഗ്രഹസമരത്തിന്റെ സാദ്ധ്യതകളെക്കുറിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ പട്ടേലും കൂട്ടുകാരും അവിടെയിരുന്നു ചീട്ടുകളിക്കുകയും മഹാത്മജി ഒരു കിറുക്കനാണെന്നു് അവിടെയിരുന്നു് ഉറക്കെ വിളിച്ചു പറയുന്നതിനും പട്ടേൽ ധൈര്യപ്പെട്ടിരുന്നു. അന്നത്തെ ആ പട്ടേൽതന്നെയാണു ഇന്നു് മഹാത്മാഗാന്ധിയുടെ തീരുമാനങ്ങളെ അക്ഷരംപ്രതി അനുഷ്ഠാനത്തിൽ വരുത്തുന്നതിനു ആത്മത്യാഗം ചെയ്തുകൊണ്ടിരിക്കുന്ന ഇന്നത്തെ പട്ടേൽ.

പട്ടേൽ മഹാത്മാഗാന്ധിയുടെ "രാഷ്ട്രീയഗീത" കൂലങ്കഷമായി പഠനം ചെയ്തു. മഹാത്മജിയുടെ പ്രായോഗികവും സമരചതുരവുമായ രാഷ്ട്രീയപരിപാടി പൊതുജനസമക്ഷം അവതരിക്കപ്പെട്ടപ്പോൾ പട്ടേലിനു അതു് സ്വീകാര്യയോഗ്യമായി ബോദ്ധ്യപ്പെട്ടു. അന്നു മുതൽ പട്ടേൽ മഹാത്മജിയുടെ വ്യക്തിമാഹാത്മ്യത്തെയും ആദർശശുദ്ധിയേയും ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ അനുയായിയായിത്തീർന്നു് രാഷ്ട്രീയപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. പട്ടേൽ ഓരോ ഗ്രാമങ്ങൾതോറും സഞ്ചരിച്ചു് മഹാത്മജിയുടെ ആദർശങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഒരു പ്രാസംഗികനെന്ന നിലയിൽ ഗുജറാത്തിയിൽ സംസാരിക്കാനാണു അദ്ദേഹം കൂടുതൽ ഇഷ്ടപ്പെടുന്നതു്. പട്ടേലിന്റെ സംഘടനാപരമായ പ്രവർത്തനങ്ങളുടെ ഫലമായി കോൺഗ്രസ്സ് കൂടുതൽ ബലിഷ്ഠമായിത്തീർന്നു. 1928-ൽ ഗുജറാത്തിൽ നികുതിനിഷേധപ്രസ്ഥാനം ഏററവും വിജയപൂർവ്വം നയിച്ചതോടുകൂടി പട്ടേലിന്റെ പ്രശസ്തി ഭാരതത്തിലെങ്ങും വ്യാപിച്ചു. 1930-ലെ നികുതിനിഷേധപ്രസ്ഥാനവും പട്ടേലിന്റെ മറെറാരു വൻപിച്ച വിജയമായിരുന്നു. ഗുജറാത്തിലെ ആബാലവൃദ്ധം ജനങ്ങളും പട്ടേലിന്റെ ആജ്ഞാവാഹകരായിത്തീർന്നതു കണ്ടപ്പോൾ അധികാരശക്തിപോലും അമ്പരക്കുകയുണ്ടായി. 1930-ലെ ഇന്ത്യൻനാഷനൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായി തിരഞ്ഞെടുത്തതും പട്ടേലിനെത്തന്നെയായിരുന്നു. പാർലമെന്ററിക്കമ്മററി അദ്ധ്യക്ഷനെന്ന നിലയ്ക്കു് ഇന്ത്യയിലെ ഏഴു സംസ്ഥാനങ്ങളിലേയും മന്ത്രിസഭാപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞു.

പട്ടേൽ മൌലാനാ അബ്ദുൽക്കലാം ആസാദിനെപ്പോലെ ഒരു മഹാപണ്ഡിതനോ, ജവഹർലാൽനെഹ്റുവിനെപ്പോലെ ഒരു വിശാലാശയനോ, രാജഗോപാലാചാരിയെപ്പോലെ ധിഷണാസമ്പന്നനോ ആണെന്നു തീർത്തുപറയുന്നതിനു നിർവ്വാഹമില്ല. പക്ഷേ രാഷ്ട്രത്തിന്റെ നാഡിമിടിപ്പിനു് അദ്ദേഹത്തിനു എളുപ്പം വേഗതകൂട്ടാൻ കഴിയും. ജനവിഭാഗങ്ങളെ തട്ടിഉണർത്തി പ്രവർത്തനനിരതരാക്കുന്നതിനു അദ്ദേഹത്തിനു പ്രാഗത്ഭ്യമുണ്ടു്. ഒരു സംഭവവികാസത്തെ താൻ പിൻതാങ്ങുന്ന അഭിപ്രായത്തിലേക്കു എങ്ങിനെ ആനയിക്കാമെന്നും അദ്ദേഹത്തിനറിയാം. കാശ്മീർസംഭവങ്ങളിൽ പകിസ്ഥാൻ ഗവൺമെൻറു് കൈകടത്തിയതിനെക്കുറിച്ചു് പട്ടേൽ പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകൾ ഇത്തരുണത്തിൽ സ്മരണീയങ്ങളാണു്. മഹാത്മാഗാന്ധിയുടെ നിശ്ചയങ്ങളെ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനുമാത്രമാണു് പട്ടേൽ കൂടുതൽ ശ്രദ്ധിക്കുന്നതും. നിയമസഭാബഹിഷ്കരണം അവശ്യമെന്നു മഹാ

# ജീവിതയാത്ര.

(തെരുവത്ത് രാമൻ.)

ഭാവനയ്ക്കതീതമാം
  ഭീകരാകാരം പൂണ്ട
ഭാവിതന്നിരുട്ടെന്നെ
  ച്ചുറ്റിച്ചുനോക്കീടുന്നു.
കേവല, മൊരുവെള്ളി-
  ത്താരകം പോലും മമ
ജീവിത വിഹായസ്സി-
  ലൊളിവീശുവാനില്ല!

പാവനപ്രേമത്തിന്റെ
  കോമളനിലാവെന്റെ
പാതയിലൊളിവീശാ-
  നെന്തിതുലജ്ജിക്കുന്നു!
ചുട്ടുകാട്ടിലേക്കെത്താ-
  നെത്രനാളേവം തപ്പി-
ത്തടഞ്ഞു നടക്കേണം
  നാഴികക്കല്ലുംനോക്കി!

മുന്നോട്ടുപോകുംതോറും
  ദുർഗ്ഗമം,—വെറുംകല്ലും
മുള്ളുമന്യൂനംനിറ
  ഞ്ഞുള്ളതാണെല്ലാമാർഗ്ഗം
വിശ്രമിക്കുവാനൊററ
  വഴിയമ്പലം വഴി-
വക്കിലി,ല്ലെന്തിന്നുഞാ-
  നീ വഴിപുറപ്പെട്ടു?

പിന്തിരിയുവാനിനി
  വയ്യ, പാതിയിലേറെ
ന്നൊന്നുമോരാതേവം സവ്വം
  സഹിച്ചുനടന്നില്ലേ?
ജീവിതംമനുഷ്യന്റെ
  മാററുരയ്ക്കുവാനുള്ള
തീവ്രമാം പരീക്ഷയാം
  ഞാനയ്യോ ജയിക്കുമോ?

---

ത്മജി ഒരവസരത്തിൽ അഭിപ്രായപ്പെട്ടപ്പോൾ അതിനെ പ്രതികൂലിച്ച സി. ആർ. ദാസിനെയും, മോത്തിലാൽനെഹ്റുവിനെയും, സ്വന്തം സഹോദരനായ വി. ജെ. പട്ടേലിനെപ്പോലും സർദാർ പട്ടേൽ സധൈര്യം എതിർത്തിട്ടുണ്ട്. പട്ടേൽ കർക്കശനും നിർദ്ദയനുമാണെങ്കിലും കാര്യമാത്രപ്രസക്തനായ ഒരു രാജ്യതന്ത്രജ്ഞനാണെന്നുള്ള അഭിപ്രായത്തോടു അധികം ആരും വിയോജിക്കുമെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യത്തിലേക്കും സ്വയംഭരണത്തിലേക്കും കാലെടുത്തുവച്ചിട്ടുള്ള ഭാരതത്തിനു പട്ടേലിന്റെ ധീരമായ നേതൃത്വവും അനർഘമായ ഒരു അനുഗ്രഹംതന്നെയാണ്.

---


**SREE RAMA VILASAM BANK**

**ALLEPPEY.**

എല്ലാവിധ ബാങ്കിടപാടുകളും,
പ്രതിമാസച്ചിട്ടിയും നടത്തുന്നതാണ്.

Proprietor N. Rama Pai,

# പെൻഷൻ.

(ജഗതി, എൻ. കെ. ആചാരി, ബി. എസ്സ്‌.സി.)

**മനുഷ്യൻെറ ദീർഘദൃഷ്ടിചെന്നു മുട്ടി, പിൻതിരിയുന്ന ഒരു മതിൽക്കെട്ടുണ്ടു്; മരണം.**

സംഭവബഹുലങ്ങളായ നീണ്ട മുപ്പതുസംവത്സരം ഉദ്യോഗംനോക്കിയതിനുശേഷം ശങ്കരപ്പിള്ളയ്ക്കു് ആ ദിവസവും വന്നുചേർന്നു; പെൻഷൻപററിപ്പിരിയുന്ന ആ സുദിനം. പരിക്ഷീണങ്ങളായ കൈകാലുകളെ സ്വാതന്ത്ര്യമായി ഒന്നു നിവർക്കാൻ അവകാശം ലഭിക്കുന്ന ഒരു ദിവസമായിരുന്നു അതു്. ഒരു വെറും ഗുമസ്തനായി ഉദ്യോഗത്തിൽ പ്രവേശിച്ച ശങ്കരപ്പിള്ള ഇന്നു് മാനേജരമ്മാവനായി പിരിയുകയാണു്. ശമ്പളമിച്ചവും മററു ചില്ലറ വരുമാനങ്ങളുംകൂടി ഏതാണ്ടു് ആയിരംരൂപാ അന്നു് അഞ്ചുമണിക്കു് ശങ്കരപ്പിള്ളയുടെ പഴയ കണ്ണാടിക്കൂട്ടിൽ വന്നുകയറി. വേഗം വീട്ടിൽ എത്താൻ ശങ്കരപ്പിള്ള വെമ്പി. കൂട്ടുജോലിക്കാരോടു് ഒരു ഭ്രാന്തൻെറ മട്ടിൽ യാത്രപറഞ്ഞിട്ടു് മാനേജരമ്മാവൻ നേരെ മോട്ടോർക്കവലയിലേക്കു നടന്നു. അവിടത്തെ ദ്വന്ദ്വയുദ്ധങ്ങൾക്കിടയിൽക്കൂടി ഒരുവിധം ഞെക്കിഞെരുങ്ങി ബസ്സിൽ സ്ഥലംപിടിച്ചു. ശങ്കരപ്പിള്ളയുടെ ചിന്ത അനവധിവർഷങ്ങൾക്കു പുറകിലായി.

തൻെറ ഇരിപ്പിടം സാവധാനത്തിൽ ആരോ ആക്രമിക്കുന്നതായി ശങ്കരപ്പിള്ളയ്ക്കുതോന്നി. ഒരു തടിച്ചുവീർത്ത മനുഷ്യൻ സമീപത്തിരുന്നു വീർപ്പുമുട്ടുന്നുണ്ടായിരുന്നു. അയാൾ സകുടുംബം അടുത്തപട്ടണത്തിലേക്കു പുറപ്പെട്ടിരിക്കയാണു്. വിളറിവെളുത്ത ഒരു സ്ത്രീയും, രണ്ടു കുഞ്ഞുങ്ങളും, ഒരു വലിയ തുണിക്കെട്ടും ആ മനുഷ്യൻെറ ഉടമസ്ഥതയിൽ സമീപത്തിരിപ്പുണ്ടു്. പെൻഷൻമാനേജരുടെ ചിന്ത തൻെറ കുടുംബാംഗങ്ങളെപ്പററിയായി; ആ ചിന്തകൾ തീവ്രമായിത്തുടങ്ങി. എന്തുപറഞ്ഞാലും തലയിൽക്കയറാത്ത ഒരു ജീവിയാണു് തൻെറ ഭാര്യ എന്നു് അപ്പോഴും അയാൾവിശ്വസിച്ചു. ആ വൃദ്ധനു് വളരെയധികം ചിന്തിക്കാനുള്ളതു് തൻെറ സന്താനങ്ങളെപ്പററി മാത്രമായിരുന്നു.

ആ തടിച്ചമനുഷ്യൻെറ ഇളയപുത്രൻ എന്തോ പുലമ്പി. ആ പിതാവു് അതിൽ അത്ഭുതം പ്രകടിപ്പിച്ചു. അയാൾ ശങ്കരപ്പിള്ളയുടെ നേർക്കു പരിചയഭാവത്തിൽ പുഞ്ചിരിച്ചുകൊണ്ടുപറഞ്ഞു "—സാർ! ഇക്കാലത്തു് കുഞ്ഞുങ്ങളിൽനിന്നും നമ്മളെപ്പോലുള്ള വൃദ്ധന്മാർക്കു വളരെയധികം പഠിക്കാനുണ്ടു്; അല്ലേ?" മാനേജർ ഒന്നു ഞെട്ടിയെങ്കിലും അവ്യക്താർത്ഥത്തിൽ തലയാട്ടി. ആ അഭിപ്രായഗതിയോടു യോജിക്കാൻ മാനേജരമ്മാവനു നിവൃത്തിയില്ല. ശങ്കരപ്പിള്ളയുടെ അനുഭവം മറിച്ചായിരുന്നു. ആ പെൻഷൻകാരൻ തൻെറ ചിന്താതന്തുക്കളെ വീണ്ടും കോർത്തിണക്കി. "കുഞ്ഞുങ്ങളിൽനിന്നും പഠിക്കാനുണ്ടുപോലും!-ആയിരിക്കാം! പക്ഷെ എൻെറ കുഞ്ഞുങ്ങൾ?—" ശങ്കരപ്പിള്ളയുടെ നെററിയിൽ വിയർപ്പുപൊടിയാൻതുടങ്ങി. ആ ബസ്സും യാത്രക്കാരും എല്ലാം ശങ്കരപ്പിള്ളയുടെ ശ്രദ്ധയിൽനിന്നകന്നു. അയാൾ തൻെറ കുഞ്ഞുങ്ങളെപ്പററി ചിന്തിച്ചു.

"ചന്ദ്രൻ—അവൻ മൂത്തമകനാണു്! ദീപാളിപ്പുള്ളി. പുകവലി, സിനിമാ! പോരെ നശിക്കാൻ? ഒരുദ്യോഗം അവനുകിട്ടിയതിൽ അല്പം സമാധാനമുണ്ടു്; എനിക്കു അവൻ കാൽക്കാശുപോലും തരണമെന്നില്ല. അവൻ സുഖമായിക്കഴിഞ്ഞാൽ മതിയായിരുന്നു...പക്ഷെ പുകവലി—സിനിമാ...ഇല്ല; അവൻ ഒരുകാലത്തു വളരെ കഷ്ടപ്പെടും. തെരുവിലിറങ്ങി അവൻ പിച്ചതെണ്ടും...കഷ്ടമായിപ്പോയി.

രണ്ടാമത്തവൻ—ബാലൻ! യാതൊരുകഴിവുമില്ലാത്ത ശുദ്ധപാവം! അവൻെറ പ്രായത്തിൽ ഞാൻ എന്തെല്ലാം വീരകൃത്യങ്ങൾ ചെയ്തിട്ടുണ്ടായിരുന്നു! അവൻ ഉറക്കെസംസാരിക്കുന്നതുപോലും ഞാൻകേട്ടിട്ടില്ല. ഇനിയുള്ളകാലത്തു് നാക്കും വാക്കും ഇല്ലാത്തവർക്കു് ഒരുരക്ഷയു

മില്ല. അവൻ കാളേജിൽപ്പോകുന്നതുപോലും എനിക്കത്ഭുതമായിരിക്കുന്നു. മിണ്ടാപ്രാണി! എന്റെ കാലംകഴിഞ്ഞാൽ ഇവൻ ചന്ദ്രനേക്കാൾ വിഷമിക്കും. എന്റെ തലയിലെഴുത്ത്!!"

—ഒരു പാവാടക്കാരി, കളിഭ്രാന്തിൽ ബസ്സിനെതിരേയെടുത്തുചാടി ബസ്സ് ഒരു ശബ്ദത്തോടെ പെട്ടെന്നു നിന്നു. "ഹൊ! ഒരാപത്തു തട്ടിനീങ്ങി!" ആ തടിച്ചമനുഷ്യൻ നെടുവീർപ്പിട്ടു. ആ സംഭവം മാനേജരമ്മാവന്റെ ചിന്തയ്ക്ക് ഒരു പൂർണ്ണവിരാമമായിത്തീർന്നില്ല. "ഒരാപത്തു തട്ടിനീങ്ങി—" ശങ്കരപ്പിള്ള ചിന്തിച്ചു "പിള്ളരുടെ വികൃതി! ഹാ! എന്റെ അനാസ്ഥാനം! അവൾക്കുമുണ്ട് കളിഭ്രാന്ത്; എങ്കിലും റോഡിൽ അലക്ഷ്യമായി അവൾ നടക്കുകയില്ല. അവൾ തീരെ കുഞ്ഞുമല്ല. എങ്കിലും തള്ളയുടെ ഓമനയാണ് ഇന്നും. ആഹാരം അവളുടെ അമ്മ കയ്യിലെടുത്തുകൊടുക്കണം. വീട്ടുകാര്യങ്ങൾ നോക്കാനുള്ള പ്രാപ്തി, പ്രായം അവൾക്ക് നല്ലവണ്ണമുണ്ട്. എങ്കിലും ഉടുത്തുണിപോലും അമ്മ നനച്ചുകൊടുക്കണം. വിവാഹസമയവുമടുത്തുവരുന്നു. ഇവൾ എങ്ങിനെ ജീവിക്കും പാവകളിയല്ല ജീവിതം ഛെ! ഹൊ! ഇത്രവളരെ ലാളിക്കേണ്ടിയില്ലായിരുന്നു. വേണ്ടായിരുന്നു... പാവം മകൾ... ഏതായാലും ഒരു വരനെത്തേടിപ്പിടിക്കണമല്ലോ? ഞാൻ മരിക്കുന്നതിനുമുമ്പ്—"

അപ്പോഴ്!—അതു തട്ടിനീങ്ങിയില്ല പ്രത്യക്ഷനഗ്നമായി പ്രത്യക്ഷപ്പെട്ടു. "ഞാൻ കൊല്ലുമെടാ, ഞാൻ കൊല്ലുമെടാ" എന്നു ഗർജ്ജിച്ചുകൊണ്ട് ഒരു ലോറി ബസ്സുമായി പാഞ്ഞുമുട്ടി. ഇടിവെട്ടുന്നതുപോലെ ഒരു ശബ്ദം. പെൻഷൻമാനേജർ ബസ്സിൽനിന്നും കിളർന്നു സമീപത്തുള്ള ഒരു കുണ്ടിലേക്ക് പതിച്ചു... അവിടെ ചിന്തയില്ല, വേദനയില്ല, സർവ്വത്ര അന്ധകാരം ...മാനേജർ ബോധരഹിതനായി.

സമയം എത്രയായിയെന്നറിഞ്ഞില്ല: ശങ്കരപ്പിള്ള കണ്ണുതുറന്നു. അസ്പഷ്ടമായി നിലവിളികൾ സമീപത്തു കേട്ടുതുടങ്ങി. തന്റെ ശരീരം സൂക്ഷിച്ചു. യാതൊരു മുറിവും പററാത്തതിൽ ഉള്ളുകൊണ്ട് ഈശ്വരനെ വാഴ്ത്തി. അടുത്തക്ഷണത്തിൽ ആ ഹൃദയം ഈശ്വരസന്നിധിയിൽനിന്നും പഴയകണ്ണാടക്കൂട്ടിലേക്കുപാഞ്ഞു. ആർത്തിയോടെ അതു തുറന്നുനോക്കി. 'കറൻസിനോട്ടുകൾ കാണാനില്ല! കരംകൊടുത്തരസീതും ഒരു കോർട്ടുനമ്പർ കുറിച്ചുവെച്ചിരുന്നതും അതോടൊന്നിച്ചു മറഞ്ഞു. പ്രതീക്ഷകൾ അടിതെററി നിലംപതിച്ചു. ഓമനയുടെ വിവാഹം, വീടുപുതുക്കിപ്പണി, ചിട്ടി, കൃഷി എല്ലാം ആ കണ്ണാടക്കൂട്ടിൽനിന്നും പറന്നകന്നുകളഞ്ഞു. മുത്തുപോയ ചിപ്പിപോലെ ആ കണ്ണാടക്കൂട് വാപൊളിച്ചു; അതുപോലെ ഉടമസ്ഥനും ശങ്കരപ്പിള്ള തപ്പിത്തടഞ്ഞു എഴുന്നേററു. ചുററും ഇരുട്ടു കട്ടയായി പടർന്നിട്ടുണ്ട്; സമീപം, അല്പമകലെയായി തകർന്ന ബസ്സ് ഒരു പിശാചിന്റെ അസ്ഥിക്കൂടംപോലെ കിടക്കുന്നുണ്ടായിരുന്നു. അമ്മാവൻ ചുററും നോക്കി. അതാ! കുറച്ചകലെ ആ തടിച്ച മനുഷ്യന്റെ ശരീരം നിണമണിഞ്ഞുകിടക്കുന്നു. ആ വിളറിയ സ്ത്രീ ആ ശവശരീരത്തിനു മുമ്പിൽക്കിടന്നു കരയുന്നുണ്ട്. അയാളുടെ തലച്ചോറു തകർന്നു തരിപ്പണമായിപ്പോയി. ശങ്കരപ്പിള്ളയുടെ ഹൃദയം കലങ്ങി. തലചുററി, കാൽ പതറാൻതുടങ്ങി. പണത്തെപ്പററിയുള്ള ചിന്ത മാനേജർ മറന്നു.

"പാവം! ആ മനുഷ്യൻ മരിച്ചു! അയാളുടെ കുഞ്ഞുങ്ങളുടെ ഗതി?...." ശങ്കരപ്പിള്ള ഒരുവിധത്തിൽ ആ രക്തരംഗത്തുനിന്നും പിൻമാറി, തന്റെ വീട്ടിനെ ലക്ഷ്യമാക്കി നടന്നു. കാൽക്കാശുപോലുമില്ലാതെ പെൻഷൻപററി വീട്ടിൽ കാൽകുത്തുന്നതിൽ ശങ്കരപ്പിള്ള അതിയായി പേടിച്ചു. താൻ ജീവിക്കേണ്ടിയില്ലായിരുന്നു എന്നുപോലും അയാൾ ചിന്തിച്ചു.

പെൻഷൻമാനേജർ വീട്ടിന്റെ പടിക്കലെത്തി. ഉദ്ദേശിച്ചതിലും വേഗമായിരുന്നു പടിക്കലെത്തിയത്. തന്റെ ഭാര്യയുടെ മുഖത്തു നോക്കുന്നതെങ്ങിനെ? കുഞ്ഞുങ്ങളോടെന്താണു പറയുക? മാനേജർ കുഴങ്ങി. വേച്ചുവേച്ചു വരാന്തയിൽക്കയറി. തന്നെപ്രതീക്ഷിച്ചു കുഞ്ഞുങ്ങൾ മൂവരും അകത്തളത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. അവർ ഉത്സാഹപൂർവ്വം സംഭാഷണം നടത്തുന്നുണ്ട്. അടുക്കളയിൽനിന്നും വറക്കുന്നതിന്റെയും പൊരിക്കുന്നതിന്റെയും മണം മൂക്കിൽവന്നെത്തി. ഏതായാലും കുഞ്ഞുങ്ങളുടെ സംഭാഷണം ഒന്നു ശ്രദ്ധിച്ചിട്ട് അകത്തുകയറാ

മെന്നു കരുതി ശങ്കരപ്പിള്ള ജനാലയ്ക്കരികിൽ മറഞ്ഞുനിന്നു. ചന്ദ്രനായിരുന്നു ആദ്യം സംസാരിച്ചതു്. അച്ഛനെക്കാണാഞ്ഞതിൽ ശകലം കുണ്ഠിതം ആ സ്വരത്തിൽ നിഴലിച്ചിരുന്നു.

രാധ—അച്ഛനു പെൻഷൻപററാൻ തീരെ ഇഷ്ടമില്ല. ഇനി വേണമെങ്കിൽ മുപ്പതുകൊല്ലം കൂടി ഉദ്യോഗം നോക്കാം!

ബാലൻ—പക്ഷെ നിയമവും ആയുസ്സും അതിനനുവദിക്കയില്ല. എനിക്കതല്ല അച്ഛൻെറ വിശ്വാസങ്ങൾ തൊണ്ണൂററിഅൻപതിലെ വർത്തമാനവും—

രാധ—തെററാണു്.

ചന്ദ്ര—കാലത്തിനൊത്തു് അച്ഛൻെറ മനസ്സുവളർന്നിട്ടില്ല.

രാധ—ശരീരം—

ബാല—നാം മൂന്നുപേരും ശ്വസിക്കുന്ന വായു അല്ല അച്ഛൻ ശ്വസിക്കുന്നതു്.

രാധ—എനിക്കതല്ല എന്നെ ഇന്നും ഒരു കുഞ്ഞായിട്ടാണു അച്ഛൻ കരുതുന്നതു്. ഞാൻ സാരിയുടുക്കുന്നതുപോലും അച്ഛനിഷ്ടമല്ല. ആ പാവാടതന്നെയുടുക്കണം. നടത്തയിലും ഭാവത്തിലും ഒരു കൊച്ചുകുട്ടിയെപ്പോലെ ഞാൻ നടിക്കണം. അതാണച്ഛൻെറ ഇഷ്ടം.

ചന്ദ്ര—നീ വീട്ടുജോലികൾ നോക്കുന്ന ഓമനയായി കഴിയുകയല്ലേ?

രാധ—അതിനു എന്നെ അനുവദിക്കയില്ല ഞാൻ കമലയുടെ വീട്ടിൽപോയാണു പാചകകല പഠിച്ചതു്. എന്നോടൊപ്പം പാചകത്തിനു് ഈ സംസ്ഥാനത്താളില്ല!

ബാല—പോടീ പോ!—എന്നെ അച്ഛൻ ഒരു കഴിവില്ലാത്തവനായി കരുതിയിരിക്കയാണു്. ഉറക്കെ സംസാരിക്കുന്നതു കേട്ടാൽ അച്ഛനു കോപംവരും. ഞാൻ വീട്ടിൽ ഊമയെപ്പോലെ കഴിയുകയാണു്. പാവം! അച്ഛനറിഞ്ഞിട്ടില്ല എൻെറ മാനസികസിദ്ധികൾ! ഞാൻ ആറുപത്രങ്ങളുടെ സഹപ്രവർത്തകനാണു്. ചന്ദ്രൻചേട്ടനപോലുമറിഞ്ഞുകൂടാ ഈ രാഷ്ട്രീയപ്രവർത്തകനായ 'കുമാർ' ആരാണെന്നു; എൻെറ പേനപ്പേരാണു് അതു്.

ചന്ദ്ര—ബാലാ!

ബാല—അതെ! അക്കപ്രശ്നത്തിൽ എനിക്കു അഞ്ഞൂറുരൂപാ കിട്ടിയ വിവരം ലോകമറിഞ്ഞിട്ടുണ്ടു എങ്കിലും അച്ഛനറിഞ്ഞിട്ടില്ല. ഇന്നു് ഞാൻ എല്ലാം അച്ഛനെ അറിയിക്കും. ഒരു മൂകജീവിയുടെ പിതാവല്ല അദ്ദേഹം എന്നു തന്നത്താൻ മനസ്സിലാക്കട്ടെ!

രാധ—ചേട്ടൻ വല്ലാത്ത പുള്ളിയാണു്. അഞ്ഞൂറുരൂപാ—?

ചന്ദ്ര—ആയിരത്തിഎഴുനൂറു തികച്ചിട്ടാണു് ഞാൻ ഇവിടിരിക്കുന്നതു്. അച്ഛൻെറ ബലമായ വിശ്വാസം ഞാൻ ഒരു ദീപാളിപ്പുള്ളിയാണെന്നാണു്. എൻെറ ശമ്പളത്തിൽ മൂന്നിലൊന്നുഭാഗം ഞാൻ നിക്ഷേപിച്ചിട്ടുണ്ടു്. ആഴ്ചയിൽ എൻെറ ചിലവു് ഏഴരരൂപയാണു്. ആറണ സിനിമ, ഒരണ ബീഡി! ഇതാണച്ഛനു സഹിക്കാൻവയ്യാതിരിക്കുന്നതു്!

"എന്താ കുഞ്ഞുങ്ങളെ സംഭാഷണം?" അമ്മ അടുക്കളയിൽനിന്നും പ്രവേശിച്ചുകൊണ്ടു ചോദിച്ചു.

രാധ—അമ്മ കേട്ടിരിക്കുമല്ലോ?

അമ്മ—കുഞ്ഞുങ്ങളെ നിങ്ങളുടെ അച്ഛൻ ശുഭഗതിക്കാരനാണു്. എപ്പോഴും നിങ്ങളെപ്പററിമാത്രമാണു് ചിന്തിക്കുക!

ചന്ദ്ര—ആശങ്കയും ആവേശവും ഒത്തുചേർന്നതാണച്ഛൻ; ഞങ്ങളുടെ കഴിവിൽ അദ്ദേഹത്തിനു തീരെ വിശ്വാസമില്ല.

അമ്മ—രാധയുടെ വിവാഹമാണു ഇപ്പോൾ അദ്ദേഹത്തെ ഇട്ടലട്ടുന്ന സംഗതി.

ചന്ദ്ര—ഓ ചിലവുതാനോറു! അതേ കമലയുടെ സഹോദരൻെറ കാര്യം അമ്മ പറഞ്ഞുവോ?

അമ്മ—ഇല്ലില്ല! ഇന്നുവരട്ടെ—ഒറെറരൂപായുമ വിവരം ഇന്നു് അദ്ദേഹം അറിയപ്പെട്ടും. ഒററ ദിവസംകൊണ്ടു നിങ്ങൾ എല്ലാവരുംകൂടി നമ്മെപ്പോലെ അദ്ദേഹത്തിനു വരാനോ.

രാധ—എന്തായാലും പാൽക്കഞ്ഞി വേഗം തയ്യാറാക്കിയാട്ടെ!"

ശങ്കരപ്പിള്ള വികാരപരവശനായി തൻെറ അജ്ഞത പരിമിതമല്ല ഭീമമാണെന്നു ധരിച്ചു തൻെറ ആശങ്കകൾ അലിഞ്ഞു തുടങ്ങി. താൻ ഒരു പഴയമനുഷ്യനായിപ്പോയി. തനിക്കു ശരീരംപോലുമുണ്ടോ എന്നു സംശയിച്ചു. വീട്ടിൽ കയറാനുള്ള ധൈര്യം ശങ്കരപ്പിള്ളയ്ക്കുണ്ടായില്ല.

ഒരു ഭീമമായ പരാജയമാണു തനിക്കു പററിയതെന്നു് ശങ്കരപ്പിള്ള വിശ്വസിച്ചു. ലജ്ജാഭാരത്താൽ ആ വൃദ്ധൻ തലതാഴ്ത്തി. ആ വീട്ടിനകം തന്റെ കാലടിപ്പാടുകൾകൊണ്ടു പങ്കിലമാക്കുന്നതു പാപമായിക്കരുതി പിൻതിരിഞ്ഞു ഇരുട്ടിലേക്കിറങ്ങി. ആ അന്ധകാരപടലം അതിന്റെ കറുത്ത കൈകൾകൊണ്ടു് മാനേജരെ ആശ്ലേഷിച്ചു.

മാനേജർ നടന്നു; യാതൊരുലക്ഷ്യവുമില്ലാതെ മുമ്പോട്ടു നടന്നു. ആരോ ഒരാൾ തന്റെ തോളത്തിൽ മെല്ലെ തട്ടി ശങ്കരപ്പിള്ള തിരിഞ്ഞു നോക്കി അത്ഭുതം! മാനേജർ സ്വന്തം കണ്ണുകളെ അവിശ്വസിച്ചു. ആ തടിച്ച മനുഷ്യൻ സുസ്മേരവദനനായി നില്ക്കുന്നു. തലച്ചോറു തകർന്നു മരിച്ച അതേ മനുഷ്യൻ! ശങ്കരപ്പിള്ളയുടെ കാലുകൾ വിറച്ചു.

"പേടിക്കാതിരിക്കു!" ഘനത്തസ്വരത്തിൽ ആ മനുഷ്യൻ പറഞ്ഞു "എന്റെകൂടെ വരിക"

"താങ്കൾ— താങ്കൾ—" ശങ്കരപ്പിള്ള പതറി. "ഛീ! നമുക്കു് കൃത്യം നടന്ന സ്ഥലത്തേക്കാം; വിറയ്ക്കാതെ നടക്കൂ!" ആ മനുഷ്യൻ ശങ്കരപ്പിള്ളയെ വലിച്ചുകൊണ്ടുപോയി. ഒരു സ്വപ്നവാഹനെപ്പോലെ ആ പെൻഷൻകാരൻ നടന്നു. അർദ്ധരാത്രികഴിഞ്ഞതോടുകൂടി അവർ ആ സ്ഥലത്തെത്തി. ഒന്നുരണ്ടു തെണ്ടിപ്പിള്ളേർ ഒരു തീപ്പെട്ടിക്കോലുരച്ചു ശവം കിടന്ന ബസ്സിന്നു സമീപം എന്തോ പരിശോധിക്കുന്നുണ്ടായിരുന്നു. അരികത്തുണ്ടായിരുന്ന ഒരു ചെറുകുന്നിലേക്കു ശങ്കരപ്പിള്ളയെ ആ തടിച്ച മനുഷ്യൻ കൂട്ടിക്കൊണ്ടുപോയി "അതാ!" ആ കിടക്കുന്ന ശവം ആരുടേതാ?" അയാൾ വിരൽചൂണ്ടിച്ചോദിച്ചു. ശങ്കരപ്പിള്ള കണ്ണുകൾ വട്ടത്തിലാക്കി സൂക്ഷിച്ചു. അയാളുടെ കണ്ഠമിടറി. "അതു്... അതു്:... ഞാനാണു്! ഞാൻമരിച്ചുപോയോ? "സംശയമോ?" ആ തടിച്ചമനുഷ്യൻ ചിരിച്ചുകൊണ്ടു പറഞ്ഞു "നാം രണ്ടാളുംമരിച്ചവരാണു്. ആ തെണ്ടിപ്പിള്ളേർ തീപ്പെട്ടിക്കോലു് നമ്മുടെ ദേഹത്തു എറിയുന്നതു നോക്കുക. അവർക്കു നമ്മെ കണ്ടുകൂടാ; നാം അരൂപികളാണു്"

"അപ്പോൾ—നാംമരിച്ചു;" ശങ്കരപ്പിള്ള ആവർത്തിച്ചു വീണ്ടും സംശയമോ? സംശയമററതാണു മരണം.

താങ്കൾ മരിച്ചുവെങ്കിലും ലോകത്തോടു യാത്ര പറഞ്ഞില്ല...ഉം വരിക! അതാ അപ്പുറത്തു നോക്കിയാട്ടെ! തലച്ചോറു തകർന്നു കിടക്കുന്നതു ഞാനാണു!...

"അയ്യോ!" ശങ്കരപ്പിള്ള വാവിട്ടു നിലവിളിച്ചു.

"അത്ഭുതമററതാണു് മരണം" കൂട്ടുകാരൻ പറഞ്ഞു "വരിക! സമയമതിക്രമിച്ചു കുന്നടക്കൂട്ടം, കറൻസിനോട്ടും, ഭാര്യയും, കുഞ്ഞുങ്ങളും ഇല്ലാത്ത ഒരു ലോകമുണ്ടു്. അവിടെയാണു് നമുക്കു പോകേണ്ടതു്."

ശങ്കരപ്പിള്ളയുടെ മുഖം സംതൃപ്തിവരിച്ചു. അയാൾ ഉന്മേഷത്തോടെപറഞ്ഞു "സ്നേഹിതാ! അവിടെ എന്റെ ജീവിതം പരാജയമാകയില്ല"!

അവർ രണ്ടുപേരും പെട്ടെന്നു് ആ സ്ഥലം വിട്ടു.

---

# ജയിൽപ്പുള്ളി.

(എൻ. രവീന്ദ്രനാഥൻനായർ ബി. എ. ബി. എൽ)

"അല്ലയോ! കാവൽക്കാരൻ! അങ്ങുന്നിപ്പാവത്തിനെ
ക്കൊല്ലാതെകൊല്ലുംനോട്ടം നോക്കാതൊന്നിരിക്കണേ!
തല്ലിയാൽക്കൊള്ളാമിന്നു ഭക്ഷണംവേണെന്നില്ല
കല്ലിൽഞാൻകിടന്നോളാമില്ലെനിക്കൊട്ടും ദുഃഖം
ഭീരുവായ് പിറന്നെങ്കിലിവിധം പുറത്തൊരു-
ദാരുവായ്നിൽക്കാൻഞാനും പ്രാപ്തനായിരുന്നേനേ
ഉള്ളിലെഞാനുംപുറത്തുള്ളോരീയങ്ങും തമ്മി-
ലുള്ളോരുഭേദം, ഞാനോ നിങ്ങളോ ജയിൽപ്പുള്ളി?
കല്ലറയ്ക്കുള്ളിൽപ്പോലുമുള്ളവും തുറന്നെന്നി-
ക്കുല്ലസിച്ചീടാമങ്ങയ്ക്കില്ലതിന്നൊന്നും ഭാഗ്യം
'ഉത്തരവ്' ഓതാൻമാത്രംനിങ്ങൾ, ഈ ശരിക്കെല്ലാ-
'മുത്തരം' ഓതാൻഞാനുമിങ്ങിനെ യാഥാർത്ഥ്യങ്ങളാം."
ഉത്തരംമുട്ടിപ്പോയി പാവമക്കാവൽക്കാര-
നസ്ഥികൂടത്തിൻമുമ്പിലല്പനായ് തലതാഴ്ത്തി.

---


## 'ശരീരമാദ്യം ഖലുധർമ്മസാധനം.'

ഒരിക്കലും ഭേദപ്പെടുകയില്ലെന്നു വിശ്വസിച്ച് നിരാശക്കടലിൽ അകപ്പെട്ട് ജീവിതംനയിച്ചുവന്ന അനേകം രോഗികൾ ഞങ്ങളുടെ ഔഷധം ഉപയോഗിച്ച് ആരോഗ്യവും, ആയുസ്സും വർദ്ധിച്ചവരായി കരതലാമലകംപോലെ വെളിവായിരിക്കുന്നു.

'ജീവരക്ഷാമൃതം' എന്ന **ആനന്ദകുസുമാകരലേഹ്യം:**— അമൃതസഞ്ജീവിനിപോലെ ഫലം നൽകുന്നതു്. 20 തോലാ അടങ്ങിയ ഡപ്പിക്ക് വില രൂ 3

**ഗുന്മകുലാന്തകൻ:**— ഈ ഭയങ്കരവ്യാധിക്ക് കൃത്യം പറവുന്ന ഒരു ദിവ്യയോഗം. (½ ഔൺസ് ഉപയോഗിച്ചാൽ മതി. ഡപ്പിഒന്നുക്ക് വില രൂ. 3

**കാസശ്വാസസംഹാരി:**— ആശ്ചര്യകരമായ ഫലസിദ്ധിയുള്ളതു്.
വില ഡപ്പി ഒന്നുക്ക് രൂ 3.

ഞങ്ങളുടെ പുതിയ ക്യാററ്ലാഗിന് ആവശ്യപ്പെടുക:—

മദ്രാസ് ജീവരക്ഷാമണിവൈദ്യശാല,
മെയിൻറോഡ്—കൊല്ലം.

# സി. വി. യുടെ ജീവചരിത്രം. *

(കുടല്ലൂനാട്ടു മാധവൻപിള്ള ബി. എ.)

ശ്രീ: പി. കെ. പരമേശ്വരൻനായർ മലയാളസാഹിത്യത്തിനു് മറെറാരു മഹാഗ്രന്ഥംകൂടി സമ്മാനിച്ചിരിക്കുന്നു—സി. വി. രാമൻപിള്ളയുടെ ജീവചരിത്രം. ഇപ്രകാരമുള്ള ഒരു ഗ്രന്ഥം കഴിഞ്ഞ 25 സംവത്സരകാലമായി കേരളഭാഷയുടെ അത്യാവശ്യങ്ങളിൽ ഒന്നായിരുന്നു. സി. വി. യുടെ സമകാലികർ ആരും അദ്ദേഹത്തിൻെറ ജീവചരിത്രം എഴുതിയില്ല. ഇ. വി. കൃഷ്ണപിള്ള എഴുതുമെന്നു പലരും പ്രതീക്ഷിച്ചിരുന്നു. സി. വി. യുടെ ആഗ്രഹം, സ്കോട്ടിൻെറ ചരിത്രം 'ലോക്കാർട്ടു്' എന്നപോലെ, തൻെറ ജീവിതകഥ ഇ. വി. എഴുതണമെന്നായിരുന്നുവെന്നുകേട്ടിട്ടുണ്ടു്. എങ്കിലും ഇ. വി. യുടെ ഉപേക്ഷകൊണ്ടോ, ഒരുപക്ഷേ അദ്ദേഹത്തിൻെറ അകാലചരമംകൊണ്ടോ അതിനുസംഗതിയായില്ല. പിന്നീടുപലരും ഈ ജീവചരിത്രം എഴുതുന്നതിനുള്ള ആഗ്രഹം പ്രസ്താവിച്ചു കേട്ടിട്ടുണ്ടു്. എന്നാൽ അന്ത്യശ്വാസത്തിൽ, അതിനുള്ള വൈഷമ്യങ്ങൾപറഞ്ഞു ഇതിനെ ഒരു അസാദ്ധ്യകാര്യമായി തള്ളിക്കളയുകയാണുണ്ടായതു്. ഇവർ ഭയപ്പെട്ട ദുർഘടങ്ങൾ കുറെയൊക്കെ ഉള്ളവതന്നെയെന്നു സമ്മതിക്കാം! വാസ്തവത്തിൽ സി.വി. ഏതാണ്ടൊരു മായാമാനുഷനാണു്. അദ്ദേഹത്തിൻെറ ചെയ്തികൾപലതും നിഗൂഢങ്ങളായിരുന്നു. ജീവിതകാലത്തു് അദ്ദേഹം ഇടപെട്ടിട്ടില്ലാത്ത പ്രധാന സംഭവങ്ങൾ—രാജ്യകാര്യപരവും സാമുദായികവുമായിട്ടുള്ളവ—യാതൊന്നുംതന്നെ ഇല്ലായിരുന്നു. അതേസമയംതന്നെ അദ്ദേഹം സാമാന്യനായ ഒരുസർക്കാരുദ്യോഗസ്ഥൻമാത്രമായിരുന്നുതാനും. ഒരുസാഹിത്യകാരൻഎന്നുള്ളനിലയിൽ സി. വി. യെ വീക്ഷിച്ചാൽമതിഎങ്കിൽ അദ്ദേഹത്തിൻെറ ജീവചരിത്രരചന ശ്രദ്ധാലുവായ ഒരു എഴുത്തുകാരനു അത്ര വിഷമമേറിയ ഒരു പ്രശ്നമല്ല; എന്നാൽ സാഹിത്യം സി. വി. യുടെ ജീവിതത്തിൻെറ ഒരു ഭാഗമേ ആകുന്നുള്ളൂ. സാഹിത്യത്തേക്കാൾ പ്രധാനമായി സി. വി. മററുപലതിനെയും പരിഗണിച്ചിരുന്നു; മററുപലതിലും വ്യാപരിച്ചിരുന്നു. ഗ്രന്ഥരചനയ്ക്കു ചെലവാക്കിയസമയത്തേക്കാൾ എത്രയോമടങ്ങു കൂടുതലാണു്, രാഷ്ട്രീയപ്രവർത്തനം, സമുദായപരിഷ്കാരം, പത്രപ്രവർത്തനം മുതലായവയ്ക്കു് അദ്ദേഹം ചെലവുചെയ്തതു്. അവയൊക്കെയാകട്ടെ, ശ്രീ: പരമേശ്വരൻനായർ തൻെറ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ "യവനികയ്ക്കുള്ളിൽ" നിന്നുകൊണ്ടുള്ള പ്രവർത്തനങ്ങളുമായിരുന്നു. അവയെല്ലാം അന്വേഷിച്ചറിഞ്ഞു് വിവരിക്കുകതന്നെ പ്രയാസം. അഥവാ അതു സാധിക്കുമെങ്കിൽതന്നെയും ഈ വിദൂരകാലത്തും അവ അഭിപ്രായവ്യത്യാസങ്ങളും വാദപ്രതിവാദങ്ങളും ഉളവാക്കിയേക്കും. പലപ്രമുഖവ്യക്തികളുടേയും—ശങ്കരൻതമ്പി, പി. താണുപിള്ള, സി. കൃഷ്ണപിള്ള, കെ. രാമകൃഷ്ണപിള്ള മുതലായി പലരുടേയും ചരിത്രങ്ങളുമായി സി. വി. യുടെകഥയ്ക്കു് ഗാഢമായ ബന്ധമുണ്ടു്. കുറഞ്ഞപക്ഷം ആറു ദിവാൻജിമാരുടെയെങ്കിലും ഭരണകാലവുമായി അദ്ദേഹം ഒരു രാഷ്ട്രീയ വിമർശകൻ എന്നനിലയിലും, ഒരു ദിവാൻജിയുടെകാലത്തു്, രാജ്യഭരണകാര്യങ്ങളിൽ സജീവമായി പങ്കുവഹിച്ചും ബന്ധപ്പെട്ടിരുന്നു. ഇങ്ങനെ വിശാലവും വൈവിധ്യമയവുമായ ഒരു ജീവിതമണ്ഡലത്തിൽ വ്യാപരിച്ച ഒരു വ്യക്തിയുടെ ജീവചരിത്രം രചിക്കുക എന്നുള്ളതു്, സാദ്ധ്യാസാദ്ധ്യതകളെപ്പററി ഗാഢചിന്തചെയ്തതിനുശേഷംമാത്രം കയ്യേൽക്കേണ്ട ഒരു കൃത്യമാണു്. സാഹിത്യകാരന്മാരുടേയും ഭാഷാപ്രണയികളുടേയും ജീവചരിത്രരചന ലഘുവായിനിർമ്മിച്ചു് പാഠപുസ്തകക്കമ്പോളത്തിൽ മത്സരിച്ചിട്ടുള്ളവർക്കും സി. വി. യുടെ ജീവചരിത്രരചനയ്ക്കു ധൈര്യമുണ്ടായിരുന്നില്ല. കാരണം മേല്പറഞ്ഞതാണു്.

ശ്രീ. പരമേശ്വരൻനായർ ഈ കൃത്യം നിർവ്വഹിച്ചുവരുന്നുവെന്നു കേട്ടപ്പോൾ സന്തോഷമാ

ണങ്ങളായതെങ്കിലും, കുറച്ചൊരു സങ്കോചവും തോന്നാതിരുന്നില്ല. 'സാഹിത്യപഞ്ചാനനൻ' എന്ന ഗ്രന്ഥത്തിന്റെ രചനകൊണ്ടു് മി: നായർ സമ്പാദിച്ച സദ്യശസ്സ് ഈ ദുർഘടമായ പാറക്കെട്ടിൽതട്ടി ഉടയുമോ എന്നു് ഇതെഴുതുന്ന ആൾ ന്യായമായി സംശയിച്ചു. അതിനാൽ പുതിയഗ്രന്ഥം ഉൽക്കണ്ഠയോടുകൂടിയാണു വായിച്ചതു്. വന്ദ്യവയോധികനായ കെ. ആർ കൃഷ്ണപിള്ള അവർകളുടെ പ്രൗഢമായ അവതാരിക വായിച്ചപ്പോൾതന്നെ ഞാൻ പകുതി ആശ്വസ്തനായി. "സമുചിതമായി ഗവേഷണബുദ്ധിയോടും, സാമഗ്രിസമ്പത്തോടും കൂടിയാണു ശ്രീ. പരമേശ്വരൻനായർ തന്റെ ഗ്രന്ഥവിഷയത്തെ സമീപിച്ചിട്ടുള്ളതു്" എന്നും, "പ്രയോഗചതുരന്റെ കയ്യിൽ കിട്ടുന്ന ഉപകരണങ്ങൾകൊണ്ടു് ഉചിതമായ ഒരു ശില്പവിധാനം നിർമ്മിക്കാമെന്നുള്ളതിനു് ഈ ജീവചരിത്രവും ഒരുദാഹരണമാണു്" എന്നുംമറ്റും മിതവാക്കായ ആ വിമർശകൻ അഭിപ്രായപ്പെട്ടു കണ്ടപ്പോൾതന്നെ ഗ്രന്ഥത്തിന്റെ നിർവ്വഹണവിജയത്തിൽ ഉൽക്കണ്ഠയ്ക്കു അവകാശമില്ലെന്നു തോന്നി. ഗ്രന്ഥംവായിച്ചുകഴിഞ്ഞപ്പോഴേക്കും, ഹർഷാത്ഭുതരസങ്ങളിൽ മുഴുകിക്കൊണ്ടേ അതിൽ നിന്നും ശ്രദ്ധപിൻതിരിക്കുവാൻ കഴിഞ്ഞുള്ളു എന്നു പറയുന്നതു് കേവലം ഒരു പരമാർത്ഥം മാത്രമാണു്. 'സാഹിത്യപഞ്ചാനനൻ' ഒരു വിജയമാണെങ്കിൽ 'സി. വി. രാമൻപിള്ള' ഒരു മഹാവിജയമാണെന്നു് മുക്തകണ്ഠം പ്രസ്താവിക്കുവാൻ ഏതു പുരോഗാമിക്കും കഴിയും.

ഉറച്ച അടിസ്ഥാനത്തോടുകൂടിത്തന്നെ ഗ്രന്ഥനിർമ്മാണത്തിനു് ഉദ്യുക്തനാകാൻ ഗ്രന്ഥകാരനു കഴിഞ്ഞുവെന്നുള്ളതുതന്നെയാണു് ഈ വിജയത്തിന്റെ മുഖ്യകാരണമെന്നു തോന്നുന്നു. സി. വി. യുടെ ജീവിതകഥ ഒട്ടധികം പ്രമാണങ്ങളുടെയും, രേഖകളുടെയും അവലംബത്തോടുകൂടിത്തന്നെ പ്രതിപാദിക്കുവാൻ സാധിച്ചു. വിപുലമായ അന്വേഷണങ്ങൾനടത്തി അനവധി വിലയേറിയ രേഖകൾ—ഒരുപക്ഷേ, കൂടുതൽ താമസിച്ചിരുന്നുവെങ്കിൽ നഷ്ടപ്പെട്ടുപോകുമായിരുന്നരേഖകൾ—അദ്ദേഹം സമ്പാദിച്ചിരിക്കുന്നു. ഈ രേഖകളെ ഗാഢമായി പഠിച്ചും, തരംതിരിച്ചും, അവയെ ഉചിതമായ സ്ഥാനങ്ങളിൽ വിനിവേശിപ്പിക്കുവാൻ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിട്ടുള്ള പാടവം ഒന്നു പ്രത്യേകം തന്നെ. ഒരു കലാശില്പമെന്നുള്ള നിലയിൽ ഈ ജീവചരിത്രഗ്രന്ഥത്തെ മേലേക്കിടയിൽ എത്തിക്കുവാൻ സഹായിച്ചിട്ടുള്ളതു് ഈ സംഗതിയാണു്. അവതാരികാകാരൻ പറയുന്നതുപോലെ കിട്ടിയസാമഗ്രികൾ "നല്ല കേവണങ്ങളിൽവച്ച കല്ലുകൾപോലെ" നിരത്തി ഗ്രന്ഥത്തിന്റെ ശില്പഭംഗിയെ അത്യന്തം വർദ്ധിപ്പിക്കുവാൻ ഗ്രന്ഥകർത്താവിനു കഴിഞ്ഞിട്ടുണ്ടു്.

ആഖ്യായികാകാരനായ സി. വി. രാമൻപിള്ള മറ്റു പലതുംകൂടിയായിരുന്നുവെന്നുള്ള വസ്തുത നമ്മുടെ തലമുറ മിക്കവാറും മറന്നുകഴിഞ്ഞിരിക്കുന്നു. സാഹിത്യകാരനോടൊപ്പം സി. വി. ഒരു സമുദായപ്രവർത്തകനും, രാഷ്ട്രീയപ്രക്ഷോഭകനും ആയിരുന്നുവെന്നു് ഭാവിലോകം ഈ ഗ്രന്ഥംകൊണ്ടായിരിക്കും അറിയുവാൻ പോകുന്നതു്. മാർത്താണ്ഡവർമ്മയ്ക്കുശേഷം പത്തിരുപതുവർഷക്കാലം സി. വി. സാഹിത്യവിഷയത്തിൽ ബദ്ധമൌനനായിരുന്നതിന്റെ രഹസ്യം പലർക്കും അജ്ഞാതമാണു്. എന്നാൽ ശ്രീ. നായരുടെ ഗ്രന്ഥം വായിക്കുമ്പോൾ, സി. വി. യുടെ മൌനത്തിനു എന്തെല്ലാം ഇതരകാരണങ്ങളുണ്ടെങ്കിലും, പ്രധാനകാരണം, അനവരതമായ പൊതുക്കാര്യപ്രവർത്തനവും പ്രവൃത്തിവ്യഗ്രതയും ക്ലേശബഹുലതയുമായിരുന്നുവെന്നു് വായനക്കാർക്കു ഊഹിക്കുവാൻ കഴിയും. സംഭവബഹുലമായ ഒരു ജീവിതംതന്നെയായിരുന്നു അതു്.

തന്റെ കാലത്തെ സകല പ്രധാനവ്യക്തികളും ഈ തേജോഗോളത്തിനു ചുറ്റും പരിവർത്തനം ചെയ്യുന്നതായി തോന്നിപ്പോകുന്നു. സി. കൃഷ്ണപിള്ള, പി. താണുപിള്ള, ജി. പി. പിള്ള, ശങ്കരൻതമ്പി, എം. കൃഷ്ണൻനായർ, എൻ. രാമൻപിള്ള എന്നിങ്ങനെ എത്രയെത്ര പ്രശസ്തരും പ്രഗത്ഭരുമായ മഹിമാശാലികളാണു് സി. വി. യുടെ ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നതു്! സാഹിത്യകാരന്മാർ, സമുദായപ്രവർത്തകന്മാർ, ഉദ്യോഗസ്ഥപ്രമാണികൾ മുതലായവർ സി. വി. യെ ഒരു മാർഗ്ഗദർശിയും ഉപദേഷ്ടാവുമായി പരിഗണിച്ചിരുന്നു. പലരെ എതിർത്തു. പലരെയും അദ്ദേഹം എതി

ത്തു. അന്നു് സംഘട്ടനപരമായ ഒരു ജീവിതം കൂടിയായിരുന്നു. കൃഷ്ണസ്വാമിരായർ, വി. പി. മാധവറാവു, രാജഗോപാലാചാരി എന്നീ ദിവാന്മാരുടെ കാലത്തു സി. വി. പ്രബലമായ പ്രക്ഷോഭണങ്ങൾതന്നെ നടത്തിവന്നു. ഒരു ദിവാൻെറ-സർ. ററം. കൃഷ്ണൻനായരുടെ-അസ്ഥാനപ്രാപ്തിക്കുതന്നെ സി. വി. കാരണഭൂതനായിരുന്നു. മലയാളി മെമ്മോറിയൽ, മലയാളിസഭ, മലയാളിപത്രം എന്നിങ്ങിനെയുള്ള പലതിൻെറയും ഉത്ഭവകാര്യത്തിൽ സി. വി-യുടെ കൈകാര്യകർത്തൃത്വം എത്രമാത്രമുണ്ടായിരുന്നുവെന്നുള്ളതു ഈ ഗ്രന്ഥം വായിക്കുമ്പോഴാണു് നമുക്കു വ്യക്തമായി മനസ്സിലാകുന്നതു്. ഒരു കാലത്തു സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ ഇതുവരെ പ്രവർത്തിച്ചിട്ടുള്ള ഒരു സാഹിത്യകാരൻ മലയാളികളുടെ ഇടയിൽ ജീവിച്ചിരുന്നില്ലെന്നു് നിസ്സംശയം പറയാം. ഈ പ്രവർത്തനങ്ങളുടെ ചരിത്രം ഇത്ര ഉചിതമായും, മനോഹരമായും വിവരിച്ചു് ഈ ഗ്രന്ഥത്തെ ഒരൊന്നാന്തരം രാഷ്ട്രീയനോവൽപോലെ ഹൃദ്യമാക്കിത്തീർത്തിരിക്കുന്ന ശ്രീ. നായർ മലയാളഭാഷയ്ക്കു് ഒരു മഹാസംഭാവനതന്നെയാണു് ചെയ്തിട്ടുള്ളതു്.

സി. വി. യുടെ സാഹിത്യഗ്രന്ഥങ്ങളുടെ എണ്ണംകൊണ്ടു് അത്ര വിപുലമല്ലെങ്കിലും അന്തസ്സാരത്തിൽ അപ്രതിമം തന്നെ എന്നു പറയാം. ഇത്ര ഉന്നതവും വിശാലവുമായ ഭാവനാചാതുര്യവും, അഗാധമായ ചിന്താഗതിയും, ഇത്ര സൂക്ഷ്മമായ മനുഷ്യസ്വഭാവവിജ്ഞതയും പ്രദർശിപ്പിച്ചിട്ടുള്ള കാവ്യകൃത്തുകൾ മലയാളത്തിലുണ്ടോ എന്നു തോന്നുന്നില്ല. വാസ്തവത്തിൽ ഏതൊരു വിശ്വസാഹിത്യകാരനോടും താരതമ്യം ചെയ്യപ്പെടാവുന്ന ഒരു സാഹിത്യപ്രഭാവം സി. വി. ക്കുണ്ടെന്നു് പ്രതിപക്ഷഭീതികൂടാതെ പറയാവുന്നതാണു്. എന്നാൽ ഇങ്ങിനെ കേരളിക്കു് അഭിമാനഭാജനമായ ഒരു മഹാസാഹിത്യകാരൻെറ കൃതികളെ അധികരിച്ചു് പ്രാമാണികങ്ങളായ സമഗ്രനിരൂപണങ്ങളൊന്നും ഇതുവരെയുണ്ടായിട്ടില്ലാത്തതു് ഏറ്റവും പരിതാപകരമാണു്. ഈ കുറവിനേയും ശ്രീ: പരമേശ്വരൻനായർ തൻെറ ഗ്രന്ഥം മുഖേന പരിഹരിച്ചിട്ടുണ്ടെന്നുള്ളതു് ഏറ്റവും ആശ്വാസജനകമായിരിക്കുന്നു. ഈ ഗ്രന്ഥത്തിലെ ഏറ്റവും ആകർഷകങ്ങളായ ഭാഗങ്ങളിൽ ചിലതു സി. വി. യുടെ ആഖ്യായികകളെ വിമർശിക്കുന്ന അദ്ധ്യായങ്ങളാണു്. ഈ അദ്ധ്യായങ്ങൾ ഒന്നിലധികം വിധത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഒന്നാമതായി, അവ സാമാന്യജനങ്ങൾക്കു അപ്രാപ്യങ്ങളും ദുർഗ്രാഹ്യങ്ങളുമായ സി. വി. യുടെ ഗ്രന്ഥങ്ങൾക്കു ഉത്തമങ്ങളായ പഠനങ്ങളും സുഗമങ്ങളായ പ്രവേശികകളുമാണു്. രണ്ടാമതായി ഗ്രന്ഥങ്ങളിൽകൂടി അവയുടെ കർത്താവിൻെറ അന്തരംഗത്തിലേക്കു അഥവാ വ്യക്തിത്വത്തിലേക്കു കടക്കുവാൻ വായനക്കാരെ അവ സഹായിക്കുന്നു. ജീവചരിത്രത്തെ സംബന്ധിച്ചിടത്തോളം രണ്ടാമത്തെ അംശത്തിനുതന്നെയാണു് പ്രാധാന്യം എങ്കിലും സാഹിത്യനിരൂപണപരമായ ഒരു വീക്ഷണകോടിയിൽകൂടി നോക്കുമ്പോൾ, സി. വി. സാഹിത്യത്തിനു ഇതുവരെയായി ലഭിക്കുവാൻ സാധിക്കാതെയിരുന്ന സമഗ്രമായ ഒരു നിരൂപണം ഈ ഗ്രന്ഥംമൂലം മലയാളഭാഷയ്ക്കു സിദ്ധിച്ചിരിക്കുന്നുവെന്നുകൂടി പറയാം. മി: പരമേശ്വരൻനായരുടെ സാഹിത്യവിമർശകനിലെ സാഹിത്യപഞ്ചാനനൻ പോലെ ഈ ഗ്രന്ഥവും ഒരു വിജയപതാകതന്നെയാണു്.

മലയാളഭാഷയിൽ ജീവചരിത്രസാഹിത്യം ശൈശവദശയെ അതിവർത്തിച്ചിട്ടുണ്ടെന്നു പറയാറായിട്ടില്ലായിരുന്നു. ശ്രീ. മൂർക്കോത്തു കുമാരൻെറ 'ചന്തുമേനോൻ' 'ശ്രീനാരായണഗുരുസ്വാമി' എന്നിവ, ശ്രീ. അനന്തൻപിള്ളയുടെ 'കേരളപാണിനി' ശ്രീ. എം. ആർ. ബാലകൃഷ്ണവാര്യരുടെ 'കേരളവർമ്മദേവൻ' മുതലായി ഏതാനും ഗ്രന്ഥങ്ങൾ മാത്രമാണു നമ്മുടെ ജീവചരിത്രസാഹിത്യത്തിലെ പ്രധാനസമ്പാദ്യങ്ങൾ. എന്നാൽ രീതിയിലും രചനാനിർവ്വഹണത്തിലും അവ മിക്കവാറും പഴയ സരണികളെത്തന്നെ അനുസരിക്കുന്നവയാണു്. ലക്ഷണംകൊണ്ടു് പരിപൂർണ്ണജീവചരിത്രങ്ങൾ എന്നു പറയത്തക്കതായി അവയിൽ ഒന്നുംതന്നെയില്ല. കൂടുതൽ ഗവേഷണം, കൂടുതൽ പഠനം, കൂടുതൽ അവഗാഹം, ആ ഗ്രന്ഥങ്ങളുടെ വിഷയങ്ങൾ ഇനിയും അർഹിക്കുന്നു. ശ്രീ. സി. നാരായണപിള്ളയുടെ 'ചങ്ങനാശ്ശേരി' എന്ന ജീ

വചരിത്രം ഇവയിൽനിന്നെല്ലാം ഒരു വ്യതിയാനത്തെ സൂചിപ്പിച്ചു. അധുനികയൂറോപ്യൻജീവചരിത്രങ്ങളുടെ രീതി അതിൽ കൊണ്ടുവരുവാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്. കലാസൗഷ്ഠവത്തിൽ പ്രത്യേകദൃഷ്ടിവച്ചും സമകാലികചരിത്രത്തിന്റെ പശ്ചാത്തലത്തിൽ ഒരു പ്രമുഖവ്യക്തിയുടെ ചരിത്രത്തെ അവലോകനം ചെയ്തുകൊണ്ടും ജീവചരിത്രമെഴുതാനുള്ള മലയാളത്തിലെ അദ്യമത്നം അതാണെന്നാണു് പറയേണ്ടതു്. പക്ഷേ ആ ഗ്രന്ഥത്തിനു മററു പല വൈകല്യങ്ങളും പററി. നിഷ്പക്ഷമായ ഒരു മനോഭാവത്തോടുകൂടി കഥാപുരുഷനേയോ അദ്ദേഹത്തിന്റെ സമകാലികരേയോ ദർശിക്കുവാൻ ഗ്രന്ഥകാരനു കഴിഞ്ഞില്ല. പറയേണ്ടിയിരുന്ന പലതും അതിൽ വിട്ടുപോയി. പറയേണ്ടതില്ലായിരുന്ന പലതും പറയുകയും ചെയ്തു. അതിനുശേഷമാണു് ശ്രീ: പി. കെ. പരമേശ്വരൻനായരുടെ 'സാഹിത്യപഞ്ചാനനന്റെ ആവിർഭാവം. കഥാനായകന്റെ ചരിത്രം സംബന്ധിച്ചു് ഒരു പരിപൂർണ്ണത തോന്നിക്കുന്ന ആദ്യമലയാളജീവചരിത്രം സാഹിത്യപഞ്ചാനനനാണു്. നായകന്റെ ചരിത്രവും, സമകാലികസംഭവങ്ങളും സംബന്ധിച്ചു ഗ്രന്ഥകാരൻ നടത്തിയ വിപുലമായ ഗവേഷണങ്ങളുടേയും, പഠനത്തിന്റേയും, ചിന്തയുടേയും ഫലങ്ങൾ മറെറാരു മലയാളജീവചരിത്രത്തിലേയും കാൾ ഈ ഗ്രന്ഥത്തിൽ കൂടുതലായി പ്രതിഫലിക്കുന്നുണ്ടു്. അത്യന്തം വിടവുകൾ കൂടാതെ മുഴുവൻ കഥയും പറവാൻ ഗ്രന്ഥകാരനു കഴിഞ്ഞിട്ടുണ്ടു്. അതിന്റെ രീതിയും ഏററവും അധുനികങ്ങളായ യൂറോപ്യൻ ജീവചരിത്രഗ്രന്ഥങ്ങളെ അനുസരിച്ചിരുന്നു. നായകന്റെ മാഹാത്മ്യങ്ങളോടൊപ്പം കുറവുകൾ കൂടി ചൂണ്ടിക്കാണിച്ചു ഗ്രന്ഥകാരന്റെ നിഷ്പക്ഷത വെളിവാക്കിയിട്ടുണ്ടു്. എന്നാൽ ഒടുവിൽ കൊണ്ടുചെന്നു ഗ്രന്ഥത്തിനു് ഒരു പാകപ്പിഴ വരുത്തിയെന്നു പറയാതെ തരമില്ല. ജീവചരിത്രം പറഞ്ഞവസാനിപ്പിച്ചിട്ടു് പിന്നീടുള്ള അഞ്ചെട്ടദ്ധ്യായങ്ങളിൽ ഒരു പുനർനിരീക്ഷണത്തിനു, ഗ്രന്ഥകാരൻ ഉദ്യുക്തനായി കാണുന്നതു്, അതുവരെ അതിൽ പരിരക്ഷിച്ചുവന്ന കലാഭംഗിക്കു കുറച്ചൊരു കോട്ടം ഉണ്ടാക്കിയെന്നു പറയാതെ തരമില്ല. ആ അദ്ധ്യായങ്ങൾ ഒരു പഠനമെന്നുള്ള നിലയിൽ ഏററവും ഹൃദ്യമായിട്ടുണ്ടെന്നുള്ളതു് വാസ്തവം തന്നെ. ആ ഭാഗങ്ങൾമാത്രമായി ചേർത്താൽ ഒരു ഉത്തമനിരൂപണഗ്രന്ഥമായിരിക്കുകയും ചെയ്യും. പക്ഷേ കലാപ്രധാനമായ ഒരു ജീവചരിത്രത്തിന്റെ സമാപനാദ്ധ്യായങ്ങൾക്കു ഇത്ര ദീർഘമായ ഒരു വിമർശം ആവശ്യമില്ലായിരുന്നു.

സി. വി. യുടെ ജീവചരിത്രത്തിൽ ഇപ്രകാരമുള്ള വൈകല്യങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. അതു അത്യന്തം കലാസുന്ദരമായിരിക്കുന്നു. ഒരു പ്രൗഢകഥാപുരുഷനു യോജിച്ച പ്രൗഢിയും കാര്യഗൗരവവും ഈ ഗ്രന്ഥത്തിനുണ്ടു്. ജീവചരിത്രത്തിലും സത്യവും സാരാംശവും വിടാതെ നോവലിന്റെ രീതി കലർത്തി ഗ്രന്ഥത്തെ ഹൃദ്യവും കാര്യസമ്പൂർണ്ണവുമാക്കാമെന്നുള്ളതിനു ഈ ഗ്രന്ഥം ഒരു രസികൻ ഉദാഹരണമാണു്. മലയാളത്തിൽ ഇതു് ആദ്യത്തെ മാതൃകയുമാണു്. അരശതാബ്ദത്തിലെ രാജ്യചരിത്രം അതു ഉൾക്കൊള്ളുന്നു. എന്നാൽ ആ ചരിത്രം ഒരു പശ്ചാത്തലം മാത്രമായേ നില്ക്കുന്നുള്ളു. നായകനായ വ്യക്തിതന്നെ അതിൽ അത്യന്തം മികച്ചുനില്ക്കുന്നു. സമകാലികരായ അനേകം മഹാരഥന്മാർ അതിൽ ആവിർഭവിക്കുകയും തിരോഭവിക്കുകയും ചെയ്യുന്നുണ്ടു്. എന്നാൽ ആരും കഥാനായകന്റെ വ്യക്തിപ്രഭാവത്തെ മറയ്ക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നില്ല. നേരേമറിച്ചു അതിനെ ഉദ്ദീപ്തമാക്കുകയേ ചെയ്യുന്നുള്ളു. ഇതിലും ഗ്രന്ഥകാരൻ പ്രദർശിപ്പിക്കുന്ന കലാപാടവവും അസാധാരണമാണു്. ഒരു കപ്പാടെ ഈ ഗ്രന്ഥം മലയാളസാഹിത്യത്തിനു ഒരു വലിയ നേട്ടംതന്നെയാണെന്നു നിസ്സംശയം അഭിപ്രായപ്പെടാം. മലയാളജീവചരിത്രസാഹിത്യത്തിൽ ഈ ഗ്രന്ഥം അദ്വിതീയമായ സ്ഥാനം കൈക്കലാക്കുകയും ചെയ്യും.

—*—

# വായിക്കുക! രസിക്കുക!

| | | രൂ. ണ. |
|---|---|---|
| സ്വാതന്ത്ര്യോദയം | ലഘുകാവ്യം By ജി. ശങ്കരക്കുറുപ്പ്. | 0 4 |
| ആഗസ്ററ് 15 | ഏകാങ്കനാടകം By ജി. ശങ്കരക്കുറുപ്പ് | 0 6 |
| പൂഞ്ചോല | കഥകൾ By S. K. R. കമ്മത്ത് | 1 4 |
| അശ്രുധാര | കഥകൾ By G. P. K. കടക്കരപ്പള്ളി | 1 0 |
| ലീലാഞ്ജലി | കഥകൾ By കമുകറ L. ലീലാബായി | 1 4 |
| കഥാകുസുമങ്ങൾ | കഥകൾ By സ്വർണ്ണകുമാരീദേവി പരിഭാഷകൻ, പണ്ഡിതർ R. C. ശർമ്മ | 0 8 |
| മലഞ്ചെരിവിലെ ഭൂതം | അപസർപ്പകകഥ By സാഹിത്യകുശലൻ, A. D. ഹരിശർമ്മ | 0 10 |
| അമ്മായിഅമ്മ | ഒരു ചെറിയ നോവൽ | 0 4 |
| അപരാധിനി | ” | 0 4 |
| അംബുജം | ” | 0 3 |
| പ്രേമമുദ്ര | ” | 0 6 |
| മഹാത്മജി | ജീവചരിത്രകാവ്യം By ഗായകകവി V. S. ആൻഡ്റൂ | 0 10 |
| സന്ദേശം | കവിതാസമാഹാരം By M. S. ചന്ദ്രശേഖരവാര്യർ | 0 12 |
| വേദവ്യാസൻ | പൗരാണികചരിത്രം By M. ശേഷഗിരിപ്രഭു M. A. | 0 4 |
| വിശപ്പ് | ജീവൽസ്പർശിയായ കഥകൾ By A. K. ബാലകൃഷ്ണപിള്ള | 1 8 |
| പ്രണാമം | കഥകൾ By ചെറിയാൻ ആൻഡ്റൂസ് | 1 4 |
| ജീവിതവല്ലി | പ്രസിദ്ധ കഥാകൃത്തുകളുടെ ഒൻപതു കഥകൾ | 1 0 |
| ബാലാരാമം | കുട്ടികൾക്കുള്ള കഥകൾ (കളർചിത്രങ്ങളടങ്ങിയതു്) | 0 3 |
| കളികൾ | കുട്ടികൾക്ക പററിയ ഇരുപതു കളികളുടെ വിവരണം | 0 4 |
| ജാലവിദ്യകൾ | ചിത്രങ്ങളോടുകൂടിയ വിശിഷ്ടഗ്രന്ഥം | 0 8 |
| ഭക്തന്റെ ഓമന | ലഘുകാവ്യം എം. കെ. വാസുദേവൻ | 0 8 |

മറെറല്ലാത്തരം മലയാള പുസ്തകങ്ങൾക്കും ഞങ്ങൾക്കെഴുതുക:—

മാനേജർ,

## ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ,

തുറവൂർ A. O. കുത്തിയതോട് P. O.

# സംശയങ്ങളും വാദപ്രതിവാദങ്ങളും.

[ജ്യോതിശ്ശാസ്ത്രസംബന്ധമായി പലക്കും പല സംശയങ്ങളും അഭിപ്രായവ്യത്യാസങ്ങളുമുള്ളതായി ഞങ്ങൾക്കറിയാം. അവക സംശയങ്ങൾക്ക് പരിഹാരവും അഭിപ്രായങ്ങൾക്ക് ഏകീകരണവുമുണ്ടാക്കേണ്ടതു് ശാസ്ത്രലോകത്തിൻെറ വളൎച്ചയ്ക്കു അത്യാവശ്യമാണെന്നു് ഞങ്ങൾ വിചാരിക്കുന്നു. ഈ പംക്തി അതിനായി ഉദ്ദേശിച്ചിരിക്കുകയാണു്. സംശയാലുക്കളുടേയും പണ്ഡിതന്മാരുടേയും ശ്രദ്ധയെ ഞങ്ങൾ ഈ പംക്തിയിലേയ്ക്കു് ക്ഷണിച്ചുകൊള്ളുന്നു. പത്രാധിപർ]

(1) ശ്രീ: ആർ വി. പിള്ള, ന്തറനാട്ട് ഇപ്രകാരമെഴുതുന്നു:—

സർ, 'രാഹുകാലം' എല്ലാശ്ശുഭകർമ്മങ്ങൾക്കും വൎജ്ജിക്കേണ്ടതാണെന്നാണു് പൊതുവെയുള്ള വിശ്വാസം. മലയാളത്തിലുള്ള മിക്ക പഞ്ചാംഗങ്ങളിലും രാഹുകാലത്തിൻെറ സമയവും അതുവൎജ്ജിക്കേണ്ടതാണെന്നുള്ള വിവരവും പ്രസിദ്ധം ചെയ്തിട്ടുമുണ്ടു്. എന്നാൽ ആ പഞ്ചാംഗങ്ങളിൽതന്നെ ചേൎത്തിട്ടുള്ള മുഹൂൎത്തങ്ങൾ പലതും രാഹുകാലത്തിലാണെന്നും കാണുന്നു. പഞ്ചാംഗഗണിതത്തിൽ പ്രഥമഗണനീയനായ മി: പുലിയൂർ പുരുഷോത്തമൻ നമ്പൂതിരിയുടെ പഞ്ചാംഗത്തിൽ തന്നെ രാഹുകാലത്തിൽ പല മുഹൂൎത്തങ്ങളും ചേൎത്തുകാണുന്നു. ഇതിൻെറ വാസ്തവമെന്താണെന്നറിയാൻ വളരെയാഗ്രഹമുണ്ടു്.

ആലപ്പുഴനിന്നും ശ്രീ: ജെ. ഗോപാലകൃഷ്ണൻ ഇപ്രകാരമെഴുതുന്നു:—

സർ, ഗണിതത്തിൽ ആദ്യം പഠിക്കുന്നതു് കലിദിനസംഖ്യ വരുത്താനാണല്ലോ.

'കോളംബാബ്ദം തരളാംഗാഢ്യം
ഗോത്രഗായകവൎദ്ധിതം
കലൈരാപ്തഫലദ്ധ്യേക-
യുക്തം കലിദിനം ഭവേത്'

എന്നാണു് അതിനുള്ളപ്രമാണം. കൊല്ലവൎഷത്തിൻെറ സംഖ്യവൎച്ചു് 'തരളാംഗം' (3926) കൂട്ടി, അതിനെ 'ഗോത്രഗായകം' (11323) കൊണ്ടു് ഗുണിച്ചു 'കലം, കൊണ്ടുഹരിച്ചുകിട്ടുന്ന ഫലത്തോടു ഒന്നു കൂട്ടിയാൽ ആ കൊല്ലവൎഷത്തിലെ മേടം 1-ാംതീയതിക്കുള്ള കലിദിനസംഖ്യ കിട്ടുമെന്നാണു് അതിൽ വിവക്ഷിച്ചിട്ടുള്ളതു്. ഈ കൊല്ലവർഷത്തിനോടു 3926 കൂട്ടുന്നതു് എന്തിനാണെന്നും 11323 കൊണ്ടു ഗുണിക്കുന്നതിൻെറ അൎത്ഥമെന്തെന്നും 31 കൊണ്ടുതന്നെ ഹരിക്കണമെന്നു നിൎബ്ബന്ധിക്കുന്നതെന്തിനെന്നും മററുമുള്ള ആ കണക്കിൻെറ യുക്തിഭാഗങ്ങൾ ഈ പംക്തികളിൽ പരസ്യപ്പെടുത്തുന്നതു് വളരെ ഉപകാരമായിരിക്കും.

## ഒരു നാരിയുടെ ചിരിചെയ്ത ചെലവു്.

ലോകംകഴഞ്ഞു ദുഃഖത്തിൽ
ഏതേട്ടം കാടായിരുന്നഹൊ
പുരുഷൻ യോഗിയായ് വാണു
ലോകാരംഭം മുതല്ക്കിദം. (1)

നാരിയൊന്നു ചിരിച്ചപ്പോൾ
കാൎയ്യമൊക്കെ മറിഞ്ഞഹോ!!
നാരിതൻെറ ചിരിക്കുള്ള
വീൎയ്യമതു കഠോരമാം.

(ആംഗലകവി കാംബെലിൻെറ ഒരു കവിതയിൽനിന്നു)

ശാസ്ത്രപംക്തി.

# റേഡിയം.

(എം. കെ. രാമകൃഷ്ണൻനായർ ബി. എ. എൽ. ററി)

റേഡിയത്തിന്റെ അത്ഭുതശക്തിയേയും ഉപയോഗങ്ങളേയും പററി കേട്ടിട്ടില്ലാത്തവർ ഇന്ന അപൂർവ്വമാണു്. പരിശുദ്ധറേഡിയം ഈ ലോകത്തിൽ ഇല്ലെന്നതന്നെ പറയാം. ഈ ലോഹം വേർതിരിച്ചെടുക്കാവുന്നതാണെങ്കിലും അതു് ഉടനെ മററു പദാർത്ഥങ്ങളുമായി ചേർന്നു് ഒരു സംയുക്തവസ്തുവായി പരിണമിക്കുന്നു. പ്രാണവായുവുമായുള്ള സംയോജനാഭിനിവേശത്തിൽ ഇതു് സോഡിയത്തിനെപ്പോലെയാണു്. റേഡിയം എന്നു നാം സാധാരണയായി പറഞ്ഞുവരുന്നതു് ആ ലോഹത്തിന്റെ ഹരിതകമാകുന്നു. സാധാരണ ഉപ്പുതരികളെപ്പോലെയിരിക്കുമെങ്കിലും ഈ ഹരിതകം ഏററവും വിനാശകശക്തിയുള്ളതാകയാൽ ഈയംകൊണ്ടു പൊതിഞ്ഞ ഗ്ലാസ്സ് കുഴലുകളിലാണു് ഇവ സാധാരണമായി സൂക്ഷിച്ചുപോരാറുള്ളതു്. ഈ ലോഹകിരണങ്ങളെ തടുക്കുന്നതിനുള്ള ശക്തി ഈയത്തിനു മാത്രമേയുള്ളു. ബെക്കറൽ എന്ന മഹാനു സംഭവിച്ച പൊള്ളൽ റേഡിയത്തിന്റെ ശക്തിയെ കാണിക്കുന്ന ഒരു കഥയാകുന്നു. ഇദ്ദേഹം ലണ്ടൻ സന്ദർശിച്ച അവസരത്തിൽ ഒരു ചെറുസൂചിക്കുഴയോളം റേഡിയം തന്റെ പോക്കററിൽ സൂക്ഷിച്ചിരുന്നു. ഈ ലോഹത്തിന്റെ വിലയെ പരിഗണിച്ചു് അദ്ദേഹം ഒരിക്കലും അതിനെ അരകററിവെച്ചിരുന്നില്ല. പത്തുദിവസം കഴിഞ്ഞപ്പോൾ റേഡിയം സൂക്ഷിച്ചിരുന്ന കോട്ടിന്റെ ഭാഗം ദേഹത്തു സ്പർശിച്ച സ്ഥലത്തു് ഒരു വലിയ വ്രണം കാണപ്പെട്ടു. ശരീരത്തിന്റെ ആ ഭാഗം പൊള്ളിപ്പോയിരുന്നു. റേഡിയത്തിന്റെ രശ്മികൾ മാംസത്തിലുള്ള അണുക്കളെ നശിപ്പിച്ചിരുന്നു. വൈദ്യസഹായം ഉണ്ടായിരുന്നിട്ടും അനേകം ആഴ്ചകൾകൊണ്ടു മാത്രമേ ഈ വ്രണം ഭേദപ്പെട്ടുകിട്ടുവാൻ കഴിഞ്ഞുള്ളൂ. ഈ ലോഹം സംഭരിച്ചുവെച്ചിരുന്ന ഒരു കുഴൽ ഏതാനും എലികളുടെ മുകളിൽ തൂക്കിയിട്ടപ്പോൾ അവയെല്ലാം വളരെ വേഗം മരിച്ചുപോയി.

ഇത്രമാത്രം നാശകരണശക്തിയുള്ള ഒരു പദാർത്ഥത്തിനു സുഖക്കേടുകൾ ഭേദപ്പെടുത്തുവാനുള്ള കഴിവുകളും ഉണ്ടായിരിക്കണമെന്നു് ഡോക്ടർമാർ മനസ്സിലാക്കി. കവിളുവാപ്പു് മുതലായ സുഖക്കേടുകൾക്കു ഈ ലോഹം ഇപ്പോൾ ഒരു ഔഷധമായി ഉപയോഗിച്ചുവരുന്നു.

റേഡിയം മൂന്നുതരത്തിലുള്ള കിരണങ്ങൾ വിസർജ്ജിക്കുന്നതായി ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ആദ്യത്തെ തരത്തിലുള്ള കിരണങ്ങൾ കേവലവസ്തുക്കളെ വിഭജിക്കുന്നതിനായി ഇപ്പോൾ ഉപയോഗിച്ചുവരുന്നു. ബെക്കറൽ എന്ന മഹാന്റെ ശരീരം പൊള്ളിയതു് ഈ കിരണങ്ങളുടെ പ്രവർത്തനംമൂലമാണു്. രണ്ടാം തരത്തിലുള്ള കിരണങ്ങൾ വളർച്ചയെ സഹായിക്കുന്നു. മൂന്നാമത്തേതു് ആ പദാർത്ഥത്തിൽ ഒരു ശതമാനംമാത്രമേ കാണപ്പെടുന്നുള്ളു എങ്കിലും അതിന്റെ പ്രവർത്തനമാണു് അത്യത്ഭുതമായിരിക്കുന്നതു്. അതിന്റെ ഗതിവേഗം സെക്കന്റിനു 186000 മൈലാണു്. ഒന്നാം തരത്തിലുള്ള കിരണങ്ങൾ തടഞ്ഞു നിർത്തുന്നതിനു ഒരു കടലാസുകഷണം മതി. ഒരു തകരത്തകിടുകൊണ്ടു രണ്ടാം തരത്തിലുള്ളവയെ തടയാം. എന്നാൽ മൂന്നാംതരത്തിലുള്ളവ കട്ടിയായ ഉരുക്കിൽപോലും അരഇഞ്ചു് തുളച്ചുകയറും. കവിളുവാപ്പു മുതലായ സുഖക്കേടുകൾക്കു് ഈ കിരണമാണു് ആവശ്യമായിട്ടുള്ളതു്.

റേഡിയം കണ്ടുപിടിച്ചതു് പിയറിക്യൂറി എന്ന മഹാനാണു്. അദ്ദേഹം 1889 ൽ പാരീസ്സിലെ ഒരു ഡോക്ടരുടെ പുത്രനായി ജനിച്ചു. 19-ാം വയസ്സിൽ ഡിഗ്രിയെടുത്തു് അദ്ദേഹം സൊർബോൺ ഗവേഷണശാലയിൽ പരീക്ഷണങ്ങൾ നടത്തി, അദ്ധ്യാപകവൃത്തിയിൽ

ഏല്പെട്ടു. നാലുകൊല്ലം കഴിഞ്ഞപ്പോൾ ശിഷ്യയായ മേരി എന്ന പെൺകുട്ടിയിൽ പ്രേമം അങ്കുരിച്ചു. രാഷ്ട്രീയകാരണങ്ങളാൽ വാർസായിൽനിന്നും പാരീസ്സിലേക്കു ഒളിച്ചോടിപ്പോയ ഒരു പെൺകുട്ടിയായിരുന്നു മേരി. അവിടെവച്ചാണു് അവർ പിയറിയുടെ സ്നേഹം സമ്പാദിച്ചതു്. അധികം താമസിയാതെ അവർ വിവാഹബദ്ധരായിത്തീർന്നു. അവരുടെ വിവാഹവർഷത്തിലാണു് എക്സുറേ കണ്ടുപിടിക്കപ്പെട്ടതു്. ഇവരുടെ പരിശ്രമഫലമായി 1902-ൽ മാഡം ക്യൂറി റേഡിയത്തിന്റെ ശക്തിയുള്ള ഒരു പദാർത്ഥം കണ്ടുപിടിച്ചു. അതിനു് പ്ലോണിയം (Plonium) എന്നു അവർ നാമകരണം ചെയ്തു. വീണ്ടും അവർ പ്രവർത്തനം തുടർന്നു; നാലുകൊല്ലത്തെ പരിശ്രമഫലമായി റേഡിയത്തിന്റെ ഒരു സംയുക്തപദാർത്ഥം അവർ കണ്ടുപിടിച്ചു. എന്നാൽ ഈ പദാർത്ഥം കൈകാര്യം ചെയ്യുകനിമിത്തം അവരുടെ കൈക്കു് അപത്തു സംഭവിച്ചു

1903-ൽ പാരീസ്സിലെ ശാസ്ത്രജ്ഞന്മാരുടെ മുമ്പിൽ തന്റെ പരീക്ഷണങ്ങളെ സംബന്ധിച്ചു മാഡംക്യൂറി ഒരു പ്രബന്ധമെഴുതി വായിച്ചു. അടുത്ത പ്രഭാതത്തിൽ അവർ ലോകവിശ്രുതയായിത്തീർന്നു.

ഏതാനും മാസം കഴിഞ്ഞു ഈ ദമ്പതിമാർ ലണ്ടൻ സന്ദർശിച്ചു. അവിടെവച്ചു് ഡേവിഗോൾഡ് മെഡൽ( Devi Gold Medal) ഇവർക്കു സമ്മാനിക്കപ്പെട്ടു. പിന്നീടു് അവർ നോബൽസമ്മാനത്തിനും അവകാശികളായി. റേഡിയത്തിന്റെ ശക്തികളെക്കുറിച്ചു ഈ മഹതി അനേകം പ്രസംഗങ്ങൾ നടത്തി. റേഡിയം ചൂടു് സൃഷ്ടിക്കുന്നു എന്നുള്ളതു് അവർ പരീക്ഷണംമൂലം തെളിയിച്ചു. നല്ല വണ്ണത്തെ ചികിത്സയിൽനിന്നും വേർതിരിച്ചറിയുന്നതിനും റേഡിയോകിരണങ്ങൾ സഹായിക്കുന്നു.

1904-ൽ സെർബോൺ എന്ന സ്ഥലത്തു ഈ ദമ്പതികൾക്കുവേണ്ടി പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിച്ചു. അവർക്കു് അപ്പോഴേക്കും രണ്ടു പെൺകുട്ടികളുണ്ടായിരുന്നു.

1906-ൽ ക്യൂറി ഒരു സ്നേഹിതന്റെ വീട്ടിൽനിന്നു തിരിച്ചുവരുമ്പോൾ വഴിമദ്ധ്യേ മോട്ടോർഅപകടത്തിൽപെട്ടു് മൃതിയടഞ്ഞു. മാഡം ക്യൂറിക്കു് ഇതു് ഏററവും ദുഃസഹമായിരുന്നു. എങ്കിലും അവർ തന്റെ പരീക്ഷണങ്ങൾ കൈവെടിഞ്ഞില്ല. 1910-ൽ ഈ മഹതി റേഡിയത്തെ ഒരു പ്രത്യേകവസ്തുവായി വേർതിരിച്ചെടുത്തു. 1911-ൽ റേഡിയോപ്രവർത്തനത്തെ സംബന്ധിച്ച തന്റെ പരീക്ഷണങ്ങൾ വെളിപ്പെടുത്തി. അങ്ങനെ രണ്ടാംപ്രാവശ്യവും നോബൽ സമ്മാനത്തിനു അർഹയായിത്തീർന്നു.

സമുദ്രത്തിലും പാറയിലും റേഡിയം അന്തർഭവിച്ചു കിടപ്പുണ്ടു്; പക്ഷേ അവയിൽ നിന്നെല്ലാം ഈ ലോഹം വേർതിരിച്ചെടുക്കുന്നതു് ഏററവും പ്രയാസമാകുന്നു. ഒരു ഘനമൈൽ സമുദ്രജലത്തിൽ 10-ൽ 1 ഔൺസ് റേഡിയം മാത്രമാണുള്ളതു്. ഈ ലോഹം ധാരാളമായി ലഭിക്കുന്നതിനു് ഇതുവരെയും യാതൊരു മാർഗ്ഗവും കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഡോക്ടർമാർ ഇതിന്റെ അഭാവത്തെപ്പററി എപ്പോഴും പരാതിപറഞ്ഞുകൊണ്ടിരിക്കുന്നു. ബ്രിട്ടനിൽ ഒരു റേഡിയോ കമ്മീഷൻതന്നെ ഏല്പെടുത്തിയിട്ടുണ്ടു്. ഈ ലോഹത്തിന്റെ വില ഒരു റാത്തലിനു് (അത്രയും ലഭിക്കുമെങ്കിൽ) 50 ലക്ഷം പവനാണു്. വജ്രത്തിനും രത്നത്തിനും ഈ ലോഹത്തെപ്പോലെ വിലയില്ല.

ഭൂമിയുടെ അന്തർഭാഗത്തു് ഒരുപക്ഷേ ഈ അത്ഭുതസാധനം ധാരാളമായി സ്ഥിതിചെയ്യുന്നുണ്ടായിരിക്കാമെന്നു ശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നു. അനേകം വർഷമായി തണുത്തുകൊണ്ടിരിക്കുന്ന ഈ ഭൂഗോളത്തിന്റെ അന്തർഭാഗത്തുള്ള ഉഷ്ണത്തിനു കാരണം റേഡിയം ആയിരിക്കുമെന്നു ഒരു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു. അഥവാ ഈ ദുർല്ലഭപദാർത്ഥം പ്രചുരപ്രചാരമായിത്തീർന്നാൽതന്നെയും ഇതിനെ വ്യാവസായികമായി ഉപയോഗിക്കുവാൻ സാധിക്കുമോ എന്നു സംശയമാകുന്നു. എന്തുകൊണ്ടെന്നാൽ അതു് കൈകാര്യം ചെയ്യുന്നതു് അത്ര അപകടമേറിയ കാര്യമാണു്. ഒരൗൺസു റേഡിയം ഒരു

സിനിമാപംക്തി

# ചലച്ചിത്രചുംബനം

ഡി. ആർ. എൻ.

അമേരിക്കയിൽ നിന്നിറക്കുമതിചെയ്യപ്പെടുന്ന ചലച്ചിത്രത്തിന്മേൽ ബ്രിട്ടൺ 75 ശതമാനം നികുതിചുമത്തിയതിന്റെ ഫലമായി, ചുംബനരംഗങ്ങൾക്ക വലിയ കുറവുവന്നേയ്ക്കും.

ചലച്ചിത്രചുംബനങ്ങൾ വല്ലാത്ത ചെലവു പിടിച്ചവയാണു്. അവ ശരിക്ക പ്രദർശനയോഗ്യങ്ങളായിക്കിട്ടുവാൻ നന്നേ ബുദ്ധിമുട്ടുണ്ടു്. കൊല്ലത്തിൽ ഏതാണ്ടു് ആറായിരം ചുംബനങ്ങളോളം കലമേനിക്കവേണം താനും. പലപ്പോഴും പത്തുതവണയെടുത്താലേ ചിത്രം ശരിപ്പെട്ടുകിട്ടാറുള്ളു. സിനിമാഡയറക്ടരുടെ ഇഷ്ടത്തിനൊത്ത ആലിംഗനത്തോടുകൂടിയ ചുംബനം ചിത്രത്തിൽ പതിഞ്ഞുവരുമ്പോഴേയ്ക്കും ചുംബനത്തിനു് 500 പവൻതൊട്ടു് ആയിരംവരെ ചെലവുവന്നേക്കും.

“നൊട്ടോറിയസ്സ്” എന്ന ചലച്ചിത്രത്തിനു് ഇൻഗ്രിഡ് ബെർഗ്മനും കേരിഗ്രാന്റും തമ്മിൽ ഒരു ചുംബനമുണ്ടു്. ആ രംഗം ഭോജനശാലയിൽ വച്ചു തുടങ്ങി വാസമുറിയിലെത്തി ഹാളിൽ ചെന്നിട്ടാണവസാനിച്ചതു്. ആൽഫ്രെഡ്ഹിച്ച് കോക്കിന്റെ മേൽനോട്ടത്തിലുണ്ടായ അത്തരമൊരു സുദീർഘചുംബനമെന്ന രംഗം ഇനി കാണാൻ സാധിച്ചില്ലെന്നു വരാം.

## ചുംബനദൈർഘ്യം

ഇപ്പോഴത്തെ വ്യയനിയന്ത്രണം വരുന്നതിനു മുമ്പുതന്നെ ചലച്ചിത്ര കമ്പനികൾക്ക ചുംബനരംഗങ്ങളുടെ പൊതുജന സ്വാതീനതയെപ്പറ്റി മതിപ്പുകുറഞ്ഞു തുടങ്ങിയിരുന്നു. ഗാർബോവും ജോൺ ഗിൽബർട്ടും ഒരു മിനിട്ടുനേരം ഒരുമിച്ചു ചുംബനത്തിലേർപ്പെട്ടു നില്ക്കുന്ന രംഗങ്ങൾ സദസ്സിനെ ആനന്ദമഗ്നരാക്കിയിരുന്ന കാലം പോയിക്കഴിഞ്ഞു. പതിനഞ്ചുസെക്കൻറിലേറെ നേരത്തെ ചുംബനം ഏറെയൊന്നും ഇല്ലാതായിരുന്നു. അഞ്ചുസെക്കൻറാണിപ്പോഴത്തെ സാധാരണ ദൈർഘ്യം. സദസ്സിനെ തൃപ്തിപ്പെടുത്താൻ പ്രയാസം കൂടിക്കൂടി വരികയാണു്. പതിനഞ്ചുസെക്കൻറിലേറെ നില്ക്കുന്ന ചുംബനങ്ങൾ സദസ്സിൽ പരിഹാസം ഉളവാക്കുകയേയുള്ളു എന്നുവന്നിരിക്കുന്നു.

പത്തൊൻപതാം നൂറ്റാണ്ടിലെ അവസാനകാലത്തു് നാല്പതടിനീളമുള്ള ചുംബനം പരക്കെ ആകർഷകമായി കണ്ട ഒരു ചലച്ചിത്രമാണു് മെ: ഇർവിനും ജോൺ സി. റൈസും കൂടി നടത്തുന്ന പ്രണയലീലകളുടെ ചിത്രമായതു്. അതുകുറെ കടന്ന കയ്യായിപ്പോയെന്നു വെച്ചു് ആ ചലച്ചിത്രത്തെ നിരോധിക്കാൻ പിൽക്കാലത്തു് ഒരു പരിശ്രമം നടത്തപ്പെടുകയുണ്ടായി.

ദൂരപൗരസ്ത്യദേശത്തേക്കുള്ള ചലച്ചിത്രങ്ങളാണെങ്കിൽ ഹോളിവുഡ് ഇപ്പോഴും ചുംബനരംഗത്തിനു വളരെസമയം ദുർവ്യയം ചെയ്യാറുണ്ടു്. ചുംബനം കുറച്ചേറെ സീൽക്കാരശബ്ദം പുറപ്പെടുവിക്കുന്നതായിപ്പോയെന്നുകണ്ടാൽ അവിടത്തെ സെൻസർ അതുടനെ പുറരാജ്യങ്ങളിലേക്കയയ്ക്കും. സ്വന്തം നാട്ടിലെ പ്രദർശനത്തിനു് ഒരു മരക്കൊമ്പിലിരുന്നു് കൂജനം ചെയ്യുന്ന ഇണപ്പക്ഷിയുടെ ചിത്രമെടുത്തു് ആ രംഗവിടവു നികത്തും.

ചുംബനത്തെ സംബന്ധിച്ചിടത്തോളം ഹോളിവുഡ്ഡിൽ ഒരു സംഭ്രമമുളവായിരിക്കുന്നു. അവസാനരംഗം ഒരു ചുംബനംകൊണ്ടു് മുഴമിക്ക

---

മുറിക്കുള്ളിൽ വച്ചിരുന്നാൽ അതിന്റെ സമീപത്തുള്ള എല്ലാ ജീവികളെയും അതു് കാഴ്ചയില്ലാത്തവരാക്കിത്തീർക്കുകയും കൊല്ലുകയും ചെയ്യും. അത്രമാത്രം മഹത്തരവും അസുലഭവുമായ ഈ പദാർത്ഥത്തിന്റെ വില നിർണ്ണയിക്കാൻ സാധ്യമല്ല.

ന്ന മട്ടുകൾ അവരിനി വേണ്ടെന്നുവെയ്ക്കും. സദാരക്ഷയോർത്തിട്ടാണു അവരതുചെയ്യുന്നതു്. യുദ്ധത്തിനു മുമ്പുള്ള കാലങ്ങളിൽ അങ്ങിനെ യാതൊരാലോചന തന്നെ വരില്ലായിരുന്നു. പക്ഷേ "ടൂ ഈച്ച് ഹിസ് ഓൺ" എന്ന ചിത്രത്തിൽ ഒളീവിയ ഡി. ഹവിലാൻറുമായി അഞ്ചു പുരുഷന്മാർ അനുരാഗബദ്ധരാവുന്നു. ജോൺലൻഡുമായി ഒരു നൃത്തം വയ്ക്കലല്ലാതെ ഒരൊററ പ്രണയലീലാഘട്ടവും അതിലില്ല. "ദിസ്റ്റ്റേഞ്ച്ലൗ ഓഫ്മാർത്താ ഐവേർസ്" അസാധാരണമായ ഒരു പ്രണയ പടമാണു് അതിലെപ്പോലും പ്രണയരംഗങ്ങൾ ചുംബനരഹിതങ്ങളാണ്.

നടന്മാരുടെ സങ്കോചം.

ജനക്കൂട്ടത്തിന്റെ മുമ്പിൽവെച്ചു് ചുംബിക്കുക എന്നുവരുമ്പോൾ പല പ്രധാന നടന്മാരും സലജ്ജം മടികാണിച്ചു തുടങ്ങിയിട്ടുണ്ടു്. ജെയിംസ്സ്റ്റുവാർട്ടും ഗേരി കൂപ്പറും ചുംബനരംഗങ്ങളിലഭിനയിക്കുന്ന കാര്യത്തിൽ അത്ര വിശാലമുള്ളവരല്ല.

തങ്ങൾക്കിഷ്ടമല്ലെങ്കിൽ ചുംബനത്തിനു വിധേയരാകേണ്ടിവരില്ലെന്നു ചില സിനിമാ താരങ്ങൾ കമ്പനിയുമായി കരാറിലേർപ്പെടുമ്പോൾ ഒരു വകുപ്പു വേണമെന്നു നിഷ്കർഷിക്കാറുണ്ടു്.

സിനിമാ ഡയറക്ടർമാർ നല്ല നയജ്ഞന്മാരാണു്. നടീനടന്മാരുടെ ആഗ്രഹമില്ലാത്തവർ ചുംബനരംഗം നിർമ്മിക്കാറില്ല. പ്രധാന നടനും താരവുംകൂടി നല്ലവണ്ണം പരിചയപ്പെട്ടു കഴിയുന്നതുവരെ, ആരംഭത്തിൽ വല്ലാത്തൊരു പരീക്ഷണഘട്ടമായി ഇരുപക്ഷം തോന്നുന്ന ഈ രംഗങ്ങൾ അവർക്കഭിനയിക്കേണ്ടിവരാറുള്ളൂ.

ഛായാഗ്രഹണം.

ചലച്ചിത്രചുംബനത്തിന്റെ ഛായയെടുക്കാൻ 'ഇരട്ടപ്പിടുത്തം' എന്ന സാങ്കേതികമാർഗ്ഗമാണു് ഉപയോഗപ്പെടുത്താറു്. രംഗംനിറയെ അതു രണ്ടുപേരുമാവണമെന്നേ അർത്ഥമുള്ളൂ.

രണ്ടുകൂട്ടരും സ്വാതന്ത്ര്യമേയുള്ളതിൽ പ്രത്യക്ഷപ്പെടണം. അവരുടെ ചുംബനം ഒരു പുറംപ്രേരണയുമില്ലാതെ തന്നെത്താനറിയാതെ പെട്ടെന്നൊരാവേശത്തിൽ സംഭവിക്കുന്നതാവണം. ശരിക്കുള്ള പ്രവർത്തനത്തിൽ അവരെ തുണയാക്കി നിറുത്തൽ കുറച്ചു ബുദ്ധിമുട്ടുള്ള പണിയാണു്.

കാമറയും ഒരുപടിവെളിച്ചവും അഭിനയക്കാരുടെ നേരെ തിരിക്കപ്പെടുന്നു. നായിക പിന്നോക്കം തെല്ലിഞ്ഞുനില്ക്കണം; നായകൻ മുന്നോക്കവും. സ്ത്രീയെക്കാൾ ഉയരംകൂടിയവനല്ലെങ്കിൽ പുരുഷൻ ഒരു പെട്ടിപ്പുറത്തുകയറി നില്ക്കേണ്ടിവരും.

ഇതൊക്കെയായാൽ മുൻകൂട്ടി തയ്യാറാക്കപ്പെട്ടപ്ലാൻ അനുസരിച്ചു് നടീനടന്മാർ ചുംബിക്കുകയായി. അതു് അവർ ആസ്വദിക്കുന്നുണ്ടെന്നു കാണികൾക്കു തോന്നുകയും ചെയ്യും.

മനശ്ശാസ്ത്രം.

ചുംബിക്കപ്പെടാൻ പോകുന്നുവെന്നുള്ളതൊഴിച്ചു മറെറാന്തിനെപ്പററിയും മനോഭാവം വിചാരിച്ചു നില്ക്കരുതെന്നാണു് ഡയറക്ടർമാർ നടീനടന്മാർക്കു നിർദ്ദേശം നൽകുന്നതു്. പരസ്പരമുള്ള അടുപ്പത്തെക്കുറിച്ചു എത്രകണ്ടവർ കുറച്ചു വിചാരിക്കുന്നുവോ അത്രകണ്ടാണു് ആനന്ദലഹരിയിൽ മോഹാലസ്യപ്പെടുന്ന രംഗം ഹൃദയാവർജ്ജകമാവുക. ചുംബനരംഗങ്ങളഭിനയിക്കാറു പതിവുള്ള ജെയിംസ്കാഗ്നിയെ ഡയറക്ടർക്കൊരിക്കൽ ഇങ്ങിനെ നിർദ്ദേശിക്കേണ്ടിവന്നു 'കാഗ്നി, ദയവുചെയ്തു നിങ്ങൾ നിങ്ങളുടെ അഭിനയനികൃതിയെക്കുറിച്ചു് വിചാരിച്ചുനില്ക്കണം.'

അവസാനത്തെ സെക്കൻറായാൽ ശബ്ദഗ്രഹണയന്ത്രം നിലക്കണം. അല്ലെങ്കിൽ ചുംബനത്തിന്റെ ശബ്ദം പതിഞ്ഞുകളയും. സശബ്ദമായ ചുംബനമാണെങ്കിൽ അതു് കൊള്ളരുതാത്തതായി.

മററുരംഗങ്ങളെപ്പോലെ പ്രണയരംഗങ്ങളുണ്ടാക്കാൻ വൈദഗ്ദ്ധ്യംനേടിയ ഡയറക്ടർമാരുണ്ടു്. ആൽഫ്രഡ്ഹിച്ച്കോക്കിനു പുറമെ എഡ്മണ്ഡ് ഗൗൾഡിങ്ങ്, ഫ്രാങ്ക് കപ്ര, ചാൾസ്‌വൈഡോർ, മിച്ചൽലീസെൻ എന്നിവർ സ്ത്രീജനങ്ങൾക്കു് ഉള്ളിൽതട്ടലുണ്ടാക്കുന്ന ചലച്ചിത്രനിർമ്മാണത്തിനു് പേരെടുത്തവരാണു്. ഗൗൾഡിങ്ങിന്റെ വിജയരഹസ്യം എളുപ്പമുള്ളതാണു്. "ഞാൻ പുരുഷനെപ്പോലെതന്നെയാണു് സ്ത്രീയെയും കണക്കാക്കാറു്; ലിംഗഭേദമാക്കി പെരുമാററഭേദം കാണിക്കാറില്ല. ഒരു മനുഷ്യജീവിയോടു പെരുമാറുംപോലെ സ്ത്രീയോടു പെരുമാറുക. അത്രയേറെ അവളും

സാദിക്കുന്ന മറെറാന്നില്ല." ഗ്രിഫിത്തിൻെറ ചലച്ചിത്രദമ്പതികൾ ചുംബിക്കുന്നതു പരസ്പരസമ്മതത്തോടുകൂടിയാണു്.

പ്രണയരംഗങ്ങൾക്കപററിയ മാനസികസന്നദ്ധത തൻെറ പ്രധാന നടിമാരിലുണ്ടാക്കാൻ ഒച്ചപ്പാടില്ലാത്ത മട്ടിൽ അവരുമായി സ്വകാര്യനിലയ്ക്കിടപെടുകയാണു് പററിയമാർഗ്ഗമെന്നു ചാറൽസ് വൈഡോർ വിശ്വസിക്കുന്നു. അദ്ദേഹം അവരെ വേറിട്ടുകൊണ്ടുപോയി, അവരോടു താനുണ്ടാക്കാനുദ്ദേശിക്കുന്ന രംഗഫലത്തെക്കുറിച്ചു് ഒരു സ്വന്തമാളുടെ നിലയ്ക്കു് അടുത്തു സംസാരിക്കുന്നു. എന്നാൽ ഒരു ചുംബനം കഴിഞ്ഞു് റിതാരഹേവത്തിൻെറ മുഖമൊന്നു തൊട്ടിരണയ്ക്കുന്നരംഗം 'ഗീൽഡായിൽ' ഗ്ലെൻഹേഡ് അഭിനയിച്ചപ്പോൾ, എന്താണു് സംഭവിയ്ക്കാൻപോകുന്നതെന്നു റിതയ്ക്കു് അറിവുണ്ടായിരുന്നില്ല.

അതിനുശേഷം ആദ്യം ഒരു ചുംബനം, പിന്നെ ഒരു ചവിട്ടു് എന്നുവരുന്ന രംഗങ്ങൾക്കു് ഒരഭിനയനിയമംതന്നെ ഉണ്ടായി. കല്ലൂത്തയിൽ അലൻലാഡ് ഒരു ചുംബനംകഴിഞ്ഞു് ഗെയിൽറസ്സലിൻെറ മുഖമൊന്നു തൊട്ടിരണയ്ക്കുന്നു.

ചുംബനവിദ്യാലയം.

എന്നാൽ ഫലപ്രദമായും പൈശാചമേറാതെയും ചലച്ചിത്രചുംബനരംഗങ്ങൾ നിർമ്മിക്കാനുള്ള പ്രശ്നം ഇതുകൊണ്ടൊന്നും പരിഹരിക്കപ്പെട്ടുകയില്ല. വാർണർബ്രദേഴ്സ് യുവാക്കളായ ചെറുതാരങ്ങൾക്കു് ഒരു സ്കൂൾ നടത്തുന്നുണ്ടു്; അതിൽ ദുർവ്യയംകൂടാതെ ചലച്ചിത്രചുംബനങ്ങൾ ശരിപ്പെടുത്താൻ പററിയ പാഠങ്ങൾ നൽകപ്പെടുന്നു. താരങ്ങൾ തമ്മിൽ ശരിക്കുള്ള ചുംബനംതന്നെ വേണ്ടെന്നാണു് ആ സ്കൂൾ പഠിപ്പിക്കുന്നതു്. പുരുഷൻ സ്ത്രീയുടെ താഴത്തെ ചുണ്ടിന്മേലും അതേസമയത്തു സ്ത്രീ പുരുഷൻെറ മുകൾച്ചുണ്ടിന്മേലും മാത്രമേ ചുംബിക്കേണ്ടു എന്നവർ പറയുന്നു. പുരുഷൻെറ ഇടത്തെ കൈ, സ്ത്രീയുടെ വലത്തെ ചുമലിൽ ചുററിപ്പിടിക്കുകയും ആയാളുടെ വലത്തെകൈ അവളുടെ അരക്കെട്ടു പിടിക്കുകയും ചെയ്യണം. അപ്പോൾ ആ നില്പു സ്വാഭാവികമായിട്ടുള്ളതാണെന്നുതോന്നും. നായകനു് നായികയുടെ തല തൻെറ മൂക്കുകൂട്ടി മുട്ടാതെ അവളുടെ മൂക്കിനോടടുത്തുരുമ്മി നില്ക്കത്തക്കവിധത്തിൽ ഒരു കാമറയുടെ മുമ്പിൽനിന്നു ഞെട്ടിപ്പിക്കാൻ സാധിക്കും.

ഇതെല്ലാംനിസ്സാരമായിരുന്നാലും. പക്ഷേ ചലച്ചിത്രത്തിൽ ഇതുവളരെ ചന്തമുള്ളതാവും. പെയിനിമോറിസ് ഒരിക്കൽ പറഞ്ഞു, ചലച്ചിത്രപ്രണയം മുഴുവനും കപടതയാണു്—പക്ഷേ അതൊരു ഉപജീവനമാർഗ്ഗമാണു്."

(ടിററ്ബിററ്സിൽനിന്നു്)

തയാറായിരിക്കുന്നു!

# 'സി.വി.രാമൻപിള്ള'

പ്രൌഢോജ്ജ്വലവും സവിസ്തരവുമായ ഒരു ജീവചരിത്രം!

ഗ്രന്ഥകർത്താ:—പി. കെ. പരമേശ്വരൻനായർ, ബി. എ.

മലയാളസാഹിത്യത്തിനു് 'സാഹിത്യപഞ്ചാനന' കർത്താവിൻെറ മറെറാരു മഹാസംഭാവന.

ഡമ്മി, പേജ് 440. വില ക്ക. 4.

ശ്രീരാമവിലാസം ബുക്കുഡിപ്പോ, തിരുവനന്തപുരം.

# അറിയേണ്ടകാര്യങ്ങൾ പലതിൽ ചിലത്.

വിവാഹം:—

അക്രമണത്തിന്റെയോ, അവരഭവത്തിന്റെയോ ബന്ധമായിരിക്കണം വിവാഹം.

ജോർജ്ജ് എലിയററ്

വിവാഹമെന്നാൽ ഒരുതരം ഏകാധിപത്യമാണ്.

ഒരു മഹാൻ

വിവാഹമെന്നാൽ രഹസ്യമായ കൊള്ളരുതായ്മകൾക്കു ലൈസൻസ് എടുത്തിട്ടുള്ള ഒരു പരസ്യസ്ഥാപനമാണ്.

ഒരുരസികശിരോമണി

ഒരു വിവാഹനാടകത്തിൽ മൂന്നരംഗങ്ങൾ അടങ്ങിയിരിക്കുന്നു. കാണുക—അന്വേഷിക്കുക—കുടുങ്ങുക, ചിലപ്പോൾ നാലാമതായി പിരിയുക, അഥവാ വിവാഹമോചനം.

* * * * *

ഒരുവിവാഹിതനും അവിവാഹിതനും തമ്മിലുള്ള അന്തരം.

'വിവാഹിതൻ തന്റെ ഭാര്യയെ ചുംബിക്കുന്നു. അവിവാഹിതൻ തന്റെ ചുംബനം നഷ്ടപ്പെടുത്തുന്നു.'

* * * * *

അവിവാഹിതരുടെ നിരവധി സുന്ദരസ്വപ്നങ്ങളുടെ സങ്കേതവും, വിവാഹിതരുടെ മനസ്സുമടുപ്പിക്കുന്ന ചിന്തകളുടെ ഉറവിടവും, ചിന്തിക്കാൻ രസമുള്ളതും ചിന്തിക്കുമ്പോൾ അക്കം മനഃശല്യമുണ്ടാക്കുന്നതുമായ ഒന്നാണ് വിവാഹം.

* * * * *

ലോകത്തേക്കു വലിയപത്രം:—

ഭൂലോകത്തെ ഏററവും വലിയപത്രം ജപ്പാനിലെ 'അസാഹി'യാണ്. ദിവസവും പ്രഭാതപ്പതിപ്പും, സായാഹ്നപ്പതിപ്പും ഉണ്ട്. ഒരു തവണ 25 ലക്ഷം കോപ്പിയടിക്കുന്നു. ഒരു മാസത്തെ വരിസംഖ്യ 1 രൂ 1 ണ മാത്രം. പതിനാറു പേജുണ്ടായിരിക്കും

* * * * *

ദക്ഷിണേന്ത്യയിൽ വച്ച് ഏററവും പ്രായക്കൂടുതലുള്ള മനുഷ്യൻ. തിരുവല്ലാ സ്വദേശിയായ വേലുകാക്കാൻ എന്നയാൾ ഇപ്പോൾ 106 വയസ്സുപ്രായ. മൂത്തപുത്രന് 85 വയസ്സു പ്രായം. കുടുംബാംഗങ്ങൾ ഇപ്പോൾ 72 പേർ.

* * * * *

ഭൂമിക്ക് 33500 ലക്ഷത്തോളം വയസ്സുകാണുമെന്നാണ് ബ്രിട്ടീഷ് ഭൂഗർഭശാസ്ത്രജ്ഞനായ ആർതർ ഹോംസ് തെളിയിക്കുന്നത്.

* * * * *

തൊഴിലും ആയുസ്സും:—

| | |
|---|---|
| ഖനിതൊഴിൽക്കാർ<br>ക്ലാർക്കന്മാർ<br>വ്യാപാരശാലാ സിൽബന്തികൾ<br>യന്ത്രപ്രവർത്തകന്മാർ | ശരാശരി 38 വയസ്സ് |
| പ്രസ്സ് ജോലിക്കാർ— | 39 ടി |
| രാഗവതരന്മാർ— | 40 ടി |
| ചെരുപ്പുകുത്തികൾ— | 43 ടി |
| തോല്വ്യാപാരികൾ<br>തയ്യൽക്കാർ | 44 ടി |
| കല്ലാശാരി— | 48 ടി |
| കശാപ്പുകാർ<br>മരപ്പണിക്കാർ | 50 ടി |
| ഭിഷഗ്വരന്മാർ— | 51 ടി |
| വക്കീലന്മാർ— | 54 ടി |
| പുരോഹിതന്മാർ— | 56 ടി |
| കൃഷിക്കാർ— | 64 ടി |

അദ്ധ്യാപകന്മാർക്കും, സ്ത്രീകൾക്കും ആയുസ്സു കൂടുതൽ കാണുന്നു.

* * * * *

ലോകത്തിലേക്ക് ഏററവും വലിയ കൊടുമുടി. എവറസ്റ്റ്. അതിന്റെ പഴയപേർ ഗൗരീശങ്കരം ഉയരം. 29140 അടി. 1921-ൽ റിനെ സാൽഡ് എക്സ്പഡിഷനും, 1924-ൽ കുഞ്ഞൽഹോട്ടും, 1925-ൽ മാറെലിയും പർവ്വതാരോഹണത്തിനു ശ്രമിച്ചു. ഒടുവിലത്തെ ആയിരം അടി ആരും കയറിയിട്ടില്ല. ഏററ

വും കൂടുതൽ കയറാൻ കഴിഞ്ഞതു് സുപ്രസിദ്ധ ഭിഷഗ്വരനായ ഡാക്ടർ സാക്സ്ബെല്ലിനാണു്.

* * * * *

ലോകത്തെ മരണനിരക്ക് ആണ്ടിൽ 35740800 ആണു്. ഈ കണക്കനുസരിച്ചു് ഒരു മിനിററിൽ ശരാശരി 68 ആളുകൾവീതം മരിക്കുന്നുണ്ടു്.

* * * * *

യൂറോപ്യൻ രാജ്യങ്ങളെപ്പററിയുള്ള ഒരു പ്രവചനം—1948—ഒരിക്കൽ ലാവൽപോലും ഉപദേശം ചോദിച്ചിരുന്ന ഫ്രാൻസിലെ ഏററവും ഉന്നതനായ മാറിഡ്യു് പ്രിവാററു് എന്ന ജ്യോൽസ്യൻ. 1948 ലേക്കുള്ള അദ്ദേഹത്തിൻെറ പ്രവചനങ്ങൾ പ്രസിദ്ധം ചെയ്തിരിക്കുന്നു.

ബ്രിട്ടൺ:—ഒരു വലിയ ശവസംസ്കാരകർമ്മം ഇംഗ്ലണ്ടിൽ നടക്കും. പുതിയ തിരഞ്ഞെടുപ്പു് ഉണ്ടാകും. ചർച്ചിലിൻെറ ആരോഗ്യത്തെപ്പററിയും ആശങ്കകൾക്കവകാശമുണ്ടു്.

ഫ്രാൻസ്:—ഫ്രാൻസ് അഭിവൃദ്ധിപ്പെടും. ബ്രിട്ടനുമായുള്ള ഉടമ്പടി വലിയ അവമാനത്തിനു കാരണമാകും.

റഷ്യാ:—വിദേശ നയത്തിൽ റഷ്യയ്ക്കു പരാജയം സംഭവിക്കും. മാർഷൽ സ്റ്റാലിൻെറ പ്രവർത്തനങ്ങൾ കുറയും.

അമേരിക്ക:—സാമുദായികമായി അസ്വസ്ഥതകളുണ്ടാകും. വിദേശനയത്തിൽ മാററം വരും.

സ്പെയിൻ:—ഫ്രാങ്കോഭരണം അവസാനിക്കും.

ബെൽജിയം:—അഭിവൃദ്ധിയും രാജാവിൻെറ തിരിച്ചുള്ള വരവും.

പശുവിൻപാൽ

| | | |
|---|---|---|
| വെള്ളം | 86. | 17 |
| ലാക്റേറാസ് എന്ന പഞ്ചസാര | 5. | 88 |
| സ്നേഹദ്രവ്യം | 3. | 69 |
| കേസീൻ | 3 | 02 |
| പ്രോട്ടീൻ | 0. | 53 |
| ലോഹ്യലവണങ്ങൾ | 0. | 71 |

പശുവിൻ പാലിൽ ഉള്ളതിനേക്കാൾ കൂടുതൽ പോഷകസാധനം കോലാട്ടിൻ പാലിൽ ഉണ്ടു്.

മുലപ്പാലിനേക്കാൾ പോഷകസാധനം പശുവിൻ പാലിലും, അതിൽ കൂടുതൽ പോഷകസാധനം ആട്ടിൻ പാലിലും അടങ്ങിയിട്ടുണ്ടു്.

രക്തപുഷ്ടിക്കു് ഉതകുന്ന ഇരുമ്പിൻെറ അംശം പാലിൽ ഇല്ല.

വായിച്ചു ചിരിക്കാം! ചിന്തിച്ചു രസിക്കാം!

# 'ഡിംഡിമം'

## (ഒരു ഉന്നത ഫലിതഗ്രന്ഥം.)

By K. G. Pillay, Editor, Chitrabhanu.

വില എട്ടണ. ഉടനേ അപേക്ഷിക്കുക:—

Manager, "CHITHRABHANU" Haripad.
(The Malayalam Punch)

# പാശ്ചാത്യസംഗീതവും, ഭാരതീയ സംഗീതശാഖകളും.

(ററി. കെ: ശങ്കരൻനായർ, ബി. ഏ, ബി. എൽ.)

ഭാരതീയൎക്ക് പാശ്ചാത്യസാഹിത്യം രസകരമാണെന്നുള്ളതിന് സംശയമില്ല. പാശ്ചാത്യൎക്ക് ഭാരതീയസാഹിത്യവും ആസ്വാദ്യമാണെന്ന് ശാകുന്തളം, മൃച്ഛകടികം മുതലായ കൃതികൾക്ക് അവരുടെ ഭാഷകളിൽ ഉണ്ടായിട്ടുള്ള വിവൎത്തനങ്ങളും അനുകരണങ്ങളും തെളിയിക്കുന്നു. സംഗീതത്തിന്റെ നില വളരെ വ്യത്യസ്തമാണ്. പാശ്ചാത്യസംഗീതം നമുക്കോ, നമ്മുടെ സംഗീതം അവൎക്കോ ആസ്വാദ്യമാകുന്നതിന് പ്രത്യേകമായ അഭ്യസനമോ ഏറിയ കാലത്തെ കേൾവിത്തഴക്കമോ വേണ്ടിയിരിക്കുന്നു. ഒന്നാംതരം നാഗസ്വരംവായന കേട്ട് പാശ്ചാത്യർ ചെവിപൊത്തുകയും, അവരുടെ പ്രൌഢസംഗീതം കേട്ട് നാം ചിരിക്കുകയും ചെയ്യുന്ന കാലം വളരെ അതീതമായിട്ടില്ല. ഇതിന്റെ സൂക്ഷ്മകാരണം രണ്ടു സംഗീതപദ്ധതികളിലും ഒരുപോലെ വൈദഗ്ധ്യം ഉള്ളവൎക്കു മാത്രമേ അറിഞ്ഞുകൂടൂ. എന്നാൽ സാധാരണക്കാരുടെ ദൃഷ്ടിയിലും പെടത്തക്ക ചില ഭിന്നതകൾ ഉന്തിനില്ക്കുന്നുണ്ട്.

ഭാരതീയസംഗീതത്തിൽ അവരവൎക്കിഷ്ടമുള്ള ശ്രുതികളിൽ ആണ് ഗായകന്മാർ പാട്ടുകൾ പാടുന്നത്. പാശ്ചാത്യരുടെ പാട്ടിന് ഇത്തരം ഒരു ആധാരശ്രുതിയുടെ ആവശ്യമേ നേരിടുന്നില്ല. വാ-പാട്ടിനായാലും വാദ്യപ്രയോഗത്തിനായാലും, ഇറ്റലിയിലായാലും, ഇംഗ്ലണ്ടിലായാലും യൂറോപ്യൻ സംഗീതത്തിന് ക്ലിപ്തമായ ഒരേ ഒറ്റശ്രുതിയാണ് ഉള്ളത്. നിയതമായ ആ ശ്രുതിയെ അസ്പദമാക്കി പുരുഷശാരീരത്തെ ബാസ്, ബാരിടോൺ, ടെനർ, ആൾട്ടോ എന്നും, സ്ത്രീശാരീരത്തെ കൊൺട്രാൾട്ടോ, മെസോസൊപ്രാനോ, സൊപ്രാനോ, ട്രെബിൾ എന്നും പാശ്ചാത്യർ തരംതിരിച്ചിരിക്കുന്നു: ഏറ്റവും ഭാരിയായ-മന്ദ്രമായ-ഘനമായ പുരുഷശാരീരം ബാസ്സും, സ്ത്രീശാരീരം കൊൺട്രാൾട്ടോയും ആകുന്നു; ഏറ്റവും തിമിരിയായ-താരമായ പുരുഷശാരീരവും സ്ത്രീശാരീരവും ആകുന്നു ആൾട്ടോയും, ട്രെബിളും. ഇപ്പുറത്തെ മന്ദ്രസീമകൾക്കും, താരസീമകൾക്കും ഇടയിൽ കിടക്കുന്ന മറ്റുതരം ശാരീരങ്ങൾ മദ്ധ്യമസ്ഥായിയിലുള്ളവയാകുന്നു. ഇങ്ങനെ സ്ഥായിക്രമമനുസരിച്ച് തരംതിരിച്ചിരിക്കുന്ന സ്ത്രീപുരുഷശാരീരങ്ങൾ ചേരുന്നപടി ചേൎത്തിട്ടാണ് പാശ്ചാത്യസംഗീതത്തിന്റെ പ്രത്യേകലക്ഷണമായ ഹാർമണി രചിക്കുന്നത്. നാദപ്പൊരുത്തമുള്ള ഒന്നിലധികം സ്വരങ്ങൾ ഒരേകാലത്ത് ധ്വനിക്കുമ്പോളുണ്ടാകുന്ന രസവിശേഷത്തിനാണ് പാശ്ചാത്യർ ഹാർമണി എന്ന് പേരുകൊടുത്തിരിക്കുന്നത്. ഇതിന്റെ ഏകദേശമായ ഒരു സ്വരൂപജ്ഞാനമുണ്ടാകുന്നതിന്, സാ-ഗാ (അന്തര)-പാ-സാ (താര) എന്നീ സ്വരങ്ങൾ നാലാളുകൾ ചേൎന്ന് ഒന്നിച്ചു ധ്വനിപ്പിച്ചാൽ മതിയാകുന്നതാണ്. ശ്രുതിയും താളവും ഒന്നായിരിക്കണമെന്ന് പ്രത്യേകം പറയേണ്ടതില്ല. പൂൎണ്ണമായ സ്വരശുദ്ധിയേയും, സൂക്ഷ്മമായ ലയബോധത്തെയും ആശ്രയിച്ചാണ് ഹാർമണി-ഇരിക്കുന്നത്. വഞ്ചീശമംഗളഗീതം പൊലീസ്സ് ബാന്റോ, പട്ടാളബാന്റോ, വായിക്കുന്നത് ശ്രദ്ധിച്ചാൽ ഹാർമണിയുടെ പ്രയോഗം എളുപ്പത്തിൽ മനസ്സിലാകുന്നതാണ്. നാഗസ്വരമേളങ്ങളിൽ ഒരാൾ മന്ദ്രസ്ഥായിയിലും, കൂട്ടുകാരൻ താരസ്ഥായിയിലും കീൎത്തനഭാഗങ്ങൾ വായിക്കുന്നത് ഈ നാദമിളനത്തിന്റെ ഛായ വരുത്താനാണ്.

ഹാർമണി എത്ര വിശിഷ്ടമായാലും നമ്മുടെ സംഗീതത്തിൽ അതിനു് പാശ്ചാത്യസംഗീതത്തിലുള്ള സ്ഥാനമഹിമ ലഭിക്കാൻ ഇടയില്ല. ഭാരതീയ സംഗീതപ്രയോഗത്തിന്റെ ജീവൻ ഗായകമനോധർമ്മമാകുന്നു. രാഗം, കൃതി, മനോധർമ്മസ്വരം, ഇങ്ങിനെയുള്ള ഭാരതീയ സംഗീതമേളങ്ങളുടെ ഇനങ്ങളിൽ കൃതിയിൽ മാത്രമെ ഹാർമണിക്കു് അല്പമെങ്കിലും ഒരു സൌകര്യം കിട്ടുന്നുള്ളു. കൃതികൾ പുസ്തകത്തിൽ കാണുന്നപടിതന്നെ പഠിപ്പിക്കേണമെന്നോ, പഠിച്ചപ്രകാരംതന്നെ പാടണമെന്നോ, ഒരു നിയമവും ഇവിടെയില്ല. രാഗത്തിനും താളത്തിനും രചനാരീതിക്കും വിരുദ്ധമല്ലാത്ത ഏതു മനോധർമ്മവും കൃതികളിൽ പ്രയോഗിക്കുന്നതിനു് ഭാരതീയഗായകനു് പരമ്പരാസിദ്ധമായ അവകാശമുണ്ടു്. ഈ അവകാശത്തിനു് ഹാനികരമല്ലാത്ത അളവിൽ മാത്രമെ ഹാർമണി ഭാരതീയ സംഗീതത്തിൽ സ്വീകാര്യമായിരിക്കയുള്ളു.

ഇക്കാര്യത്തിലും രാഗങ്ങളുടെ സംഖ്യ, സ്വഭാവം, ഉപയോഗരീതി എന്നുതുടങ്ങിയ പലകാര്യങ്ങളിലും അത്യന്തം ഭിന്നങ്ങളായ പാശ്ചാത്യ പൌരസ്ത്യസംഗീതപദ്ധതികൾ രണ്ടിന്റെയും അടിസ്ഥാനം ഒന്നാണു്, അല്ലെങ്കിൽ ഒരുപോലെ ഇരിക്കുന്നു. സാ-ശുദ്ധരി-ചതുശ്രുതിരി-സാധാരണഗാ- അന്തരഗാ- ശുദ്ധമാ-പ്രതിമാ-പാ-ശുദ്ധധാ-ചതുശ്രുതിധാ-കൈശികിനി-കാകളിനി-എന്നീ പന്ത്രണ്ടുസ്വരങ്ങൾ തന്നെ ഗണ്യമായ ധ്വനിഭേദംകൂടാതെ പാശ്ചാത്യസംഗീതത്തിലും പ്രകാശിക്കുന്നു. നാം- സ-രി-ഗ-മ-പ-ധ-നി എന്നുപറയുമ്പോൾ ഇംഗ്ലീഷുകാർ പറയുന്നതു് സി-ഡി-ഇ-എഫ്-ജി-ഏ-ബി-എന്നു് ആണെന്നേയുള്ളു. നമുക്കും അവർക്കും പന്ത്രണ്ടു ധ്വനിഭേദങ്ങൾക്കു് ഏഴു സ്വരനാമധേയങ്ങളേയുള്ളു. പാശ്ചാത്യരുടെ പ്രകൃതിസ്വരങ്ങൾ അവരുടെ സി മേജർ- എന്ന ജനകരാഗത്തിലെ സാ-ചതുശ്രുതിരി-അന്തരഗാ-ശുദ്ധമാ-പാ-ചതുശ്രുതിധാ-കാകളിനി-എന്നീ ധീരശങ്കരാഭരണസ്വരങ്ങൾ ആകുന്നു. ഈ സ്വരങ്ങൾതന്നെയാകുന്നു ഹിന്ദുസ്ഥാനിസംഗീതത്തിലേയും പ്രകൃതിസ്വരങ്ങൾ.

ഒരേ പാരമ്പര്യത്തേയും ഒരേ ശാസ്ത്രസിദ്ധാന്തങ്ങളേയും ആശ്രയിച്ചു് വളർന്നുവന്നിട്ടുള്ള ഹിന്ദുസ്ഥാനിയും കർണ്ണാടകവും സംഗീതപദ്ധതികൾ തമ്മിൽ കാര്യമായ അന്തരത്തിനു് അവകാശമില്ല. പേരുകളിലാണു് ഒട്ടുവളരെ വ്യത്യാസങ്ങൾ കിടക്കുന്നതു്. കർണ്ണാടകത്തിലെ ശുദ്ധരിഷഭം മുതലായ സംജ്ഞകൾ ഹിന്ദുസ്ഥാനിക്കാർക്കു് സുഗ്രഹമല്ല. കോമളമെന്നും തീവ്രമെന്നും ഉള്ള വിശേഷണങ്ങൾ ചേർത്താണു് അവർ രി-ഗാ-മാ-ധാ-നീ-എന്നീ സ്വരങ്ങളുടെ രൂപഭേദങ്ങളെപ്പററി വ്യവഹരിക്കുന്നതു്. കർണ്ണാടകസംഗീതത്തിലെ കൃതികൾക്കു് പല്ലവി, അനുപല്ലവി, ചരണം എന്നു മൂന്നുഭാഗങ്ങൾ ഉണ്ടു്. ഹിന്ദുസ്ഥാനിയിൽ അധികവും സ്ഥായി, അന്തര എന്നു് രണ്ടു് വിഭാഗങ്ങൾ ഉള്ള കൃതികളാണു് കാണപ്പെടുന്നതു്. കൃതികളിൽ മൂന്നാമത്തും നാലാമത്തും ഭാഗങ്ങൾ ഉണ്ടെങ്കിൽ അവയ്ക്കു യഥാക്രമം 'സഞ്ചാരി' എന്നും 'ആഭോഗ്' എന്നും ആണു് പേരുപറയുന്നതു്.

ഹിന്ദുസ്ഥാനിയിലും കർണ്ണാടകത്തിലും ഉള്ള പല രാഗങ്ങളുടേയും പേരുകൾ ഒന്നുതന്നെയാണു്. പക്ഷെ അവിടേയും ഇവിടേയും ഒരേപേരിൽ അറിയപ്പെടുന്നവ രണ്ടുഭിന്നരാഗങ്ങളായിരിക്കാനാണു് വളരെ എളുപ്പം. കർണ്ണാടകത്തിലെ തോടി, ഹിന്ദുസ്ഥാനിയിലെ ഭൈരവിയാണു്. ഹിന്ദുസ്ഥാനിക്കാരുടെ തോടിക്കു് കർണ്ണാടകത്തിലെ ശുഭപന്തുവരാളി എന്ന മേളരാഗത്തോടാണു് സാദൃശ്യം. കർണ്ണാടകത്തിലെ 'കല്യാണി' ഹിന്ദുസ്ഥാനിയിൽ കല്യാൺ (യമൻ കല്യാൺ) ആകയും ശുദ്ധമദ്ധ്യമം അന്യസ്വരമായി വരികയും ചെയ്യുന്നു. കർണ്ണാടകത്തിലെ മോഹനത്തിന്റെ ഹിന്ദുസ്ഥാനിപ്പേരു് ഭൂപാലി എന്നും ഹിന്ദോളത്തിന്റെ ഹിന്ദുസ്ഥാനിപ്പേരു് മാൽകൌസ് എന്നുമാണു്. ഭൂപാലിയും, ഭൂപാളവും ഒരേ പദമാണെന്നുവരാം. ഹിന്ദുസ്ഥാനിയിലെ ശ്രീരാഗം ഒരു പ്രതിമദ്ധ്യമരാഗമാകുന്നു.

ചില പുതിയ രാഗങ്ങളുടെ ലാഭത്തിനുമാത്രം ഹേതുവായ പേഴ്സ്യൻസംഗീതത്തിന്റെ സംസർഗ്ഗംനിമിത്തം ഹിന്ദുസ്ഥാനി സംഗീതത്തിനു് പുഷ്ടിയല്ലാതെ ഹാനി ഒന്നും സംഭവിച്ചിട്ടില്ലെന്നാണു് ആ സംഗീതശാഖയിലെ വിദ്വാന്മാരുടെ അഭിമാനം. പേഴ്സ്യൻരാഗങ്ങളെ കർണ്ണാടകസംഗീതത്തിലേക്കു് സ്വാഗ

തംചെയ്ത ദക്ഷിണഭാരതീയർ ആ രാഗങ്ങളുടെ സ്വീകരണത്തെപ്പററി ഹിന്ദുസ്ഥാനിക്കാരെ അപലപിക്കാൻ അവകാശമില്ല. പേഴ്സ്യൻ രാഗങ്ങളായ ഹുസേനിയും നാചരോജും, ഉശാനിയെന്നും നവരോസമെന്നും ഉള്ള പേരുകൾ അണിഞ്ഞു് കഥകളിപ്പാട്ടുകളിൽപോലും കടന്നുകൂടിയിട്ടുണ്ടു്. തുരുഷ്കതോടി എന്ന രാഗത്തിനു വിദേശീയതയെ വിളംബരം ചെയ്യുന്ന ഒരു നാമധേയമാണു് ലഭിച്ചിട്ടുള്ളതു്. ഈ രാഗത്തെ സ്വരമേളകലാനിധിയിൽ

"അഥാതുരുഷ്കതോടീച
നാഗധ്വനിതതഃപരം"

എന്നു് കന്നട ഗൌള മേളത്തിൽ ചേർത്തിരിക്കുന്നു. ശാസ്ത്രകാരന്മാർപോലും വിദേശീയ രാഗങ്ങളെക്കുറിച്ചു് വിപ്രതിപത്തി ഇല്ലായിരുന്നു എന്നാണു ഇതിൽനിന്നും തെളിയുന്നതു്.

ഔഡവം, ഷാഡവം, സമ്പൂർണ്ണം, വക്രം എന്ന വകഭേദങ്ങൾ എല്ലാം ഹിന്ദുസ്ഥാനിരാഗങ്ങൾക്കുമുണ്ടു്. സമ്പൂർണ്ണരാഗങ്ങളിലും അവർ ദുരങ്ങളും, വക്രങ്ങളും ആയ സ്വരസഞ്ചാരങ്ങൾ ധാരാളം പ്രയോഗിക്കാറുണ്ടു്. ഉദാഹരണത്തിനു് ഭൈരവ് (മായാമാളവഗൌളസ്വരങ്ങൾ) എന്ന സമ്പൂർണ്ണരാഗത്തിൽ—"രിഗരിഗ" എന്നു തുടങ്ങുന്ന ഒരു സ്വരജാതിയിൽ "നിധാഗ," "ഗമപഗ," "രിഗനിരി," "ധനിമധ" എന്നൊക്കെ പ്രയോഗിച്ചിരിക്കുന്നു. ശങ്കരാഭരണത്തിന്റെ സകലസ്വരങ്ങളും ഉള്ള വിലാവൽ എന്ന സമ്പൂർണ്ണരാഗത്തിൽ ഉള്ളതും "ഗപനിധനി" എന്നു് ആരംഭിക്കുന്നതും ആയ ഒരു സ്വരജാതിയിൽ "പമഗമരി" "പഗമരിസ," "ധപധമഗ," "ധപസധപ" എന്നീ പ്രയോഗങ്ങൾ കാണുന്നുണ്ടു്. ഭൈരവിയിൽ "കർണ്ണാടകത്തിലെ തോടി" 'ഗഗരിസനിസധ' എന്നു തുടങ്ങുന്ന ഒരു സ്വരജാതിയിൽ "നിധാഗമധമപ," "മധനിഗമധ," "പനിധപ," "ഗാസാ," "ധാനിമ" എന്നീവിധം പ്രയോഗിച്ചിരിക്കുന്നു.

രണ്ടു മധ്യമങ്ങൾ, രണ്ടു നിഷാദങ്ങൾ എന്നിങ്ങനെ ഇരട്ടിപ്പുസ്വരങ്ങൾ അല്ലെങ്കിൽ അന്യസ്വരങ്ങൾ വരുന്ന രാഗങ്ങൾ ഹിന്ദുസ്ഥാനി സംഗീതത്തിൽ ദുർല്ലഭമല്ല.

"ക്വചിദിഹസ്യാന്മധ്യമഃകോമള"

എന്നു് യമൻകല്യാണിയിലും

"പഞ്ചമോവർജ്ജ്യസ്സ്യാ ദഥമധ്യമോ നിഗദിത-ക്വാപിക്വചിത് കോമളഃ" എന്നു് സോഹനിയിലും അവരുടെ ശാസ്ത്രംതന്നെ ശുദ്ധമധ്യമം വിധിച്ചിട്ടുണ്ടു്. ശുദ്ധങ്ങളും വികൃതങ്ങളും ആയ പന്ത്രണ്ടു സ്വരങ്ങളും പ്രയോഗിക്കാവുന്ന ഒരു രാഗമാണു്. പീലു അതിന്റെ ലക്ഷണകല്പനതന്നെ "മതഃപീലൂരാഗഃ സകലമൃദുതീവ്രസ്വരയുതോ" എന്നാണു്.

താളത്തിന്റെ കാര്യത്തിലും ഈമാതിരി പല വ്യത്യാസങ്ങളുമുണ്ടു്. സൂലതാൾ, ചൌതാൾ, ത്രിതാൾ, ഝപ്താൾ, രൂപകതാൾ, ധമാർ, ദീപചന്ദീ, അദ്ധ, ചൌതാൾ, എന്നിങ്ങനെയാണു് ഹിന്ദുസ്ഥാനിയിലെ ചില താളങ്ങളുടെ പേരുകൾ. സൂലതാളത്തിനു് കർണ്ണാടകത്തിലെ ചതുരശ്രമട്യത്തോടും, ചൌതാളത്തിനു് ചതുരശ്ര അടതാളത്തോടും, അടാചൌതാളത്തിനു ചതുരശ്രധ്രുവത്തോടും സാദൃശ്യം ഉണ്ടെന്നു തോന്നുന്നു. ഹിന്ദുസ്ഥാനിയിലെ രൂപകതാളത്തിനു് ഏഴുമാത്രകൾ ഉണ്ടു്. അഞ്ചു മാത്രകൾ ഉള്ള ഝപ്താളം കർണ്ണാടകത്തിലെ ഝമ്പചായ്പിനു സമമാണു്. കർണ്ണാടക സംഗീതകൃതികളുടെ സൌഷ്ഠവവും ഗാംഭീര്യവും ഉള്ളകൃതികൾ ഹിന്ദുസ്ഥാനിയിൽ സുലഭമല്ലെന്നാണു അവരുടെ പുസ്തകങ്ങൾ പഠിക്കുന്ന ഒരു ദക്ഷിണഭാരതീയനു തോന്നാവുന്ന അഭിപ്രായം. ത്യാഗരാജസ്വാമിമുതലായവരെപ്പോലെയുള്ള വാഗ്ഗേയകാരന്മാർ ഉത്തരഭാരതത്തിൽ ഉണ്ടായില്ലല്ലോ എന്നു അയാൾ ചോദിക്കാനുമിടയുണ്ടു്.

ഹിന്ദുസ്ഥാനിസംഗീതത്തിൽനിന്നോ പാശ്ചാത്യരുടെ സാങ്കേതിക സമ്പ്രദായങ്ങളിൽനിന്നോ കർണ്ണാടകസംഗീതത്തിനു വല്ലഗുണവും സിദ്ധിക്കാനുണ്ടോ എന്ന അന്വേഷണം പ്രയോജനകരമാണു്. ആ കാര്യങ്ങളെപ്പററി യഥാശക്തി വേറൊരവസരത്തിൽ പ്രതിപാദിക്കാമെന്നു് വിചാരിക്കുന്നു.

## —പുതിയ പുസ്തകങ്ങൾ—

**കോമളനന്ദിനി.** (By കെ. എം. എൻ. ചെട്ടിയാർ) മലയാളഭാഷയിലെ ഏററവും ഉൽകൃഷ്ടമായ ഡിററക്ടീവു നോവൽ. വില രൂ. ൨

**അത്ഭുതമോഹിനി.** (By ഡാക്ടർ പി. എസ്സ്. നായർ.) അത്ഭുതകരമായ ഡിററക്ടീവു നോവൽ വില രൂ. ൨

**രാജ്യം.** (By എൻ. ജി. കെ തമ്പാൻ.) അതിശയകരമായ ഒരു ഡിററക്ടീവു നോവൽ വില രൂ. ൧ ണ. ൨

**രക്തബാഷ്പം.** (By ചാലയിൽ രാമകൃഷ്ണപ്പണിക്കർ ബി എ.) നവരസസുന്ദരമായ പുതിയ സാമുദായിക നോവൽ. വില രൂ. ൧

**മനോഹരി.** (By ചാലയിൽ രാമകൃഷ്ണപ്പണിക്കർ ബി. എ.) കരയാനും ചിരിക്കാനും, ചിന്തിക്കാനും പഠിക്കാനും വകയുള്ള നവീന സാമുദായിക നോവൽ. വില രൂ. ൧ ണ. ൮

**പ്രഭുകുമാരി.** (By പയ്യംപള്ളിൽ ഗോപാലപിള്ള.) സഹൃദയഹൃദയാഹ്ലാദകമായ പുതിയ സാമുദായികനോവൽ. വില രൂ. ൧ ണ. ൨

**ശാരദാ.** (By പയ്യംപള്ളിൽ കയ്യാരത്തു ചന്തുമേനോനവർകളുടെ ശാരദയുടെ മൂന്നാമത്തെ പുതിയ രണ്ടാംഭാഗം.. വില രൂ. ൧ ണ. ൨

**ലളിത.** (By പാറയിൽ ഷംസുദ്ദീൻ.) ശോകസങ്കുലമായ ഒരു പ്രണയനോവൽ വില രൂ. ൧ ണ. ൨

**കുലാംഗന.** (By കെ. എം. എൻ. ചെട്ടിയാർ.) നവരസങ്ങളും നിറഞ്ഞു ലക്ഷണയുക്തമായ ഒരു സാമുദായികനാടകം. വില രൂ. ൧ ണ൮.

**പ്രേമയാചകി.** (By കെ. എം. എൻ. ചെട്ടിയാർ.) ഒരുത്തമ സാഹിത്യനാടകം. വില രൂ. ൧

**മഹിള.** (By കെ എം. എൻ.) നാടകം വില രൂ. ൧.

**രാഗസുഷമ.** (By പി. വി. കെ ) നാടകം. വില ണ. ൧൨

**മദനസാമ്രാജ്യം.** (കെ. എം. എൻ.) വില രൂ. ൨

**മലയാളനിഘണ്ഡു** വലുതു് വില രൂ ൫

ഉടൻ അവശ്യപ്പെടുക:—

വിദ്യാരംഭം പ്രസ്സ് & ബുക്കഡിപ്പോ,
മുല്ലയ്ക്കൽ, ആലപ്പുഴ.

# ഗ്രന്ഥാവലോകനം.

## ജീവകാഹളം.

(ചെറുകഥകൾ)

By.
തെയ്യാട്ട്,
വട്ടോളി
വിളാവത്തു്.

M. T S. പ്രസ്സ്.
ആലുവാ.
വില ക 1 4 ണ.

തെക്കാട്ട്, വട്ടോളി, വിളാവത്തു് എന്നീ മൂന്നു പ്രദേശസ്ഥാനങ്ങളിൽ നിന്നും പുറപ്പെട്ട ഒൻപതു കൊച്ചുകവികളുടെ സമ്മേളനമാണു് ജീവകാഹളം. ശ്രീ: തെയ്യാട്ട ചന്ദ്രശേഖരൻ നായരവർകളെ ഒരു കവിയായിട്ടാണു് കൈരളിക്കു കൂടുതൽ പരിചയം. ജീവകാഹളദ്വാരാ അദ്ദേഹം ഇന്നു് ഒരു കഥാകൃത്തായും രൂപപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരും നവീന സാഹിത്യാന്തരീക്ഷത്തിൽ ഉത്തരോത്തരം ഉദിച്ചുയരുന്ന രണ്ടു വിശിഷ്ട നക്ഷത്രങ്ങളാണു്.

മൂന്നു പിതാക്കളുടെ ഉടമയെ പുകഴ്ത്തുന്ന ഒൻപതു സന്താനങ്ങൾ അണിഞ്ഞൊരുങ്ങി കൈകോർത്തുനിന്നു കാഹളം മുഴക്കുന്നു. അവർ "സ്നേഹസീമ" വഴി "മൂന്നുതലമുറ" കടന്നു "കണ്ണും മറുകണ്ണു"മായി "പാഴവട്ടം" കഴിച്ചുകൂട്ടുന്നു. അനന്തരം "മലയാളി മദാമ്മ"യുടെ "കഥാപ്രേമ"വും നരകന്റ് "ദ്വാദശിക്ഷേത്ര"ത്തിലെത്തി "നെട്ടവീട്ടി"ട്ടു് "നിക്ഷേപം" വച്ചു നമസ്കരിക്കുന്നു. ഭക്തവത്സലയായ ഭാഷാദേവി അതാ ആ അരുമക്കുഞ്ഞുങ്ങളെ മാറോടണയ്ക്കുന്നു!

പ്രപഞ്ചനാടകത്തിലെ പ്രധാന നായകനാണു് ജീവൻ, അഥവാ മനുഷ്യശരീരത്തിൽ ഒളിഞ്ഞിരിക്കുന്ന ആത്മാവു്. കാലത്തിന്റെ കൊടുംചൂടിൽ—പരിതഃസ്ഥിതിയുടെ ഞെക്കലിൽ പിടയുന്ന സാഹോദര്യത്തിന്റെ നേരെ വികാരതരളിതമായ ആത്മാവു് ആത്മാർത്ഥതയുടെ കാഹളമൂതുന്നു. ഹൃദയവിശാലതയിൽ നിന്നും ജന്മമെടുത്ത വിശുദ്ധ ജീവകാരുണ്യത്തിന്റെ ആഹ്വാനങ്ങളാണു്—മനുഷ്യനെ മനുഷ്യനാക്കുവാനുള്ള ആദർശങ്ങളാണു്—ഇതിലെ മിക്ക കഥകൾക്കും പ്രചോദനം നൽകിയിട്ടുള്ളതു്. പുരോഗമനത്തിലൊതുങ്ങിനില്ക്കുന്ന മുഖവുര തന്നെ ഈ വസ്തുത മുക്തകണ്ഠം പ്രസ്താവിക്കുന്നുമുണ്ടു്. ഏതായാലും ഗ്രന്ഥനാമം ഉള്ളടക്കത്തിന്റെ സ്വഭാവത്തെ തെളിച്ചുകാട്ടുവാൻ തികച്ചും പര്യാപ്തമാണെന്നുള്ളതിൽ സംശയമില്ല.

ഇതിലെ കഥകൾ പൊതുവെ ആദർശപരങ്ങളാണു്. "റിയലിസം" എന്ന പേരിൽ ശുദ്ധ നഗ്നതകളെ പ്രദർശിപ്പിക്കുവാനുള്ള വാസന ഒരു കഥയിലും സ്പർശിച്ചിട്ടില്ല. പരിണാമഗുപ്തിയിലും കഴിയുന്നതുശ്രദ്ധ പതിപ്പിച്ചിട്ടുണ്ടു്. വാക്യങ്ങളും സുന്ദരങ്ങളാണു്. രസാനുഗുണങ്ങളായ വർണ്ണനകളും ഇല്ലാതില്ല. പക്ഷേ ചില സ്ഥലങ്ങളിൽ കൃത്രിമതയുടെ ഛായ വന്നുപോയിട്ടുള്ളതു ക്ഷന്തവ്യമത്രേ. വായനക്കാരിൽ സാന്മാർഗ്ഗികബോധമുദിപ്പിക്കണമെന്നുള്ള ആവേശം ഗ്രന്ഥകർത്താക്കളിൽ കുടിയുറച്ചിരുന്നതുകൊണ്ടായിരിക്കാം അങ്ങനെ വന്നുപോയിട്ടുള്ളതു്. ഉച്ചനീചത്വങ്ങൾ തട്ടിമുടച്ചു് സാർവ്വത്രികമായ സമത്വവും സാഹോദര്യവും സ്ഥാപിക്കണമെന്നുള്ള സിദ്ധാന്തത്തിലാണു് ഓരോ കഥയും കാലൂന്നി നില്ക്കുന്നതെന്നു് സൂക്ഷ്മദൃഷ്ട്യാ കാണാൻ കഴിയും. ദീനാനുകമ്പ എല്ലാ കഥയിലും തുളുമ്പുന്നുണ്ടു്. കല കലയ്ക്കുവേണ്ടിയല്ല ജീവിതത്തിനുവേണ്ടിത്തന്നെയാണെന്നു് "കാഹളം" വായിക്കുന്ന ഏവർക്കും തോന്നാം.

ഒന്നാമത്തെ കഥയിൽ മൂന്നാളുകളുടെ സ്നേഹത്തിന്റെ സീമ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു,

"ശാരി"ക്ക് — ആ പിഞ്ചുപെൺകൊടിക്ക് പപ്പുശ്ശാരോടുള്ള സ്നേഹം, മാനേജർക്ക് ആ വയസ്സനോടുള്ള അനുകമ്പ, വൃദ്ധന് തന്റെ അദ്ധ്വാനവും ജീവിതവും അലിഞ്ഞുചേർന്ന മണ്ണിനോടുള്ള മമത ഈ മൂന്നുവിധസ്നേഹങ്ങളുടെ ആഴമാണ് ഇതിൽ അളന്നിട്ടുള്ളത്. പപ്പുശ്ശാരുടെ ചിരപ്രയത്നം വേരോച്ച കുടിലും പരിസരവും തന്മയത്വമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്. "കരുംപീലി നിറഞ്ഞുവിടർന്ന ലോചനങ്ങൾ" എന്ന കൂടുകുറുപ്പുകൊണ്ടുതന്നെ ബാലികയുടെ കൌമാരസൌകുമാര്യത്തിനു സമ്പൂർത്തിയതും നന്നായി. കഥയുടെ കാലത്തിന്റെ സൂചനയിൽ തെല്ലൊരു ശങ്കയ്ക്കു വകയുള്ളതായി തോന്നുന്നു. മാനേജർ കുടിലിൽ ചെന്ന ദിവസം, "മററന്നാള"ത്തെ ദീപാളിക്ക് അടുത്തദിവസം രാവിലെ ഉഴുന്നു വാങ്ങിക്കൊണ്ടു വരാമെന്നു പറഞ്ഞു "ശാരി" പോകുന്നു. ആ മററെന്നാളായ മൂന്നാംദിവസം അതായത് ദീപാളിനാൾ കാലത്താണ് മൃതനായിക്കിടക്കുന്ന വൃദ്ധന്റെ മുമ്പിൽ അവൾ ഉഴുന്നുമായി പ്രവേശിക്കുന്നത്. കണക്കനുസരിച്ച്, തലേദിവസം രാവിലെയാണ് വരേണ്ടത്. ഒടുവിൽ പെൺകുട്ടിയെക്കൂടി പ്രത്യക്ഷമാക്കേണ്ടത് അത്യാവശ്യമായിരിക്കെ ഉഴുന്നപേക്ഷിച്ചാൽ മതിയായിരുന്നു.

"ആത്മാ വൈ പുത്ര:" എന്ന ഉപനിഷത്പ്രമാണം സ്വീകാര്യമാണെങ്കിൽ മനുഷ്യാത്മാവിന്റെ പടിപടിയായുള്ള ഉയർച്ചയാണ് മൂന്നു "തലമുറ" എന്ന കഥയിൽ പ്രദർശിപ്പിച്ചിരിക്കുന്നതെന്നു നിസ്സംശയം പറയാം. മൊട്ടക്കുന്നു കനകക്കുന്നായി മാറുന്നു. പൊട്ടക്കുടിൽ കൊട്ടാരമായി കിളരുന്നു. ഗ്രാമോദ്ധാരണപദ്ധതിയുടെ പ്രായോഗികതയാണ് കഥയുടെ മർമ്മം. കഥയുടെ അവക്രമായ ഗതി അസംതൃപ്തിയെ നിഹനിക്കുന്നില്ലേ എന്നൊരു സംശയമുണ്ട്.

ത്യാഗപൂർണ്ണവും നിഷ്കളങ്കവുമായ സാഹോദര്യത്തിന്റെ നീരുറവയാണ് മൂന്നാമത്തെ കഥയിലെ മോഹനൻ. ഒരു മനോഹരകഥ രണ്ടു കണ്ണുകൾകൊണ്ടുമാത്രം വ്യക്തമാക്കിയിരിക്കുന്നു; അവസാനം വായനക്കാർ അത്ഭുതപരതന്ത്രരാകുകതന്നെ ചെയ്യും. മഹാരോഗം, നിരന്തരമായ പട്ടിണി മുതലായ തീവ്രയാതനകളാൽ പശ്ചാത്താപത്തിലെത്തിയ ബാലൻ ഹൃദയം തകർന്ന് മാപ്പപേക്ഷിക്കുകയാണല്ലോ. പല പാപങ്ങളെയും കഴുകിക്കളയുവാനുള്ള പശ്ചാത്താപശക്തിയെ ആർക്കും അപലപിക്കാവുന്നതല്ല. എന്നാൽ മധുവും മാധവിയും ജീവനോടെ ഇരിക്കുന്നതായി ബോദ്ധ്യപ്പെട്ടതിനുശേഷവും നിരാശനായ "ചന്ദു"ന്റെ പശ്ചാത്താപം നീണ്ടുനിന്നിരുന്നുവോ എന്നറിയാൻ വഴി കാണുന്നില്ല. വധകൃത്യത്തിന്റെ സത്യസ്ഥിതികൂടി പശ്ചാത്താപത്തിനു ഹേതുവാണ്. വാസവദത്തയുടെ നിർവ്വാണംപോലെ വായനക്കാരെ സന്ദേഹത്തിലേക്കു തള്ളിയിട്ടാണ് കഥ യവനികയിൽ മറയുന്നതു്.

വ്യാഴവട്ടം മികച്ച ഒരു കഥയാണ്. അതിൽ മാറാട്ടവും ചെപ്പടിവിദ്യയുംകൊണ്ട് അന്ത്യംവരെ വായനക്കാരെ നയിക്കുവാനുള്ള കഥികന്റെ കഴിവ് ഇതിൽ കാണ്മാനുണ്ട്. അച്ഛന്റെ നോവലിലെ കഥ സ്വജീവിതത്തിൽ പകർത്തി തിരുത്തിക്കാണിച്ച ഒരു ഉത്തമപുത്രി. ധനപരമായ ഉച്ചനീചത്വങ്ങൾക്ക് സുമതിയുടെ ഹൃദയത്തിൽ സ്ഥാനമില്ല. ദേശീയതത്തെ മുറുകെ പിടിക്കുന്ന ഒരു പരിഷ്കൃതയുവതിയാണവൾ. ഈ കൃതിയിലെ സന്ധ്യാവർണ്ണന അത്യന്തം ആസ്വാദ്യമാണെന്നു എടുത്തുപറയേണ്ടിയിരിക്കുന്നു. "സതീമണിയായ സന്ധ്യ പശ്ചിമസാഗരത്തിൽ സ്നാനംചെയ്ത് സിന്ദൂരംചാർത്തി രജനീദേവിയെ എതിരേല്ക്കുന്നതിനായി കതിരവനായ പൊൻതാലവുമേന്തി നില്ക്കൊള്ളുന്നു." അക്ലിഷ്ടമായ കല്പന, കച്ചവടക്കാരൻ, കൊലപാതകി, യാചകൻ, പ്രഭു, പാചകൻ, കലാകാരൻ ഈ ക്രമത്തിലാണ് ഇതിലെ നായകൻ മുന്നോട്ടു വന്നിട്ടുള്ളത്. ജീവിതം യാഥാർത്ഥ്യത്തിൽ ചെന്നുചേരുവാൻ, ഇടയ്ക്കു എത്ര എത്ര യാതനകളുമായി ഏററുമുട്ടേണ്ടിവരുന്നു എന്ന് വ്യാഴവട്ടം നമ്മെ പഠിപ്പിക്കുന്നു. വേണുഗോപാലും അയാളുടെ ആദ്യത്തെ പ്രേമഭാജനമായ അമ്മാളുക്കുട്ടിയും പരസ്പരം വേഷംപകർന്ന് ഉദ്യാനത്തിൽ വിഹരിക്കവേയാണ് വിരോധിയായ കാമുകൻ വന്ന് പുരുഷവേഷംധരിച്ച ആ സ്ത്രീയെ വെടിവച്ചതെന്നു പറയുന്നു. അപായശങ്ക നേരത്തെ ഉള്ള

ളുകൊണ്ടാണ് വേഷംമാറിയതെങ്കിൽ വേണുഗോപാൽ ആ സ്ത്രീയെ അറിഞ്ഞുകൊണ്ടു ചതിച്ചുവെന്നുവേണം നിശ്ചയിക്കാൻ. അല്ല, അവരം മരണം വരിക്കാൻ സ്വയം സന്നദ്ധയായതാണെങ്കിൽ നായകനിൽ നീചത്വവും ഭീരുത്വവും ആരോപിക്കേണ്ടിയിരിക്കുന്നു. എന്തായാലും അവിടെ വേഷംമാററത്തിന്റെ ഉദ്ദേശം വ്യക്തമാകുന്നില്ലെന്നേ. കുറുവടി എറിഞ്ഞ് എതിരാളിയുടെ കാലൊടിച്ചതും കുറെ സാഹസമാണ്.

സ്ത്രീകൾക്ക് അതിരുകവിഞ്ഞ സ്വാതന്ത്ര്യം അപകടത്തിനും അധർമ്മത്തിനും വഴിതെളിക്കുമെന്ന് മലയാളിമങ്കമ്മ നമ്മെ സരസസരസമായി ഉപദേശിക്കുന്നു. വളരാനുള്ള കാലം പരിമിതമാണെങ്കിലും പ്രണയത്തെ ഫലകോടിവരെ എത്തിക്കുവാൻ കഥാകൃത്ത് വളരെ യത്നിച്ചിട്ടുണ്ട്. തന്മയീഭാവത്തിലും പ്രദർശിപ്പിച്ചിട്ടുള്ള നിഷ്കൃഷ്ട പ്രശംസാർഹമാണ്. "കാർത്തിക"യും "ജഗ"യും തമ്മിലുള്ള ബന്ധം മനസ്സിലാകുന്നില്ല. "മായാവതി"യുടെ അച്ഛൻ മരിച്ചോ ഇല്ലയോ എന്നുള്ളതിനും തെളിവില്ല. പരിഷ്കാരിയും കമ്പനിമാനേജരുമായ അവർ ഒരൊററ കള്ളരൂപയുംകൊണ്ടു ബസ്സുകയറാൻ വന്നതു് സംഭവിക്കാവുന്നതുതന്നെ. എങ്കിലും യാത്രക്കാരിയായ ഒരു യുവതിയെക്കുറിച്ച് രണ്ടു യുവാക്കന്മാർ അതേ ബസ്സിൽവച്ച് പരസ്യസംഭാഷണത്തിനു മുതിരുമെന്നു തോന്നുന്നില്ല. കഥയിലെ അംശം സമാദരണീയമത്രെ

പരിഷ്കൃതാശയനായ ഒരു പൌരന്റെ ഏകപുത്രി കഥയെഴുത്തുവഴി, വിരൂപനായ ഒരു സാഹിത്യകാരന്റെ പ്രണയിനീപദത്തിൽ കുടുങ്ങുന്നു. ഇതാണ് "കഥാപ്രണയത്തി"ലെ ഇതിവൃത്തം. മാംസചക്ഷുസ്സുകൾക്ക് അതീതവും അനശ്വരവും ആയ ഒരു സൌന്ദര്യത്തിന്റെ സത്തയെയാണ് സാഹിത്യം സാക്ഷാത്കരിക്കുന്നതെന്നുള്ള തത്വം ഈ കഥയിൽ പ്രകാശിതമായിട്ടുണ്ട്. സാങ്കല്പികരൂപവുമായുള്ള പൊരുത്തക്കേടിനാൽ പെട്ടെന്നുണ്ടായ തീവ്രമായ മനോഭംഗത്തിൽ നിന്നും നായികയെ നിവർത്തിപ്പിച്ച് ആത്മീയസൌന്ദര്യത്തിന്റെ അങ്കത്തിലേക്കു ആനയിച്ചതു് ഉചിതമായി. പക്ഷേ വരന്റെ വീട്ടിൽപോയി ശരിയായ അന്വേഷണം നടത്താതെ ഒരു പിതാവ് ഇക്കാലത്തു് ഇത്തരം മറിമായങ്ങൾക്ക് വഴിപ്പെടുമോ എന്ന് ഗാഢമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

ഇനി "ദേവദാസിക്ഷേത്ര"ത്തിലേക്കു കടക്കാം. കഥാവസ്തുവിലും രചനയിലും, പരിപാകത്വവും അനുഗൃഹീതവുമായ ഒരു തൂലികയുടെ നവവിലാസം കാണുന്നുണ്ട്. കൃത്രിമത്വം ലവലേശം കടന്നുകൂടീട്ടില്ല. നമ്പൂരിമാരുടെ ഭാഷയുംമററും നിഷ്കർഷിച്ച് നിബന്ധിക്കപ്പെട്ടിരിക്കുന്നു. എന്തൊ ദിവ്യമായ ഒരു ചൈതന്യം ഈ കഥയ്ക്കുണ്ടെന്നു സമ്മതിച്ചേതീരൂ. ഒരു കുലീനയായ ബ്രാഹ്മണിയുടെ ആത്മികദീപ്തിയിൽ അരനിമിഷംകൊണ്ട് അധർമ്മസഹസ്രങ്ങൾ വെന്തുവെണ്ണീറാകുന്നു. ഇതാണ് ഈ കഥയിലെ മർമ്മം. മന്ത്രതന്ത്രാദികളുടെ പരിധിക്കുള്ളിലല്ല, ഉത്തമഭക്തരുടെ ഭാവനയിലാണ് സാക്ഷാൽ പരാശക്തി കുടികൊള്ളുന്നതെന്നുള്ള പരമാർത്ഥതത്വം ഈ പുണ്യക്ഷേത്രത്തിന്റെ ശ്രീകോവിലിനുള്ളിൽ ദർശിക്കാം. സർവ്വഥാ പ്രഥമസ്ഥാനാർഹമാണ് ഈ പാവനകഥ.

പുരുഷൻ സ്ത്രീയോടു കാണിക്കുന്ന കടുംകൈ എത്രമാത്രമാണെന്ന് നെടുവീർപ്പ് വായിക്കുന്നവർക്കു ബോധ്യപ്പെടും. കൊട്ടുംപട്ടിണിയിൽ എരിഞ്ഞടങ്ങിയ സ്ത്രീയുടെ അഭിമാനം പുരുഷന്റെ നിർദ്ദയമായ അധിക്ഷേപത്തിൽ ആളിക്കത്തി അവന്റെ ചാരിത്ര്യവാദത്തെ ക്ഷണം ചാമ്പലാക്കുന്നു. നാരിയുടെ ചാരിത്ര്യാപഹരണത്തിലുള്ള പുരുഷന്റെ വാസന ശ്വാനപ്രകൃതിയോടുപമിച്ച കവിഹൃദയത്തെ വാഴ്ത്തുകതന്നെ വേണം. ചോർന്നൊലിച്ച ചെറുവീടിന്റെ ചുമരുകളിലെ ചേർപാടുകളെ ചേട്ടയുടെ കെട്ടഴിഞ്ഞ ചെങ്കൂന്തളമായിക്കണ്ട നൂതനഭാവനയും പ്രശംസാർഹമാണ്. മൂടൽമഞ്ഞിൽ കാണപ്പെടുന്ന ചക്രവാളരേഖയോട് ഈ കഥയെ സാദൃശ്യപ്പെടുത്താമെന്നു ചുരുക്കത്തിൽ പറഞ്ഞുകൊള്ളുന്നു.

കർമ്മബന്ധത്തിന്റെ അദൃശ്യങ്ങളായ കണ്ണികൾ കൂട്ടിച്ചേർത്തതാണ് മനുഷ്യന്റെ ജീവിതം; അവന്റെ വിജയാപജയങ്ങൾ ദൈവസങ്കല്പ

# സുപ്രസിദ്ധ ചിത്രകാരനായ നിക്കോളസ് റോറിക്ക്.

വിശ്വവിഖ്യാതനായ ഒരു ചിത്രകാരൻ, സംസ്കാരത്തിന്റെ സന്ദേശവാഹകൻ, സാഹിത്യകാരൻ, വിദ്യാഭ്യാസവിചക്ഷണൻ എന്നീ നിലകളിൽ സുപ്രസിദ്ധനായ ഗുരുദേവ് നിക്കോളസ് റോറിക്ക അദ്ദേഹത്തിന്റെ നഗർആശ്രമത്തിൽവച്ചു ഡിസംബർ പതിമൂന്നാം തീയതി നിര്യാതനായിരിക്കുന്നു. മരിക്കുമ്പോൾ അദ്ദേഹത്തിന് എഴുപത്തിമൂന്നുവയസ്സുപ്രായമുണ്ട്.

സമകാലീനന്മാരിൽ ഏറ്റവും ഉന്നതസ്ഥാനം അർഹിക്കുന്ന ചിത്രകാരനായ ഇദ്ദേഹത്തിന്റെ ചിത്രങ്ങൾ ലോകത്തിലെ എല്ലാചിത്രകലാലയങ്ങളേയും അലങ്കരിക്കുന്നുണ്ട്. ഇന്ത്യയുടെമിത്രങ്ങളിൽ ഒരു പ്രധാനവ്യക്തിയായ പ്രൊഫസർറോറിക്ക ഒരു റഷ്യനാണെങ്കിലും 1923-നു ശേഷം ഹിമാലയത്തിലെ തന്റെ ആശ്രമം വിട്ടു അദ്ദേഹം എങ്ങും പോയിട്ടില്ല. ഹിമാലയത്തെപ്പറ്റി അനവധി ചിത്രങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. തിരുവനന്തപുരം മ്യൂസ്യത്തോടനുബന്ധിച്ചുള്ള പ്രദർശനശാലയിൽ ഇദ്ദേഹം നിർമ്മിച്ച മനോഹരചിത്രങ്ങൾ കാണാവുന്നതാണ്. അദ്ദേഹത്തിന്റെ ഭാര്യ മാഡം ഹെലിനറോറിക്ക്. ഇപ്പോഴും ജീവിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരിൽ ഡാക്ടർ ജോർജ്ജ്റോറിക്ക ഒരു പണ്ഡിതനും, സ്വെറ്റോസ്ലാവ്റോറിക്ക ഒരു ചിത്രകാരനുമാണ്.

---

ത്തിന്റെ ക്ഷണികങ്ങളായ ചലനങ്ങൾ മാത്രമാകുന്നു. ധനപ്പെരുപ്പത്തിനും ദീനാനുകമ്പയ്ക്കും തമ്മിൽ ചിലപ്പോൾ യോജിപ്പുവരാം. ഈ മൂന്നു മഹനീയാശയങ്ങളാണ് "നിക്ഷേപ"ത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നതു്. പ്രതിപാദനം ഹൃദ്യമായിട്ടുണ്ട്. നായികയുടെ സുരക്ഷിതമായ മുറിയിൽ രാത്രി അസമയത്തു കള്ളൻ എങ്ങനെ കയറിവന്നുവെന്നുകൂടി വ്യക്തമാക്കേണ്ടതായിരുന്നു. അധരങ്ങളിൽ അമർത്തപ്പെട്ടിരുന്ന കള്ളന്റെ ബലിഷ്ഠഹസ്തം ഒരു പിഞ്ചുയുവതി ബലംപ്രയോഗിച്ചു തട്ടിമാറ്റിയെന്നു പറയുന്നതും സംഭവ്യമാണോ? അങ്ങനെ പ്രവർത്തിച്ചു തഴക്കംവന്നവനാണല്ലോ തസ്കരൻ. ആ സന്ദർഭത്തിൽ ചങ്കുറപ്പുള്ള കള്ളൻ കയ്യയച്ചുകൊടുക്കുമെന്നും വിചാരിക്കാൻ ന്യായമില്ല.

രുചിഭേദത്താൽ ഏതാനുംചില അഭിപ്രായഭേദങ്ങൾക്ക് അവിടവിടെ പഴുതുണ്ടെങ്കിലും സർവ്വാംഗീണമായ സൗന്ദര്യം എല്ലാകൃതികളെയും അനുഗ്രഹിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം. "സാഹചര്യകൾ" "ഭാഗദാനങ്ങൾ" തുടങ്ങിയ ഏതാനും പദവൈകല്യങ്ങൾ ആശയവിശുദ്ധിയുടെ പൂനിലാവിൽ നിമജ്ജനം ചെയ്യാനേ ഉള്ളൂ. കലാധർമ്മം കൈവെടിയാതെ വിശ്വവ്യാപകമായ ദേശീയബോധത്തിലേക്ക് ജനസമുദായത്തെ നയിക്കുവാൻ മൂന്നു കഥാകാരന്മാരും കഴിയുന്നത്ര യത്നിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ഗ്രന്ഥത്തിനും തൽപ്രണേതാക്കൾക്കും വിജയം ആശംസിച്ചുകൊള്ളുന്നു.

(S. K.)

# കവിതാമഞ്ജരി

**രണ്ടാംഭാഗം.**

**വില രൂപാ ൧**

ഗ്രന്ഥകർത്താ,

പുലിയന്നൂർ എസ്. രാമയ്യർ അവർകൾ.

(മീനച്ചൽത്താലൂക്കിനെ സ്പർശിക്കുന്നതായിത്തന്നെ ഏഴു കവിതയുണ്ട്)

ഫാദർ എബ്രഹാം വടക്കേതിൽ അവർകളുടെ, പ്രൌഢവും വിമർശനപരവുമായ അവതാരിക പഠിക്കേണ്ടതുതന്നെ.

ധാരാവാഹിയായ വാക്പ്രസരം, വിശിഷ്ടമായ രചന, മോഹനമായ ഭാവന, നവനവോല്ലേഖങ്ങൾ, ഹൃദ്യമായ വൈദർഭീരീതി, ആകർഷകങ്ങളായ അലങ്കാരങ്ങൾ; നിരൂപകശിഖാമണിയായ അവതാരകൻ പറയുന്നതിൽ അല്പം ശ്രദ്ധിക്കുക തന്നെ. ഓരോ അവസരങ്ങളിൽ പരിതഃസ്ഥിതികളുടെ സമ്മർദ്ദത്താൽ കവിഹൃദയത്തിൽ ഓളം തള്ളിയ വികാരവിചാരങ്ങളുടെ മൂർത്തരൂപങ്ങളാണ് 'കവിതാമഞ്ജരി'യുടെ ഈ ദ്വിതീയഭാഗത്തിൽ പ്രത്യക്ഷമാകുന്ന 1[illegible] ഖണ്ഡകാവ്യങ്ങൾ. ഉജ്ജ്വലമായ ദേശാഭിമാനം, ആർഷസംസ്കാരത്തോടുള്ള അളവററ ഭക്തി, പ്രകൃതിവിലാസദർശനമാത്രയിലുളവാകുന്ന ആഹ്ലാദം, അമേയമായ ഭൂതാനുകമ്പ, അചഞ്ചലമായ ഈശ്വരഭക്തി മുതലായ കവിഹൃദയത്തെ ചലിപ്പിച്ചിട്ടുള്ള വികാരങ്ങളുടെ സന്ദർഭാനുസാരേണയുള്ള ചിത്രങ്ങളാണ് ഓരോ കവിതയിലും അണിയായി നിബന്ധിക്കപ്പെട്ടിരിക്കുന്നത്. കവിയുടെ ഔചിത്യബുദ്ധി അത്യന്തം പ്രശംസനീയമെന്നും, കവിയുടെ ഭാവനയും ആഴിയിലെ തരംഗപരമ്പരപോലെ ഉണ്ടായിരിക്കുന്നുവെന്നും പിന്നെയും പറയുന്നു.

ചന്ദ്രാപ്രസ്സിലെ സുന്ദരമായ അച്ചടി! കമനീയമായ കവർ!

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1 ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം (വ്യാഖ്യാനം) 1 രൂ.
2 കവിതാമഞ്ജരി 1-ാംഭാഗം [illegible] ണ.
3 രാജഭക്തി (കവിതാസമാഹാരം) 1 രൂ.
4 അഞ്ജലി (കൃഷ്ണാവതാരസംഗ്രഹം) 1 രൂ.
5 സുലോചന (ഗദ്യകാവ്യം) 1 രൂ. ണ.
6 ലേഖനമഞ്ജരി 1-ാംഭാഗം 2 രൂ.
7 ദിലീപൻ 8 ണ.
8 ശിവരാത്ര്യുത്സവം (തുള്ളൽ) 6 ണ.
9 പ്രബോധനമാലിക 1-ാംഭാഗം 8 ണ.
10 ഭക്തദീപിക (ഒരു നിരൂപണം) 4 ണ.

പുലിയന്നൂർ ബുക്ക്ഹൌസ്,
A. O. & P. O. പാലാ,
ബ്രാഞ്ച്—തൊടുപുഴ.

മാനേജർ,
ചന്ദ്രാപ്രസ്സ്,
ചാല, തിരുവനന്തപുരം.

ഗ്രന്ഥവിമർശനം: —

# അടിമ.

By-പാലാ

വില അണ 8.

യൂണിയൻ പ്രിൻറിംഗ്‌വക്‌സ്. വൈക്കം.

അടിമ, വികാരാവിഷ്കരണരൂപമായ 'സാണററ്‌സ്' എന്നു പറയപ്പെടുന്ന ഗീതകങ്ങളുടെ ഒരു പരമ്പരയാണിതു്. അടിമത്തത്തിൽ ജനിച്ച മനുഷ്യൻ ചിന്താശക്തിയാൽ പ്രബുദ്ധനായി വിപ്ലവത്തിലൂടെ സ്വാതന്ത്ര്യത്തിന്റെ പടിവാതിലിൽ എത്തുന്നു. അവന്റെ ആത്മാവു് അത്ഭുതപൂർവ്വമായ ആനന്ദത്തിൽ ലയിക്കുന്നു. ചിന്തകനായ മനുഷ്യനെ, അടിമയാക്കി അഴിയ്ക്കുന്നതും, ഉടമയാക്കി ഉയർത്തുന്നതും പ്രകൃതി തന്നെയാണു്. പ്രകൃതിയുടെയും അടിമയാണു് മനുഷ്യനെന്നു് ഒരുവിധത്തിൽ പറയാം. മനുഷ്യനെ മതപരമായും, രാഷ്ട്രീയമായും ചിന്തിപ്പിച്ചതും ഈ അടിമത്തമല്ലാതെ മററാന്നുമല്ല.

നാല്പതുകോടിയുടെ മാതാവു്, ഒന്നിലധികം ശതാബ്ദങ്ങളുടെ കോട്ടംപാരതന്ത്ര്യത്തിൽ എരിപൊരികൊണ്ട ആ ഭാരതാംബിക ഇന്നു സ്വാതന്ത്ര്യത്തിന്റെ സുന്ദരപ്രഭാതത്തിൽ എത്തിയ ഒരു അടിമമാത്രമാകുന്നു ഈ കാലത്തിൽ അലിഞ്ഞുചേർന്ന മാതാവിന്റെ രോദനങ്ങൾ പ്രകൃതിഗായകനായ കവിയുടെ ഹൃദയത്തെ ദ്രവീകരിച്ചു. വികാരങ്ങൾ മെട്ടിട്ട ആ വിശുദ്ധഭാവനയിൽ കവി സ്വന്തം ഒരു അടിമയായും രൂപം മാറുന്നു. പ്രകൃതിതന്മയീഭാവമാണല്ലോ കല.

അടിമയെ അടിമയാക്കി, സത്യത്തെ സത്യമായി വെളിച്ചത്തു കൊണ്ടുവരുന്നതിനാണു് കവി യത്നിച്ചിട്ടുള്ളതു്. അതുകൊണ്ടു് അടിമയുടെ പേരിൽ ആ കലാകാരനോടൊപ്പം നമ്മളും കൃതാർത്ഥരാവുകതന്നെ വേണം.

ശ്രീ, പാലാ നാരായണൻനായർ അവർകൾ ഇന്നു മലയാളസാഹിത്യത്തിൽ നമുക്കു് സുപരിചിതനാണു്. ശാന്തസുന്ദരമായ ഒരു തടാകത്തിൽ ക്രീഡിക്കുന്നതിനല്ല അദ്ദേഹത്തിന്റെ തൂലിക ഇഷ്ടപ്പെടുന്നതു്. വികാരവീചികൾ പതഞ്ഞലയുന്ന ആഴമേറിയ ഭാവനയിൽക്കൂടി തന്റെ കളിത്തോണിയെ നയിക്കുവാനാണു് അദ്ദേഹത്തിനു അധികം ഇഷ്ടം. ഈ അടിമ അതിനു മികച്ചും സാക്ഷ്യംവഹിക്കുന്നു

ആദാമിന്റെ കാലംമുതൽ ഇന്നുവരെയുള്ള മനുഷ്യന്റെ പുരോഗതിയുടെ നാലുഘട്ടങ്ങളെ നാലുഭാഗങ്ങളാക്കി ഇതിൽ ചിത്രീകരിച്ചിരിക്കുന്നു. ആദ്യഭാഗത്തിൽ, അധർമ്മത്തിന്റെ മേൽക്കോയ്മയാൽ വ്യാമോഹിതമായ മനുഷ്യന്റെ ആത്മാവു് ശൂന്യമൂകമായ ആദിമനുഷ്യന്റെ കാലത്തിലേക്കു കഴിഞ്ഞിറങ്ങി അവിടംമുതൽ വിശ്വത്തിനും തനിക്കും തമ്മിൽ ഏതൊ അദൃശ്യമായ ബന്ധമുണ്ടെന്നു കണ്ടെത്തിയ കാലംവരെ സഞ്ചരിക്കുന്നു. പ്രപഞ്ചപ്രകൃതിക്കുള്ളിൽ പ്രേമസ്വരൂപനായ ഈശ്വരനെ എങ്ങിനെയാണു് ഗോപനംചെയ്തിരിക്കുന്നതെന്നു നോക്കുക.

"കലയും പ്രകൃതിയും
കൈകോർത്തുനില്ക്കുംകാഴ്ച
കവനം പൊടിപ്പിച്ചു,
ജീവിതവിതാനത്തിൽ
ലോകവും സ്വർല്ലോകവും
രണ്ടെന്നു തോന്നാതുള്ള
പാകത്തിലതാ കൈകൾ
നെയ്യുകൊണ്ടിരിക്കുന്നു.

താരിലും താരത്തിലും
കാണായിതക്കയ്യിന്റെ
താളങ്ങൾ, നടനങ്ങൾ,
ചിൽക്കലാവിലാസങ്ങൾ!

തിരപോലിടയ്ക്കിട-
യ്ക്കുള്ളിലേയ്ക്കടിക്കുന്നു
തികയും സ്നേഹത്തിന്റെ
തീർത്ഥങ്ങൾ, പവിത്രങ്ങൾ!"

വക്രോക്തിയുടെ മാധുര്യം കലർത്തി ആശയങ്ങൾ നവീകരിച്ച് ആസ്വാദ്യങ്ങളാക്കിത്തീർക്കുവാൻ മി. പാലായ്ക്കുള്ള കഴിവിനെ മുക്തകണ്ഠം സ്തുതിക്കതന്നെവേണം. ലോകവും സ്വർല്ലോകവും എന്ന പ്രയോഗം ശ്രവണസുഖദമാണെങ്കിലും ലോകത്തെ ഭൂലോകമാക്കിക്കൊള്ളണമെന്ന ശബ്ദപക്ഷപാതിയായി ശഠിക്കുന്നതു പോലെ തോന്നുന്നുണ്ട്.

രണ്ടാമത്തെ ഭാഗത്തിൽ പതിനായിരം വർഷം പിന്നിട്ട മനുഷ്യൻ മുന്നോട്ടുപോകുന്നു. അവന്റെ ആത്മാവ് നക്ഷത്രമണ്ഡലംവരെ ഉയരുന്നു.

"എത്രയോ വിദൂരത്തു
വിശാലമത്തിന്റെ
വിത്തുപോൽ ചലിക്കുന്ന
കേവലം ഭൂമണ്ഡലം
തനിച്ചും തമ്മിൽച്ചേർന്നും
നൃത്തംചെയ്വൂ, മിന്നാ-
മിനുങ്ങുയുദിക്കുന്ന
ഗോളകസഹസ്രങ്ങൾ."

എന്നിങ്ങനെ പ്രപഞ്ചത്തിന്റെ നിസ്സാരതയിലും ജീവിതത്തിന്റെ ക്ഷണികതയിലും ചെന്നുചേരുന്നു. പിന്നീട്ട രാജ്യപരിഷ്കാരത്തിന്റെ അർത്ഥശൂന്യതയും കടന്ന്, ആത്മികപരിഷ്കാരമാണ്, ഹൃദയപ്രകാശമാണ് യഥാർത്ഥപരിഷ്കാരമെന്ന തീരുമാനത്തിലെത്തി പാരതന്ത്ര്യപങ്കിലമായ ഈ ലോകത്തിൽനിന്നും ആ ആത്മാവ് പിൻവാങ്ങുകയാണ്. ആത്മപ്രകാശമാണ് യഥാർത്ഥ പരിഷ്കാരമെന്നു കവി എത്ര ഹൃദയാവർജ്ജകമായിട്ടാണ് ഇവിടെ ഉപദേശിച്ചിരിക്കുന്നത്.

"ഹൃദയം വെളുപ്പിക്കാ-
നാവാത്തജ്ജീവിയ്ക്കെന്തി-
നുദയം, പരിഷ്കാര-
വൈദ്യുതപ്രഭോദയം?...

വെളിച്ചം, വെളിച്ചമ-
ല്ലാത്മാവിലുതദാസീക്കം-
വെളിച്ചം വെളിച്ചമാ-
നാനന്ദസാക്ഷാൽക്കാരം."

തികഞ്ഞ വാസനയുടെയും ആത്മാർത്ഥതയുടെയും തിളക്കം ഈ വരികളിൽ കാണാൻ കഴിയും.

"രോഗവും ദാരിദ്ര്യവും
കണ്ണുനീരൊഴുക്കുന്നു
ഭോഗവും വിനോദവും
കൈകൊട്ടിച്ചിരിക്കുന്നു."

പട്ടിണിയേയും പ്രഭുത്വത്തേയും ഇത്ര ലളിതമായും ഹൃദ്യമായും ചിത്രീകരിക്കാൻ സാമാന്യം ഒരു കവിക്കു സാധിക്കുകയില്ലെന്നു വേണം പറയാൻ. "പൈശാചികകർമ്മമെന്നും മററും ചിലേടത്തു ക്രൂരതയ്ക്ക് പ്രയോഗിച്ചിരിക്കുന്നതു പണ്ഡിതന്മാരെ നെററിചുളിപ്പിക്കാവുന്നതാണ്!

വിപ്ലവത്തിന്റെ കൊഴലൂത്തിൽ നിദ്രവിട്ടുണന്ന നൂതനജനസമുദായത്തെയാണ് മൂന്നാംഭാഗത്തിൽ നാം കാണുന്നതു്. ആദ്യത്തെ പ്രഭാതവർണ്ണനതന്നെ മഹാത്മജിയുടെ മഹത്വത്തേയും, സത്യാഗ്രഹത്തിന്റെ വിശുദ്ധിയേയും വിളംബരം ചെയ്യാൻ പര്യാപ്തമാണ്. സാമ്രാജ്യദുഷ്പ്രഭുത്വത്തിന്റെ കൈരാതനൃത്തം കവിയുടെ കഴിവിന്റെ നിത്യമുദ്രയായി പരിലസിക്കുന്നു. വധപ്രധാനമായ കഥകളിയോടു സാമ്രാജ്യതൃഷ്ണയെ ഉപമിച്ചിരിക്കുന്നതിന്റെ സ്വാരസ്യവും സഹൃദയസംവേദ്യമാണ്. പക്ഷേ സാമ്രാജ്യമേ! നിഷ്ഠുരമേ! എന്ന അഭയസംബോധന ആലങ്കാരിക സമ്മതമാകുമെന്നു തോന്നുന്നില്ല.

നവയുഗഭാരതം സ്വാതന്ത്ര്യമണവാളനെ മാലയിടുന്നതും സാഹോദര്യ മംഗളപ്രതിധ്വാനത്താൽ പ്രപഞ്ചം മുഖരിതമാകുന്നതുമാണ് നാലാംഭാഗം. അവസാനം കവി ചെയ്യുന്ന മംഗളഗാനം അത്യന്തം ശ്ലാഘ്യമാണ്.

"എത്രയോ ജീവാത്മാക്കൾ
വിണടിഞ്ഞുപോയ് മഞ്ജീ-
ലിത്രമേലുയർത്താനീ
സ്വാതന്ത്ര്യമണിസൗധം!

# മഹദ്വചനങ്ങൾ.

(സമ്പാദകൻ, ഡി. ശ്രീമാൻനമ്പൂതിരി, മൂവാററുപുഴ)

ധാർമ്മികത്വത്തെപ്പററി ചിന്തിക്കുക, നന്മ ചെയ്യുവാൻ ശ്രമിക്കുക. (കൺഫ്യൂഷസ്)

പശ്ചാത്താപം, കർത്തവ്യബോധം ഇവയോടു സംബന്ധിച്ച മനസ്സാക്ഷിയുടെ പ്രേരണാശക്തിയാണു് മനുഷ്യനെ മൃഗത്തിൽനിന്നു വേർതിരിക്കുന്ന പ്രധാന ഘടകം. (ഡാർവിൻ)

ധർമ്മത്തോടും വിനയത്തോടുംകൂടി ഉച്ചരിക്കപ്പെടുന്ന മൂന്നു വാക്കുകൾ ബുദ്ധിയുടെ നിദർശനമായ തീക്ഷ്ണതകൂടിയ മൂവായിരം പുസ്തകങ്ങളെക്കാൾ മഹനീയമായി ഗണിക്കപ്പെടുന്ന ഒരു കാലമുണ്ടാകാതിരിക്കുകയില്ല. (ഹൂക്കർ)

നിങ്ങളുടെ ഗവമെൻറു് നിങ്ങളുടെ ഹൃദയത്തിൽനിന്നു് ആരംഭിക്കട്ടെ; നിങ്ങളുടെ ആത്മപ്രചോദനത്തിലായിരിക്കണം അതിൻെറ അടിത്തറ. (ഫ്ളൂട്ടാർക്ക്)

അത്യുത്തമമായ ഭരണകൂടം എന്താണു്? നമ്മെത്തന്നെ ഭരിക്കാൻ അറിവുണ്ടാക്കിക്കൊടുക്കുന്നതാണതു്. (ഗേഥേ)

സത്യം ആരെ സ്വതന്ത്രനാക്കുന്നു, അവനാണു് യഥാർത്ഥത്തിൽ സ്വതന്ത്രനായിട്ടുള്ളവൻ. (കെപ്ലർ)

മതത്തോടുകൂടാത്ത മനുഷ്യൻ പരിതഃസ്ഥിതികളുടെ സൃഷ്ടിയാണു്. എന്നാൽ മതം എല്ലാ പരിതഃസ്ഥിതികൾക്കും ഉപരിയാകുന്നു. അതു് അവനെ എല്ലാത്തിൻെറയും ഉപരിഭാഗത്തിൽ നയിക്കുകയും ചെയ്യും. (ഹെയർ)

സകല മതങ്ങളും കെട്ടിയുറപ്പിക്കപ്പെട്ടിട്ടുള്ളതു് ഒരു ആത്മപരിശോധനയിലാണു്. തന്നെത്തന്നെ ചുഴിഞ്ഞുനോക്കിയും, തന്നിൽ അന്തർലീനമായ വികാരങ്ങളെ നിയന്ത്രിച്ചും ആവിധത്തിൽതന്നെ ആത്മജ്ഞാനംസമ്പാദിച്ചും ദൈവത്തെക്കുറിച്ചുള്ള ബോധം സമ്പാദിക്കുക. (ക്യാനൽ മോസ്ലി)

നമ്മുടെ സ്വന്തം ഹൃദയത്തിൽതന്നെ നമുക്കൊരു ദേവനുണ്ടു്—മനസ്സാക്ഷി— (മെനാൻഡർ)

ഒരു പ്രാവശ്യമെങ്കിലും ചിരിക്കാൻ ഇടവരാത്ത ദിവസമാണു് ഒരു മനുഷ്യൻെറ ജീവിതത്തിലെ ഏററവും നിഷ്പ്രയോജനമായ ദിവസം. (ചാംഫർട്ട്)

ഒരുത്തൻ മറെറാരുത്തനെപ്പററി പറയുന്നതെല്ലാം ശരിക്കു വിശ്വസിക്കുകയാണെങ്കിൽ ഈ ലോകത്തിൽ നാലു സ്നേഹിതന്മാർപോലും അവശേഷിക്കുകയില്ല. (പാസ്കൽ)

നമ്മളിൽ പലർക്കും ഉണ്ടാകുന്ന പശ്ചാത്താപം അങ്ങിനെയൊരു കുററം ചെയ്യാനിടയായല്ലോ എന്ന ചിന്തയിൽനിന്നുണ്ടാകുന്നതല്ല അധികവും; നാം ചെയ്ത തെററിനു് എന്തെങ്കിലും അപകടം വന്നുചേരുമെന്നുള്ള ഭയത്തിൻെറ സന്തതിയാകുമതു്.

മിക്ക ആളുകളും ഒരു കാര്യത്തിൽ നന്ദികാണിക്കുന്നതു് അയാളിൽനിന്നു് അതിൽകൂടുതൽ

---

രക്തവും വിയർപ്പും ഹാ
കണ്ണീരുമാണിന്നിനി
മുഗ്ദ്ധമാം കുറിക്കൂട്ടെ-
ന്നോർക്കണം സഖാക്കളെ!”

ചാരെന്നോ, കമ്മായമെന്നോ പറയാതെ കുറിക്കൂട്ടെന്നു പ്രയോഗിച്ചതു ഇവിടെ പററുന്നുണ്ടോ എന്നു സംശയമാണു്. ഭാഷാവിഷയമായി ചിന്തിക്കുമ്പോൾ അവിടവിടെ ചില വൈകല്യങ്ങൾ വന്നുപോയിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എങ്കിലും വികാരത്തിൻെറ ഉജ്ജ്വലതയ്ക്കു പ്രാധാന്യം കല്പിച്ചിട്ടുള്ള ഈ കൃതിയിൽ രസാസ്വാദനത്തിനു് അവ അത്ര ബാധകങ്ങളല്ലെന്നു സമാധാനിക്കാം. മേലിൽ അത്തരം കാര്യങ്ങളിൽകൂടി ഗ്രന്ഥകാരൻ ശ്രദ്ധപതിപ്പിക്കുമെന്നു വിശ്വസിക്കുന്നു. വിജയാശംസയുടെ കൂപ്പുകൈ.

എസ്സ്. കെ.

എന്തെങ്കിലും കാൎയ്യസാദ്ധ്യമുണ്ടാകുമെന്നുദ്ദേശിച്ചാണു്.

നമ്മളിൽപലൎക്കും ന്യായത്തോടുള്ള സ്നേഹം നമുക്കു വല്ല അന്യായത്തിന്റേയും വിഷമത അനുഭവിക്കേണ്ടിവരുമോ എന്ന ഭീതിയിൽനിന്നു് ഉടലെടുത്തതുമാത്രമാണു്.

സൌഹാൎദ്ദം എന്നു പറയുന്നതു് പരസ്പരാശ്രിതമായ ഒരു സംഗതിയത്രെ—അന്യോന്യമുള്ള ഒരു കൈമാററം. ഒന്നു ലഭിക്കാൻ വേണ്ടി മറെറാന്നു കൊടുക്കുക.

(ലാ റോച്ചു് ഫോക്കാൎഡു്)

ഉത്തമനായ ഒരാളുടെ പിൻഗാമിയാകാൻ അയാൾക്കുള്ളതിൽ ഇരട്ടി യോഗ്യതയുണ്ടായാലേ പററൂ.

എളുപ്പമുള്ളകാൎയ്യം വിഷമമേറിയ ഒരു കാൎയ്യംപോലെതന്നെ ഗണിക്കണം വിഷമംപിടിച്ച കാൎയ്യത്തെ കൃച്ഛ്റസാദ്ധ്യമായ ഒന്നായിട്ടും. (എം. എഫ്. ഗ്രാൻറു് ഡഫ്.)

അനിശ്ചിതത്വത്തിൽ പററിപ്പിടിക്കുകയോ അനൎഹമായ പദാൎത്ഥങ്ങളിൽ എടുത്തുചാടുകയോ ചെയ്യാത്തവനാണു് ഉത്തമൻ.

(ഷോപ്പനവർ)

സൌഖ്യം എന്നുപറയുന്നതു് ചില്ലറകാൎയ്യമല്ല. അതു നമ്മിൽ കണ്ടുമുട്ടുവാൻ എന്തുബുദ്ധിമുട്ടുണ്ടെന്നോ? എന്നാൽ മറെറാരുളികളിൽ അതുകാണാൻ യാതൊരു പ്രയാസവുമില്ലതാനും.

(ഷാംഫർട്ടു്)

രസകരമാംവിധം എഴുതുവാൻ കഴിവുള്ളവരു് ഹൃദയത്തെയും യുക്തിയേയും ഏററവും സൌഹാൎദ്ദപരമായ ബന്ധത്തോടുകൂടി കൊണ്ടുപോകാൻ കഴിയും. ഹൃദയം യുക്തിയെ ചൂടുപിടിപ്പിക്കണം. അതിനുപകരം യുക്തി അതിനെ ഉജ്ജ്വലിപ്പിക്കാൻ അതിന്റെകനൽ ഊതിക്കത്തിക്കണം. (റൂസ്സോ)

കാൎയ്യം നടത്താൻ കഴിവില്ലാത്തവരും, എന്നാൽ അതിനുവേണ്ടി എടുത്തുചാടുന്നവരുമാണു് ഏററവും ആപൽക്കാരികളായവർ.

(ഹെൎഡർ)

ഒരു ദുർബലശിരസ്സിനു് അനുഭവത്തിൽ കൂടുതൽ കാണാൻ സാധിക്കുന്നതു് മററുള്ളവരുടെ ദൌൎബല്യം കാണാനുള്ള അത്യധികമായ സന്നദ്ധതയാണു്. (റിച്ചെൻബെൎഗ്ഗ്)

നിങ്ങൾ മനുഷ്യലോകത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ അതിൽനിന്നു് വളരെയൊന്നും പ്രതീക്ഷിക്കാതിരിക്കേണ്ടതാണു്.

(ഷോപ്പനവർ)

നമുക്കു് ഏകാന്തതയിൽ സ്വസ്ഥമായിരിക്കാൻ കഴിയാത്തതുകൊണ്ടാണു മിക്ക കുസൃതികളും ഉണ്ടാകുന്നതു്. (ലാബ്രൂയർ)

അത്യുന്നതചിന്തകളുടെ ശാശ്വതീകരണമാണു്. സാഹിത്യം— (എമേഴ്സൻ)

ഒരു പുതിയപുസ്തകം കൈയിൽ കിട്ടിയാൽ ഞാൻ ആദ്യം അതിന്റെ മട്ടുംമാതിരിയും നോക്കും. ആ ഗ്രന്ഥത്തിൽ ഏതുവിഷയത്തെ പരാമൎശിച്ചാണോ വിവരിച്ചിട്ടുള്ളതു്, ആ കാൎയ്യത്തിൽ എനിക്കു എത്രമാത്രം അറിവുണ്ടെന്നു സംപൂൎണ്ണമായ ഒരു പരാമൎശത്തിനുശേഷം മാത്രമേ ഞാൻ ആ ഗ്രന്ഥം വായിക്കുന്ന കൃത്യത്തിൽ ഉൾപ്പെടാറുള്ളൂ. (ഗിബ്ബൺ)

വിദ്യാഭ്യാസം എന്നാൽ എന്താണു? ഒരുകെട്ടുപുസ്തകം വായിച്ചു തള്ളുന്നതാണോ അതു്? അല്ലതന്നെ. നിയന്ത്രണവും അച്ചടക്കവും നന്മയുടെയും ന്യായത്തിന്റെയും ഉത്തമമാതൃക കാണിച്ചുകൊടുക്കുകയാണു യഥാൎത്ഥ വിദ്യാഭ്യാസം ചെയ്യുന്നതു്. (ബെക്ക്)

പദ്ധതിയിൽ ശാസ്ത്രാനുസാരിയും ചൈതന്യത്തിൽ വിവേകപൂൎവ്വവും ഉദ്ദേശത്തിൽ പരോപകാരപരവുമായ ആധുനികസംസ്കാരത്തിന്റെ മഹത്തായ ആവശ്യം ആദൎശത്തെ നമ്മുടെ ഉള്ളിൽ വളരാൻ ഉപയുക്തമായ ഒരു പ്രേരകശക്തി കണ്ടുപിടിക്കുകയാണു്. (മോർലി)

(തുടരും.)

# ശ്രീ ശാരദാപഞ്ചകം.

(ലേഡീവിദ്വാൻ മുളക്കുളം പാർവ്വതിഅമ്മ.)

ശ്രീശാരദേ! ദേവതി! ഭുവനാധിനാഥേ! വിശോകവന്ദ്യപദിതേ! ബുധലോകസേവ്യേ!
ആശിപ്പവർക്കമര കല്പക വാടികേ! നിൻ വിശോഭോത്തരം ചരണതാരിൽ കുമ്പിടുന്നേൻ.

ജ്ഞാനസ്വരൂപിണി! സുഭാഷിണി! നിൻസ്വരൂപധ്യാനത്തിൽമുങ്ങി മുഴുകിട്ടിവ സങ്കടംപോകും
ദീനതയേറുമിവളിൽ കരുണാകടാക്ഷസൂനങ്ങൾ; ദേവി!യിനിയും ചൊരിയാത്തതെന്തേ?

ഈ വിശ്വമാം മരുവനത്തെ മനോജ്ഞമാകും സൗവർണ്ണവർണ്യ സുമവാടികയായി മാറും
ശ്രീവാണിദേവി! കവിതാമൃതവാഹിനി! നിൻ ഭാവാത്മകം കവനപാടവമേകണേ! മേൽ.

നാനാപ്രകാര ദുരിതത്തിൽ നിമഗ്നമാമീക്ഷോണിക്ക മഞ്ജുമധുശീതരസപ്രവാഹാത്
ആനന്ദനിർവൃതി നിരങ്കുശമാരചിക്കും ഗാനാത്മികേ! മനമലിഞ്ഞു കനിഞ്ഞിടേണേ.

വിദ്യാവിലാസിനി! കലാലയവാസിനി! നീ യത്യുത്തമം സരസസാഹിതി തന്നിൽ മുങ്ങി
നിസ്തുല്യശീതമധുതുകി മദീയചിത്തക്ഷേത്രത്തിൽ വന്നു നടമാടിടുവാൻ തൊഴുന്നേൻ.

---


## "ജയലക്ഷ്മി ആയുർവ്വേദഫാർമസി."

അലപ്പുഴ, തിരുവിതാംകൂർ.

### പല്ലുകൾ സൂക്ഷിക്കുവിൻ.

## ജയലക്ഷ്മി പല്പൊടി.

പല്ലിന്റെ ഊനിൽ പഴുപ്പ്, രക്തച്ചൊരിച്ചിൽ, ഇളക്കം, പുളിപ്പ് മുതലായ സകലവിധ ദന്തരോഗങ്ങളേയും വേരോടെ നശിപ്പിച്ച് വായ്ക്ക് സുഗന്ധവും, രുചിയും, പല്ലിന് ഉറപ്പും ധാവള്യവും കൊടുക്കുന്നു.

പാക്കറ്റ് ഒന്നുക്ക് രണ്ടണ. 100 പാക്കറ്റിന് 10 രൂപാ. 50 പാക്കറ്റിൽ കുറഞ്ഞ് വി. പി അയയ്ക്കുന്നതല്ല.

II. ഞങ്ങളുടെ ഗർഭരക്ഷാഗുളിക.

ഗർഭിണികൾക്ക ഉണ്ടാകാവുള്ള വായുക്ഷോഭം, ഛർദ്ദി, കൃമിയുപദ്രവം, നീര്, ദഹനക്കുറവ്, ശോധനക്കുറവ്, മൂത്രദൂഷ്യങ്ങൾ, ഗർഭഛിദ്രം, ഗർഭശോഷം മുതലായ സകലവിധ ഉപദ്രവങ്ങളേയും മാറ്റി സുഖപ്രസവത്തേയും, ആരോഗ്യത്തേയും പ്രദാനം ചെയ്യുന്ന ഒരു അനുഭവസിദ്ധൌഷധം.

60 ഗുളിക അടങ്ങിയ ഡപ്പി ഒന്നുക്ക് വില രൂപ ഒന്നരമാത്രം.

N. B. ഇവിടെ എല്ലാംവിധ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്ക് വില്ക്കുന്നതും, രോഗവിവരം എഴുതി അറിയിച്ചാൽ ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി അയച്ചുകൊടുക്കുന്നതുമാണ്.

വൈദ്യൻ, വി. കൃഷ്ണപിള്ള,

Reg: No. 567, Class A ( Tr. M. P. ACT )

# S. T. റെഡ്ഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

പ്രസ്സ് ബ്രാഞ്ചുകൾ:— ആലപ്പുഴ, S. P. പ്രെസ്സ്, കൊല്ലം.

ഡിപ്പോ ബ്രാഞ്ചുകൾ:— കൊല്ലം, ആ ല പ്പു ഴ.

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.

വലിയ ക്യാററ്ലാഗിനു എഴുതുക.

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, എന്നീ ഭാഷകളിലുള്ള

## എല്ലാത്തരം അച്ചടിജോലികളും

ആദായനിരക്കിൽ ആകർഷണീയമായ രീതിയിൽ

## കൃത്യസമയത്തു ചെയ്തുകൊടുക്കപ്പെടും.

എന്നു, മാനേജിംഗ് പ്രൊപ്രൈററർ.

## ബൃഹൽസ്തോത്രരത്നാകരം.

(സാരാത്ഥദപ്പണം വ്യാഖ്യാനസഹിതം.)

സംസ്കൃതഭാഷയിലുള്ള സകല നല്ല സ്തോത്രങ്ങളും തെരഞ്ഞെടുത്തു മലയാള വ്യാഖ്യാനസഹിതം അച്ചടിച്ചിട്ടുള്ളതു.

൧-ാംതരത്തിനു വില രൂപാ ൩.

൨-ാംതരത്തിനു വില രൂപാ ൨൳.

മാനേജർ, വി. വി. പ്രസ്സ്—കൊല്ലം.

**VIDYABHIVARDHINI**

License No. 455. Regd. No. T. 116.
Dated 28 - 11 - 1945 Regd. No. M. 4891.

| വരിസംഖ്യ. | പരസ്യക്കൂലി. | |
|---|---|---|
| ഒരു വർഷത്തേക്ക് 5 ബ്രി: രൂ. | സ്ഥിരപരസ്യക്കാർക്ക്. | ഒരു പ്രാവശ്യത്തേക്ക് |
| ഒററ പ്രതിക്ക് 8 ണ. | മുഴുപ്പേജിനു് 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ 6 ബ്രി: രൂ. | അരപ്പേജിനു് 30 ,, | 6 ,, |
| ,, ഒററ പ്രതിക്ക് 10 ണ. | കാൽപ്പേജിനു് 20 ,, | 4 ,, |

**ലേഖകന്മാരോട്:—**

ലേഖനങ്ങൾ കടലാസ്സിൻെറ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. . പ്രസിദ്ധീകരണത്തിനു സൌകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പു് അയച്ചിരിക്കേണ്ടതാണു്.

**വരിക്കാരോട്:—**

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏർപ്പാട് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

ആഫീസ്സിലേക്ക് അയയ്ക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം മാസിക ഇംഗ്ലീഷു മാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,
വിദ്യാഭിവർദ്ധിനി, കൊല്ലം.

Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon